# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2018 മേയ്
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



**അറിഞ്ഞതിനുമപ്പുറം**
(വൈജ്ഞാനികം)
**ടി ആര്യൻ കണ്ണനൂർ**
വില ₹65




**ധീരതയ്ക്കൊരു സമ്മാനം**
(നോവൽ)
**ഡോ. എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ**
വില ₹75





**ഡോ. രാധാകൃഷ്ണൻ തത്വചിന്തകനായ രാഷ്ട്രപതി**
(ജീവചരിത്രം)
**ഡോ. കുര്യാസ് കുമ്പളക്കുഴി**
വില ₹80



**ഇന്ത്യ പറഞ്ഞ ഗണിതം**
(വൈജ്ഞാനികം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹45




**കാടിന്റെ പാഠങ്ങൾ**
(നോവൽ)
**മടവൂർ ശശി**
വില ₹55




**പുരാതന ഇന്ത്യയും മധ്യകാല ഇന്ത്യയും**
*(ചരിത്രപുസ്തകം)*
***ഡോ. സുമി മേരി തോമസ്***
വില ₹185




**വല്ലം നിറ നിറ നിറയോ**
(നാടകം)
**ആലിന്തറ ജി കൃഷ്ണപിള്ള**
വില ₹90




**അഹിംസ**
(നാടകങ്ങൾ)
**ടി കെ ഡി മുഴപ്പിലങ്ങാട്**
വില ₹95




**മീഡിയ**
(ഗദ്യപുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹110

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

മേയ് 2018
വില ₹20
വാർഷികവരിസംഖ്യ ₹200

## ഉള്ളടക്കം

### കാക്കയും കൊക്കും
**സച്ചിദാനന്ദൻ**

6

സ്വന്തം രൂപത്തെ പുകഴ്ത്തി പറഞ്ഞ് കറുമ്പിക്കാക്കയെ ആക്ഷേപിക്കുകയാണ് കൊക്ക്. അതിന് കാക്ക നൽകുന്ന മറുപടിയോ ...മനോഹരമായ ഈ കവിത വായിക്കൂ...



### കാട്ടിലെ കരുത്തൻ



8

**മനോജ് പി**

ശക്തിയുടേയും ധൈര്യത്തിന്റേയും വന്യതയുടേയും വീര്യത്തിന്റേയുമൊക്കെ പ്രതീകമാണ് കടുവ. നമ്മുടെ ദേശീയ മൃഗത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ സഹായിക്കുകയാണ് ഈ ലേഖനം.

### വിന്നി മണ്ടേല: കറുത്ത വർഗക്കാരുടെ അമ്മ
**സഫിയ ഒ സി**

36

ദക്ഷിണാഫ്രിക്കയിലെ പ്രമുഖ രാഷ്ട്രീയപ്രവർത്തകയായിരുന്ന വിന്നി മണ്ടേല കഴിഞ്ഞ ഏപ്രിൽ രണ്ടിന് അന്തരിച്ചു. വിന്നി മണ്ടേലയുടെ സംഭവബഹുലമായ ജീവിതകഥ വായിക്കൂ.



**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**....................5
രാജീവ് എൻ ടി
**ഒരു കുളം സ്നേഹം**....................14
പ്രൊഫ. എസ് ശിവദാസ്
**സ്കൂൾഡെയ്സ്**....................17
രാജീവ് എൻ ടി
**ആരോഗ്യം**....................18
ഡോ. ബി പത്മകുമാർ
**ഭിക്ഷക്കാരൻ**....................20
പുനരാഖ്യാനം: ചിഞ്ചുപ്രകാശ്
**തെളിമാനം**....................23
ദിവാകരൻ വിഷ്ണുമംഗലം
**സുവർണക്ഷേത്രം**....................24
കെ യതീന്ദ്രനാഥൻ
**മുത്തശ്ശിപ്ലാവ്**....................27
സന്തോഷ് ജി പഴവീട്
**സന്തോഷം**....................28
പി പി കെ പൊതുവാൾ
**നിഴലിനോട്**....................31
മലയിൻകീഴ് ജ്ഞാനേശ്വരൻ
**മുക്കുറ്റിക്കുഞ്ഞ്**....................32
രാജഗോപാലൻ നാട്ടുകൽ
**ശൈലി വന്ന വഴി**....................40
എം ഗീതാഞ്ജലി
**മാറുന്ന കാഴ്ചകൾ**....................44
ഷൈല സി ജോർജ്ജ്
**'നാൻ കാക്ക' രക്ഷകനായി**....................46
സനിൽ പി തോമസ്
**കടപയാദി**....................48
പള്ളിയറ ശ്രീധരൻ
**നാണ്വാര്**....................49
ഹിത
**മഹാഭാരതം**....................50
സുഗതകുമാരി
**ഇളംതളിര്**....................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ....................54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട്, ലേഔട്ട് & കവർ
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഇത്തവണ പറയുന്നത് എന്റെ വാക്കുകളല്ല. വിദ്യാഭ്യാസമന്ത്രി ശ്രീ രവീന്ദ്രനാഥിന്റെ പ്രസംഗത്തിന്റെ ചില ഭാഗങ്ങളാണ്. ഡർബാർ ഹാളിൽ മുഖ്യമന്ത്രിയും ഉയർന്ന ഉദ്യോഗസ്ഥരും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരനും മറ്റും അടങ്ങുന്ന യോഗം.

മന്ത്രി പറഞ്ഞു. ''കേരളത്തിലെ ഒരു മികച്ച സ്കൂളിൽ ഞാനൊരു പരിപാടിക്കുപോയി. പ്രകൃതിസംരക്ഷണത്തെപ്പറ്റിയും മലയാളത്തെ യും പറ്റി കുട്ടികളോടു സംവദിക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു. നിങ്ങൾക്ക് എത്രപേർക്ക് തുമ്പപ്പൂവിനെ അറിയാം? മന്ദാരം? തെറ്റി? കദളിപ്പൂ? കുട്ടികൾ നിശ്ശബ്ദരായിരിക്കുന്നതു കണ്ട് ഞാൻ വീണ്ടും ചോദിച്ചു. നിങ്ങൾക്ക് ഈ പൂക്കളെയൊന്നും അറിയില്ലേ?''



വര: സുധീർ പി വൈ

കുട്ടികൾ പറഞ്ഞു: ''ഞങ്ങൾ കാണിച്ചുതരാം സാർ.''

എനിക്കു സന്തോഷമായി. അവർ ഇവിടെ ഒരു നാടൻപൂക്കളുടെ പൂന്തോട്ടം ഒരുക്കിയിട്ടുണ്ടാവണം. നന്നായി. യോഗം കഴിഞ്ഞ് ഞാൻ അവരോടു പറഞ്ഞു. ''നമുക്ക് പൂക്കൾ കാണാൻ പോകാം?''

ഒരു പത്തു മിനിട്ടുകൂടി വേണം. എന്നവർ പറഞ്ഞപ്പോൾ അതെന്തിന് എന്നു ഞാൻ സംശയിച്ചു. പിന്നീടാണ് കാര്യം മനസ്സിലായത്. ഉത്സാഹത്തോടെ അവർ സ്റ്റേജിലേക്ക് ഓടിക്കയറിവന്നു. ''ഇതാ സർ- തുമ്പ, മുക്കൂറ്റി, തെറ്റി, എല്ലാം ഇതാ.'' അവർ മൊബൈൽ ഫോൺ ഉയർത്തിക്കാട്ടി പറഞ്ഞു.


ഹൃദയവേദനയോടെയാണ് വിദ്യാഭ്യാസമന്ത്രി ഇതു പറഞ്ഞത്. നമ്മുടെ ഭാഷയും സംസ്കാരവും നമ്മുടേതെന്ന് അഭിമാനിക്കാവുന്ന കേരളത്തനിമയും എല്ലാം അതിവേഗം യന്ത്രവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

തുമ്പയും തെറ്റിയും കണ്ടിട്ടില്ലാത്ത മലയാളിക്കുട്ടി, എഴുത്തച്ഛനെയും കുമാരനാശാനെയും അറിഞ്ഞുകൂടാത്ത മലയാളിക്കുട്ടി. മലയാളഭാഷയെ പരിഹാസത്തോടെ കാണുന്ന മലയാളിക്കുട്ടി- ഇങ്ങനെയുള്ളവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ് എന്നോർക്കുക. ഇത് ആരോഗ്യകരമായ ഒരു നേട്ടമല്ല എന്നും അറിയുക.

ഈ ചുട്ടുപൊള്ളുന്ന വേനൽകഴിഞ്ഞ് മഴവരുമ്പോൾ നിങ്ങൾ നിങ്ങളുടെ മുറ്റത്തോ സ്കൂൾ വളപ്പിലോ ഈ പാവം ചെടികളെ നട്ടുവളർത്താൻ ശ്രമിക്കുമോ? തീർച്ചയായും നിങ്ങളുടെ അധ്യാപകർ നിങ്ങളെ സഹായിക്കും.

സ്നേഹത്തോടെ,
**സുഗതകുമാരി**





# കാക്കയും കൊക്കും

സച്ചിദാനന്ദൻ

കൊക്കു ചോദിച്ചു പോൽ
കാക്കയോടിങ്ങിനെ,


'എത്ര കറുപ്പീക്കറുപ്പിൽ?
നോക്കുകയെന്നെ, വെളുത്തു മെലിഞ്ഞെത്ര
പൊക്കത്തിലാണു ഞാൻ നിൽപ്പൂ!
കാണുകീ നീണ്ട പൊൻകാലുകൾ റഷ്യതൻ
'ബാലേ' നടികളെപ്പോലെ.
വെള്ളച്ചിറകുകൾ പൂക്കളാൽ മൂടിയ
മന്ദാരവൃന്ദങ്ങൾ പോലെ
കൊക്കുകൾ പാതി വിടർന്ന വെള്ളാമ്പലിൻ
വെള്ളിയിതളുകൾ പോലെ
പാടത്തു ധ്യാനിച്ചു ഞാൻ നിൽക്കെ മീനുകൾ
മാമുനിയെന്നെന്നെയെണ്ണും.
മേഘജാലങ്ങളിൽ മിന്നൽപ്പിണർ പോലെ
ഞാൻ പറക്കുന്നതു കണ്ടോ?
ആരുണ്ടു പക്ഷികൾക്കിങ്ങിനെ റാണിയായ്
പാരിൽ, പറയൂ കറുമ്പീ?'

കാക്ക പതുക്കെപ്പറഞ്ഞു, ' കറുപ്പാണ്
മാരി പെയ്യിച്ചിടും മേഘം,
നിദ്രയും സ്വപ്നവും  നൽകിടും രാത്രിയും
പങ്കജം പൂക്കുന്ന ചേറും.
അദ്ധ്വാനമെന്നെക്കറുപ്പിച്ചു, ഞാൻ ഭൂമി
വൃത്തിയാക്കീടുവോളല്ലോ.
നീയൊരലസവിലാസിനി, നിത്യവും
മേലനങ്ങാതെയുണ്ണുന്നോൾ.
ഞങ്ങളോ,ഒന്നിച്ചു നിൽക്കുവോർ മൃത്യുവിൻ
കൈ വന്നൊരാളെത്തൊടുമ്പോൾ.
പങ്കിട്ടു തിന്നുവോർ, കിട്ടുന്ന ഭക്ഷണ
മെന്താകിലും ഞങ്ങൾ തൃപ്തർ.
ഞങ്ങൾ പണി മുടക്കീടുകിൽ മുറ്റങ്ങൾ
ചണ്ടിയും ചേറുമായ് മാറും.
വെല്ലുവാനാവില്ല ഞങ്ങൾ ശ്രമികളെ
പൊള്ളയേ നിന്നഹങ്കാരം!
ഇന്നതലസത, വഞ്ചന, തൻ നിറ

6

മെന്നറിയുന്നു മീൻ പോലും.
വേണ്ടാ ഭരിക്കാൻ വരേണ്ടാ വെളുപ്പുമായ്;
തുല്യർ നാം സൃഷ്ടികളെല്ലാം.'

കൊക്ക് തൻ നീൾവെൺകഴുത്തിതാ ലജ്ജതൻ
നീറ്റലാൽ നീറ്റിലേയ്ക്കാഴ്ത്തീ
പാടവരമ്പിന്റെ പച്ചയിൽ തൻ പുതു
ബോധോദയത്തിൽ കുളിർന്നൂ.



വര: രാജീവ് എൻ ടി

# കാട്ടിലെ കരുത്തൻ

രചന, ഫോട്ടോ :മനോജ് പി





**കടുവ - ആ പേര് ശക്തിയുടെയും ധൈര്യത്തിന്റെയും വന്യതയുടെയും വീര്യത്തിന്റെയുമൊക്കെ പര്യായമാണ്. മൃഗശാലകളിലെ കൂടുകളിലടയ്ക്കപ്പെട്ട കടുവകളെ നിങ്ങളിൽ ചിലരെങ്കിലും കണ്ടിട്ടുണ്ടാവും. എന്നാൽ വന്യതയിലോ? അതിന് ഭാഗ്യം തന്നെ വേണം. സ്ഥിരമായി കാട്ടിൽക്കയറുന്നവർക്കു പോലും അപൂർവ ദർശനമാണ് കടുവ നൽകുന്നത്. നമ്മുടെ ദേശീയമൃഗമായ കടുവയെ അടുത്തറിയാം.**

വർഗീകരണശാസ്ത്രപ്രകാരം (Taxonomy) മാംസഭോജികളുടെ വിഭാഗമായ (order) കാർണിവോറ (Carnivora)യിലെ അംഗങ്ങളാണ് കടുവകൾ. നമ്മുടെ വളർത്തുപൂച്ചകൾ ഉൾപ്പെടുന്ന 'ഫെലിഡെ' (Felidae) കുടുംബക്കാരാണ് (Family)കടുവകൾ. അതിൽത്തന്നെ ഗർജ്ജിക്കാൻ കഴിവുള്ള വലിയ പൂച്ചകളുടെ ജനുസ്സായ 'പാന്തേര' (Panthera)യിലാണ് കടുവകൾ വരുന്നത്. 'പാന്തേര ടൈഗ്രിസ്' (Panthera Tigris) എന്നാണ് കടുവയുടെ ശാസ്ത്രനാമം. കടുവകൾ ഉരുത്തിരിഞ്ഞത് കിഴക്കേ ഏഷ്യയിലാണെന്നാണ് പരിണാമ ശാസ്ത്രജ്ഞരുടെ അനുമാനം.

ഇന്ത്യയിൽ മാത്രമല്ല കടുവകളുള്ളത്. കണ്ടെടുക്കപ്പെട്ടിട്ടുള്ള കടുവഫോസിലുകൾ സൂചിപ്പിക്കുന്നത് അവ ഒരു കാലത്ത് ഏഷ്യയിലെമ്പാടും വ്യാപിച്ചിരുന്നുവെന്നാണ്. ഈ ഫോസിലുകൾക്ക് 50,000 – 7,00,000 വരെ വർഷങ്ങൾ പഴക്കമുണ്ട്. ചൈന, സൈബീരിയ, ജാവ, സുമാത്ര എന്നിവിടങ്ങളിലും കടുവകളുണ്ട്.

ആധുനിക ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ഇന്ന് ലോകത്തുള്ള കടുവകൾ പ്രധാന

മായും രണ്ട് ഉപവിഭാഗത്തിൽപ്പെടുന്നവയാണ്. ഇന്ത്യ, മലയ, ഇന്തോചൈന, തെക്കൻ ചൈന, സൈബീരിയ എന്നിവിടങ്ങളിലെ കടുവകൾ 'പാന്തേര ടൈഗ്രിസ് ടൈഗ്രിസും (Pantera tigris tigris)ജാവ, ബാലി, സുമാത്ര എന്നിവിടങ്ങളിലെ കടുവകൾ പാന്തേര ടൈഗ്രിസ് സൊണ്ടായിക്ക' (Panthera tigris sondaica)യുമാണ്.

## നമ്മുടെ കടുവ ബംഗാൾ ടൈഗർ

റോയൽ ബംഗാൾ ടൈഗർ എന്നാണ് നമ്മുടെ കടുവ അറിയപ്പെടുന്നത്. കടുവയ്ക്ക് മലയാളത്തിൽ നരി, വരയൻപുലി എന്നൊക്കെ പേരുണ്ട്. തമിഴിൽ 'പുലി' എന്നുപറയുന്നത് കടുവയെ ആണ്. എന്നാൽ മലയാളത്തിൽ പുലി എന്നുപറഞ്ഞാൽ അത് പുള്ളിപ്പുലിയെ ആവും ഉദ്ദേശിക്കുന്നത്. തമിഴിൽ 'ശിരത്തൈ' എന്നാണ് പുള്ളിപ്പുലിക്കു പറയുക.

പ്രായപൂർത്തിയായ ആൺകടുവയ്ക്ക് 175 മുതൽ 260 കിലോഗ്രാം വരെയും പെണ്ണിന് 100 മുതൽ 175 കിലോഗ്രാം വരെയും ഭാരമുണ്ടാകും. ആൺകടുവയ്ക്ക് 270 മുൽ 310 സെ. മീ വരെ നീളവും 90 മുതൽ 110 സെ. മീ വരെ പൊക്കവും ഉണ്ടാകും. പെൺകടുവയ്ക്ക് വാൽ ഉൾപ്പെടെ 240 മുതൽ 265 സെ. മീ നീളവും ഉണ്ടാകും (വാലിന് മാത്രം 85 മുതൽ 110 സെ. മീ വരെ നീളം വരും). തോൾപൊക്കം ശരാശരി 90 മുതൽ 110 സെ. മീ വരെയാണ്.


ബംഗാൾ ടൈഗർ

കടുവയുടെ നിറത്തെ അധികം വിവരിക്കേണ്ട കാര്യമില്ല. എങ്കിലും മഞ്ഞമുതൽ ചെമ്പിച്ച തവിട്ടുനിറം കലർന്ന മഞ്ഞ വരെയുള്ള വർണവ്യത്യാസം സാധാരണമാണ്. മൃഗശാലകളിലെ വെള്ളക്കടുവകളെ നിങ്ങൾ കണ്ടിരിക്കും.


കടുവയുടെ കാൽപ്പാടുകൾ

അവയെല്ലാം തന്നെ സംഘടിത പ്രജനനം (Selective breeding) വഴി മനുഷ്യനുണ്ടാക്കിയവയാണ്. സ്വാഭാവിക സാഹചര്യത്തിൽ വെള്ളക്കടുവകളുണ്ടാകുന്നത് വളരെ അപൂർവമാണ്.

കടുവകളുടെ ശരീരത്തിലെ കറുത്ത വരകൾക്കുമുണ്ട് പ്രത്യേകതകൾ. അവ ഒരിക്കലും സമാന്തരമായിരിക്കുകയില്ല. മാത്രമല്ല അവ നമ്മുടെ വിരലടയാളങ്ങൾപോലെ ഓരോ കടുവയുടേതും വ്യത്യസ്തമായിരിക്കും.

പൂർണവളർച്ചയെത്തിയ ഒരു കടുവയ്ക്ക് 35 കിലോഗ്രാം വരെ മാംസം ആവശ്യമാണ്. വെള്ളം ഒഴിച്ചുകൂടാനാവാത്ത മൃഗമാണ് കടുവ. ആഹാരം കഴിഞ്ഞു വെള്ളം കുടിക്കുന്നതും ഉഷ്ണകാലത്ത് വെള്ളത്തിൽ ഇറങ്ങി കിടക്കുന്നതും കടുവകളുടെ ശീലമാണ്. നദികളും കാട്ടരുവികളും നീന്തിക്കടക്കുന്നതിനും കടുവകൾക്കു മടിയില്ല.

ഇരപിടിയന്മാരായ കടുവകളെ അതിന് തികച്ചും അനുയോജ്യമായ രീതിയിലാണ് പ്രകൃതി ഒരുക്കിയിരിക്കുന്നത്. ശരീരത്തിലെ ഉറച്ചതും ബലമുള്ളതുമായ പേശികൾ കുതിച്ചുചാടുന്നതിനും ഓടുന്നതിനും ശക്തമായ പ്രഹരമേൽപ്പിക്കുന്നതിനുമെല്ലാം പര്യാപ്തമാണ്. പ്രത്യേകിച്ചും മുൻകാലുകൾ. കുറിയതും ഉറച്ചതുമായ കഴുത്തും വിസ്താരമേറിയ മുഖവുമെല്ലാം ഇരപിടിക്കുന്നതിനും കൊല്ലുന്നതിനും തീർത്തും അനുയോജ്യമാണ്. പിൻകാലുകൾക്ക് മുൻകാലുകളെക്കാൾ നീളം കൂടും. നീളമുള്ള വാൽ കുതിച്ചുചാടുമ്പോഴും മറ്റും ബാലൻസ് ചെയ്യുന്നതിന് സഹായിക്കുന്നു.

തങ്ങളെക്കാൾ പതിൻമടങ്ങ് ഭാരമുള്ള ജീവികളെ കീഴ്പ്പെടുത്തുവാനും കൊന്നുതിന്നുവാനും കടുവകൾക്ക് കഴിയും. പരുപരുത്ത നാക്ക് എല്ലുകളിൽ നിന്നും മറ്റും മാംസം അനായാസം വാർന്നെടുക്കുന്നതിന് സഹായിക്കുന്നു. ചെറുതും വലുതുമായ 30 പല്ലുകൾ കടുവകൾക്കുണ്ട്. ഒരിക്കൽ ഭക്ഷിച്ച

**പാറയിടുക്കുകളിലും ഗുഹകളിലും ഇടതൂർന്ന കുറ്റിക്കാട്ടിലുമൊക്കെയാണ് പെൺകടുവ പ്രസവിക്കുന്നത്. കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തിന് ഇത് അത്യാവശ്യമാണ്.**
**കണ്ണുതുറക്കാതെ പ്രാഞ്ചിപ്രാഞ്ചിനടക്കുന്ന കുഞ്ഞുങ്ങളെ അമ്മക്കടുവ സംരക്ഷിക്കുന്നത് ഏറെ കരുതലോടും സ്നേഹത്തോടും കൂടിയാണ്. ഈ സമയത്ത് പെൺകടുവകൾ തങ്ങളുടെ കൺവെട്ടത്തെത്തുന്ന ഏതു ജീവിയെയും ആക്രമിച്ചെന്നുവരും. എങ്കിലും അപൂർവമായി ചില പെൺകടുവകൾ സ്വന്തം കുഞ്ഞുങ്ങളെ ഭക്ഷിച്ചിട്ടുള്ളതും രേഖപ്പെടുത്തിയിട്ടുണ്ട്.**

മാംസം അയവിറക്കാനും കടുവകൾക്കു കഴിയും. അമിതഭക്ഷണം ഒഴിവാക്കുവാനും കുഞ്ഞുങ്ങൾക്ക് എളുപ്പത്തിൽ ദഹിക്കുന്ന മാംസം നൽകുവാനും ഇതുകൊണ്ട് സാധിക്കുന്നു.

മറ്റ് മാർജ്ജാരവർഗക്കാരെപ്പോലെ കടുവകൾക്ക് നല്ല കാഴ്ചശക്തിയുണ്ട്. നേരിയവെളിച്ചത്തിൽ ഇരയെ കണ്ടെത്തുവാൻ ഇത് അത്യന്താപേക്ഷിതമാണ്. എന്നാൽ മനുഷ്യന്റേതുപോലെ നിറങ്ങൾ തിരിച്ചറിയുവാനുള്ള കഴിവ് തുലോം പരിമിതമാണ്. നല്ല കേൾവിശക്തിയാണ്. നേർത്ത ശബ്ദങ്ങൾപോലും കേൾക്കുവാനും അവയുടെ പ്രഭവസ്ഥാനം കൃത്യമായി മനസ്സിലാക്കുവാനും കടുവകൾക്ക് കഴിയും.

ഉണങ്ങിയ ഇലകളിലും ചുള്ളികളിലും ചവിട്ടി ശബ്ദമുണ്ടാകാത്ത രീതിയിൽ നടക്കുവാൻ കടുവകൾക്കു കഴിയും. ഇരതേടുന്നതിന് ഇത് അത്യാവശ്യമാണ്. മീശരോമങ്ങൾ സ്പർശനേന്ദ്രിയങ്ങളായി വർത്തിക്കുന്നു. തൊട്ടടുത്തുള്ള വസ്തുക്കളെ തിരിച്ചറിയുവാൻ ഇത് സഹായിക്കുന്നു.

സാധാരണഗതിയിൽ ഏകാകികളായിട്ടാണ് കടുവകൾ സഞ്ചരിക്കുന്നത്. മാത്രമല്ല ശരീരത്തിലെ



### പുലികളി

കേരളത്തിലും കർണാടകത്തിലുമൊക്കെ പുലികളിയുണ്ട്. ഇതിൽ പങ്കെടുക്കുന്നവർ കടുവയുടെ നിറങ്ങൾ ശരീരത്തിൽ വരയ്ക്കുകയും കടുവമുഖംമൂടി വയ്ക്കുമെന്നു മാത്രമല്ല അവയുടെ ചേഷ്ടാഭാവങ്ങളും അലർച്ചയും അനുകരിക്കുകകൂടി ചെയ്യുന്നു. കടുവ നമ്മുടെ സംസ്കാരത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്നുള്ളതിന് ചെറിയ ഒരു ഉദാഹരണം മാത്രമാണിത്.
ഇന്ത്യയിൽ കടുവകളെ ആരാധിക്കുന്ന പല ജനവിഭാഗങ്ങളുമുണ്ട്. അയ്യപ്പൻ ഉൾപ്പെടെ പല ഹിന്ദു ദൈവങ്ങളുടെ വാഹനവും ഇഷ്ടമൃഗവുമാണ് കടുവ. ടിപ്പുസുൽത്താൻ അറിയപ്പെട്ടിരുന്നത് മൈസൂർ കടുവ എന്നാണ്. തങ്ങളുടെ ശൗര്യം പ്രകടമാക്കുവാൻ ലോകത്തിലെ പല സേനാവിഭാഗങ്ങളും സ്പെഷ്യൽ ഫോഴ്സുകൾക്ക് കടുവയുടെ പേരോ ചിഹ്നമോ നൽകുന്നതും പതിവാണ്.



## കടുവയുടെ ഇരമൃഗങ്ങൾ

മ്ലാവ്, കാട്ടുപന്നി, കാട്ടുപോത്ത് തുടങ്ങിയ വലിയ മൃഗങ്ങളെയാണ് കടുവകൾ പ്രധാനമായും ആഹരിക്കുന്നത്. പുള്ളിമാൻ, കരടികൾ, പുള്ളിപ്പുലി എന്നിവയെയും കടുവകൾ കൊന്നുതിന്നാറുണ്ട്. അപൂർവമായി ആനകളെയും ആനക്കുട്ടികളെയും. ഏതാനും വർഷങ്ങൾക്കുമുമ്പ് സൈലന്റ് വാലി ദേശീയോദ്യാനത്തിൽ ഒരു കടുവ ഒരു മുതിർന്ന ആനയെക്കൊന്ന് ഭക്ഷിച്ചുതീർക്കുകയുണ്ടായി.

വിവിധ ഗ്രന്ഥികളിൽ നിന്ന് ഉതിർന്നുവരുന്ന ഗന്ധദ്രവങ്ങൾ (Scents) കൊണ്ട് തങ്ങളുടെ അധീനപ്രദേശം ((Territory) അടയാളപ്പെടുത്തിവയ്ക്കുന്ന സ്വഭാവവും കടുവകൾക്കുണ്ട്. പാദങ്ങൾക്കടിയിലും ത്വക്കിലും കവിളുകളിലുമെല്ലാം കടുവകൾക്ക് ഗന്ധസ്രവങ്ങൾ പുറപ്പെടുവിക്കുന്ന ഗ്രന്ഥികളുണ്ട്. ഇടയ്ക്കിടെ മരങ്ങൾക്കും മറ്റും പിൻതിരിഞ്ഞ് നിൽക്കുകയും മൂത്രവും ഗന്ധസ്രവങ്ങളും സ്പ്രേ ചെയ്ത് തങ്ങളുടെ അധീനപ്രദേശം അടയാളപ്പെടുത്തുന്നതും സാധാരണക്കാഴ്ചയാണ്. നമ്മുടെ വീട്ടുപൂച്ചകളും ഇങ്ങനെ ചെയ്യുന്നത് ചിലപ്പോൾ നിങ്ങൾ കണ്ടിരിക്കും. കൂടാതെ മരങ്ങളിലും മറ്റും കൂർത്ത നഖങ്ങൾകൊണ്ട് മാന്തിപ്പൊളിച്ചും വഴിയിൽ കാഷ്ഠം നിക്ഷേപിച്ചും കടുവകൾ തങ്ങളുടെ അധീനപ്രദേശങ്ങൾ അടയാളപ്പെടുത്താറുണ്ട്.

വിവിധതരം ശബ്ദങ്ങൾ കടുവകൾ പുറപ്പെടുവിക്കാറുണ്ട്. വലിയ കടുവകളുടെ ഗർജ്ജനം 5 കിലോമീറ്റർ അകലെ വരെ കേൾക്കാൻ കഴിയും. ഗർജ്ജിക്കുന്നതു കൂടാതെ അമറലും മൂളലും മറ്റു ചെറിയ ശബ്ദങ്ങളും കടുവകൾ പുറപ്പെടുവിക്കാറുണ്ട്. കടുവകൾ മ്ലാവിന്റെ ശബ്ദം അനുകരിച്ച് അതു കേട്ടെത്തുന്ന മ്ലാവിനെ കൊന്നു തിന്നിട്ടുള്ളതായും പഴയ ശിക്കാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇണചേരുന്നകാലത്ത് ആൺ-പെൺ കടുവകൾ ഒന്നിച്ചു നടക്കുമെങ്കിലും പിന്നീട് അവ പിരിഞ്ഞു പോകുകയാണ് പതിവ്. മുതിർന്ന ആൺകടുവകൾക്ക് കുട്ടികളെ തിന്നുന്ന ശീലമുള്ളതിനാലാണിത്. 103 മുതൽ 110 ദിവസംവരെയാണ് കടുവകളുടെ ഗർഭകാലം. ഒറ്റപ്രസവത്തിൽ ഒന്നുമുതൽ ചിലപ്പോൾ ഏഴുവരെ കുട്ടികളുണ്ടാവാം. പാറയിടുക്കുകളിലും ഗുഹകളിലും ഇടതൂർന്ന കുറ്റിക്കാട്ടിലുമൊക്കെയാണ് പെൺകടുവ പ്രസവിക്കുന്നത്. കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തിന് ഇത് അത്യാവശ്യമാണ്.

കണ്ണുതുറക്കാതെ പ്രാഞ്ചിപ്രാഞ്ചിനടക്കുന്ന കുഞ്ഞുങ്ങളെ അമ്മക്കടുവ സംരക്ഷിക്കുന്നത് ഏറെ കരുതലോടും സ്നേഹത്തോടും കൂടിയാണ്. ഈ സമയത്ത് പെൺകടുവകൾ തങ്ങളുടെ കൺവെട്ടത്തെത്തുന്ന ഏതു ജീവിയെയും ആക്രമിച്ചെന്നുവരും. എങ്കിലും അപൂർവമായി ചില പെൺകടുവകൾ സ്വന്തം കുഞ്ഞുങ്ങളെ ഭക്ഷിച്ചിട്ടുള്ളതും രേഖപ്പെടുത്തിയിട്ടുണ്ട്.

കുട്ടികൾ ആദ്യം അമ്മ കൊന്നിട്ട ഇരമൃഗങ്ങളെ ഭക്ഷിക്കുവാൻ പഠിക്കുന്നു. പിന്നെ വളരുന്നതനുസരിച്ച് അമ്മയോടൊപ്പം വേട്ടനടത്താനും പഠിക്കുന്നു. 12 മുതൽ 18 മാസത്തിനിടയ്ക്ക് കുട്ടികൾക്ക് പാൽപ്പല്ലുകൾ കൊഴിഞ്ഞുപോകുകയും അവയുടെ സ്ഥാനത്ത് പുതിയവ വന്നു തുടങ്ങുകയും ചെയ്യും. 18 മാസം ആവുന്ന

തോടുകൂടി അവ സ്വന്തമായി ഇരപിടിക്കുവാൻ പ്രാപ്തിയെത്തുന്നു. രണ്ടുവയസ്സാകുന്നതോടുകൂടി കുട്ടികൾ അമ്മയെ വിട്ടുപിരിയുകയും സ്വന്തം ആധിപത്യമേഖല സ്ഥാപിക്കുവാൻ തുടങ്ങുകയും ചെയ്യും.

ഈ കാലഘട്ടം കടുവകളുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ്. തങ്ങളുടെ ആധിപത്യമേഖല (Territory) സ്ഥാപിക്കുവാനോ നിലനിർത്തുവാനോ മറ്റു കടുവകളുമായി മത്സരം വേണ്ടി വന്നേക്കാം. മാത്രമല്ല അവ കൊല്ലപ്പെട്ടെന്നും വരാം.

ഒരു വനപ്രദേശത്തെ കടുവകളുടെ എണ്ണം അവിടത്തെ ഇരമൃഗങ്ങളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു. ഇരമൃഗങ്ങളുടെ എണ്ണത്തിനനുസരിച്ച് ഒരു മുതിർന്ന കടുവയ്ക്ക് 10 മുതൽ 100 സ്ക്വയർ കിലോമീറ്റർ വരെ വനമേഖല ആവശ്യമായി വരുന്നു.

വളരെ വ്യത്യസ്തങ്ങളായ ആവാസവ്യവസ്ഥകളിൽ ജീവിക്കാൻ കഴിയുന്ന മൃഗങ്ങളാണ് കടുവകൾ. അതിശൈത്യം നിറഞ്ഞ സൈബീരിയയിലും ഹിമാലയൻ താഴ്വരകളിലെ വനങ്ങളിലും മരുക്കാടുകളിലും സുന്ദർബനിലെ ചെളിനിറഞ്ഞ കണ്ടൽക്കാടുകളിലുമെല്ലാം കടുവകളുണ്ട്.

ഇന്ത്യയിലെ 49 സംരക്ഷിതപ്രദേശങ്ങളായി 2500-ഓളം കടുവകൾ നമുക്കുണ്ട്. (2014 ലെ കണക്ക്) നമ്മുടെ കേരളത്തിൽ 136 നും 140 നും ഇടയ്ക്ക് കടുവകളുണ്ടെന്നാണ് കണക്ക്. പെരിയാറും പറമ്പിക്കുളവുമാണ് നമ്മുടെ കടുവാസങ്കേതങ്ങൾ. പിന്നെ വയനാട് വന്യജീവി സങ്കേതമാണ് കേരളത്തിൽ കടുവകൾ കൂടുതലുള്ള ഒരു വനമേഖല. നമ്മുടെ മിക്ക വന്യജീവി സങ്കേതങ്ങളിലും കടുവകളുടെ സാന്നിധ്യമുണ്ട്.

**കാട്ടിൽ കടുവകൾ സ്ഥിരമായി നടക്കുന്ന പാതകളിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കും. കടുവകളോ മറ്റ് വന്യമൃഗങ്ങളോ ഇത്തരം ക്യാമറകൾക്കടുത്തുകൂടി പോകുമ്പോൾ തനിയെ പ്രവർത്തിക്കുകയും ചിത്രമെടുക്കുകയും ചെയ്യുന്ന സംവിധാനമാണ് ക്യാമറട്രാപ്പ്.**

## പ്രോജക്ട് ടൈഗർ

കടുത്ത വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളാണ് കടുവകൾ. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏതാണ്ട് 40,000 ഓളം കടുവകൾ നമ്മുടെ രാജ്യത്തുണ്ടായിരുന്നുവെന്നാണ് കണക്ക്. 1972 ലാണ് ഇന്ത്യയിൽ ആദ്യത്തെ കടുവസെൻസസ് നടത്തുന്നത്. 1827 കടുവകളെ നമ്മുടെ രാജ്യത്തുള്ളൂ എന്നായിരുന്നു കണ്ടെത്തൽ. തുടർന്ന് കടുവസംരക്ഷണത്തിനുവേണ്ടി പ്രത്യേക പദ്ധതിതന്നെ 1973 ൽ ആരംഭിച്ചു. അതാണ് 'പ്രോജക്ട് ടൈഗർ'. ഈ പദ്ധതിപ്രകാരം അസം, ബീഹാർ, ഒറീസ്സ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, കർണാടക, രാജസ്ഥാൻ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലായി ഒമ്പതു കടുവസംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചു.

## കടുവകളുടെ എണ്ണമെടുക്കുന്നതെങ്ങനെ?

ആദ്യകാലങ്ങളിൽ കടുവകളുടെ കാൽപ്പാടുകൾ പ്ലാസ്റ്റർ ഓഫ് പാരീസിൽ പതിപ്പിച്ച് താരതമ്യപ്പെടുത്തി പഠിക്കുന്നതായിരുന്നു രീതി. കാൽപ്പാടുകളുടെ ആകൃതിയിൽ നിന്നും വലി



ക്യാമറ ട്രാപ്പ്



## കടുവടൂറിസം

വന്യജീവി വിനോദസഞ്ചാരത്തിൽ കടുവയുടെ പങ്ക് വളരെ വലുതാണ്. നമ്മുടെ എല്ലാ കടുവസംരക്ഷണകേന്ദ്രങ്ങളും തിരക്കേറിയ വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. ഇത് രാജ്യത്തിന് കോടിക്കണക്കിനു രൂപയുടെ വരുമാനമാണ് നേടിത്തരുന്നത്. വയനാട് വന്യജീവി സങ്കേതവും കർണാടകയിലെ നാഗർ ഹോളേ ദേശീയ ഉദ്യാനവുമാണ് മലയാളികൾക്ക് കടുവകളെ വന്യമായി കാണുവാൻ ഏറ്റവും അനുയോജ്യമായ സ്ഥലങ്ങൾ. കർണാടകയിലെത്തന്നെ ബന്ദിപ്പൂർ ടൈഗർ റിസർവും കേരളത്തോട് അടുത്തായി കിടക്കുന്ന കടുവാസങ്കേതമാണ്.

പ്പത്തിൽനിന്നും കടുവ ആണോ- പെണ്ണോ, പ്രായം, വലിപ്പം എന്നിവയൊക്കെ ഏകദേശം ഗ്രഹിക്കാൻ കഴിയും. എന്നാൽ ഇതിന് പല പോരായ്മകളുമുണ്ട്. അതിനാൽ 'ക്യാമറ ട്രാപ്പ്' ആണ് ഇന്ന് കൂടുതൽ ഉപയോഗിക്കുന്നത്. ഓരോ കടുവയുടെയും ശരീരത്തിലെ വരകൾ, വിരലടയാളങ്ങൾ പോലെ വ്യത്യസ്തമായിരിക്കുമെന്ന് മുൻപ് പറഞ്ഞുവല്ലോ. ഇതുമൂലം ചിത്രങ്ങളിൽ ലഭിക്കുന്ന കടുവകളെ ഓരോന്നിനെയും വ്യക്തമായി തിരിച്ചറിയുവാൻ കഴിയും.

കാട്ടിൽ കടുവകൾ സ്ഥിരമായി നടക്കുന്ന പാതകളിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കും. കടുവകളോ മറ്റ് വന്യമൃഗങ്ങളോ ഇത്തരം ക്യാമറകൾക്കടുത്തുകൂടി പോകുമ്പോൾ തനിയെ പ്രവർത്തിക്കുകയും ചിത്രമെടുക്കുകയും ചെയ്യുന്ന സംവിധാനമാണ് ക്യാമറട്രാപ്പ്.

കടുവകളുടെ പ്രജനനം, ആധിപത്യമേഖല, സ്വഭാവം എന്നിവ പഠിക്കുവാൻ 'റേഡിയോ ടെലിമിട്രി' സംവിധാനവും ഉപയോഗിച്ചു വരുന്നുണ്ട്. കാട്ടിലെ കടുവകളെ മയക്കുവെടിവച്ച് പിടികൂടിയശേഷം അവയുടെ കഴുത്തിൽ റേഡിയോ ട്രാൻസ്മിറ്റർ ഘടിപ്പിച്ച ബെൽറ്റ് അണിയിക്കുന്നു. 'റേഡിയോ കോളർ' എന്നാണിതിനു പറയുന്നത്. പിന്നീട് ഈ റേഡിയോ ട്രാൻസിസ്റ്ററുകളിൽ നിന്നും ലഭിക്കുന്ന സിഗ്നലുകൾ റിസീവറുകൾ ഉപയോഗിച്ച് ട്രാക്ക് ചെയ്യുവാനും കടുവകളുടെ സ്ഥാനം, യാത്രാഗതി എന്നിവയൊക്കെ മനസ്സിലാക്കുവാനും സാധിക്കുന്നു.

ഇത്രയൊക്കെ തുക ചെലവാക്കി കടുവകളെ സംരക്ഷിക്കണോ? ഓരോ വർഷവും കടുവാസംരക്ഷണത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വലിപ്പം നോക്കി പലരും ചോദിക്കുന്ന ചോദ്യമാണിത്. ഒറ്റനോട്ടത്തിൽ ശരിയെന്നുതോന്നാം. കാട്ടിൽ കടുവയില്ലെങ്കിൽ എന്തു സംഭവിക്കും എന്നു ചിന്തിക്കുന്നവരുമുണ്ട്.

വളരെ സങ്കീർണമായ ആവാസവ്യവസ്ഥയിൽ ഏറ്റവും മുകളിൽ നിൽക്കുന്ന ഇരപിടിയനാണ് കടുവ. ആത്യന്തികമായി കടുവയുടെ നാശം നമ്മുടെ വനങ്ങളുടെയും പിന്നീട് നമ്മുടെ ജീവിതത്തിന്റെയും അന്ത്യം കുറിക്കും. 'താജ്മഹൽ നശിച്ചുപോയാൽ ഒരുപക്ഷേ നമുക്കത് പുനർനിർമിക്കുവാൻ കഴിയും. എന്നാൽ കടുവകൾക്ക് വംശനാശം സംഭവിച്ചാൽ പിന്നീടൊരിക്കലും നമുക്കവയെ തിരികെ കൊണ്ടുവരുവാൻ സാധിക്കുകയില്ല.' പ്രശസ്ത വന്യജീവിനിരീക്ഷകനായ പീറ്റർ ജാക്സണിന്റെ വാക്കുകളാണിവ.

# ഒരുകുളം സ്നേഹം

## പ്രൊഫ. എസ് ശിവദാസ്

റോയി കുളത്തിൽ ചാടിമറിയുകയായിരുന്നു. കൂടെ അവന്റെ അച്ഛനുമുണ്ടായിരുന്നു. ആ രണ്ടു വയസ്സുകാരനെ നീന്തൽ പഠിപ്പിക്കാനായിരുന്നു അച്ഛന്റെ ശ്രമം. എന്നാൽ കുളത്തിൽ ചാടാനും അച്ഛന്റെ മുഖത്ത് വെള്ളം തെറിപ്പിക്കാനുമായിരുന്നു മകന്റെ ശ്രദ്ധ.

കളിക്കിടയിലായിരുന്നു റോയി കുഞ്ഞുമീനിനെ ശ്രദ്ധിച്ചത്. ഒരു കുഞ്ഞുകുഞ്ഞുമീൻ. നിറമുള്ള ചിറകുകൾ. അതും വെള്ളത്തിൽ നീന്തിക്കളിക്കുകയായിരുന്നു. അവൻ ഒരു ആമ്പലില പറിച്ചെടുത്തു. മീനിനെ സൂത്രത്തിൽ അതിലാക്കി. ഇലയിലെ വെള്ളത്തിലായി അപ്പോൾ കുഞ്ഞുമീനിന്റെ കളി. അവന് അപ്പോൾ അതിനോടു വലിയ സ്നേഹം തോന്നി. ''അച്ഛാ നമുക്ക് ഈ മീനിനെ വളർത്താം.'' അവൻ പറഞ്ഞു. അച്ഛൻ പല തടസ്സങ്ങളും പറഞ്ഞുനോക്കി. കുഞ്ഞുമീനിനെ അങ്ങനെ തടവിലിടുന്നത് ശരിയല്ല. അതിന് കുളമാണ് ഇഷ്ടം. അച്ഛനമ്മമാരിൽ നിന്നു മാറ്റിയാൽ അതു ചത്തുപോകും. അങ്ങനെയെല്ലാം പറഞ്ഞിട്ടും മകൻ സമ്മതിച്ചില്ല. അങ്ങനെ അവസാനം അച്ഛൻ സമ്മതം മൂളി.

വീട്ടിൽ വലിയ ഒരു കുപ്പിയുണ്ടായിരുന്നു. നല്ല വായ്‌വട്ടമുള്ളത്. അച്ഛൻ അതൊരു ഫിഷ്ടാങ്കാക്കി. താഴെ മണലിട്ടു. കൊച്ചുകല്ലുകൾ മുകളിൽ വച്ചു. ഏതാനും പായലുകളും ഇട്ടു. വെള്ളം നിറച്ചു. വെള്ളത്തിലേക്കു വായുകുമിളകൾ കടത്താനുള്ളതൊക്കെ ശരിയാക്കി. കുഞ്ഞുമീനിനെ അവിടെ താമസിപ്പിച്ചു.

കുഞ്ഞുമീൻ എപ്പോഴും നീന്തിനടന്നു. തീറ്റതിന്നു. വായുകുമിളകൾ ഉയരുന്നതിനടുത്തുനിന്ന് ഇളകിക്കളിച്ചു. അതുകണ്ട് റോയി പുറത്തുനിന്നും ചാടിക്കളിച്ചു. അവന് കുഞ്ഞുമീനിന്റെ കാര്യം മാത്രമായി ചിന്ത. മറ്റെല്ലാം മറന്നമട്ട്. ഫിഷ്ടാങ്കിനോടു ചേർന്ന് അവൻ അവന്റെ മൂക്കുകൊണ്ടു ചെല്ലും. ഉടൻ കുഞ്ഞുമീൻ അവിടേക്കു ചെന്ന് കുപ്പിയുടെ ഉൾഭാഗത്ത് മുഖം മുട്ടിക്കും. അപ്പോൾ റോയി ഉച്ചത്തിൽ പറയും. ''അമ്മേ കുഞ്ഞുമീൻ



വര: സചീന്ദ്രൻ കാറഡുക്ക

എനിക്ക് ഉമ്മ തന്നു!''

അങ്ങനെ അവൻ കുഞ്ഞുമീനിന്റെ ലോകത്തിലേക്കുമാത്രം ചുരുങ്ങി. അവനു കുസൃതി കുറഞ്ഞു. അമ്മയോടു വഴക്കുണ്ടാക്കാൻ നേരമില്ലാതായി. പുറത്തു കളിക്കാൻ പോകുന്നതും നിന്നു. കുഞ്ഞുമീനിനോട് ഒരു ഭ്രാന്തമായ സ്നേഹം. അതുമാത്രമായി അവന്റെ ലോകം.

ഒരു മാസത്തോളം കഴിഞ്ഞിരിക്കണം. ഒരുദിവസം അവൻ കുപ്പിക്കടുത്തേക്കു ചെന്നു. മീനെവിടെ? അത് നീന്തിക്കളിക്കുന്നത് അവൻ കണ്ടില്ല. 'അയ്യോ എന്റെ കുഞ്ഞുമീൻ എവിടെപ്പോയി?' അവൻ കരഞ്ഞുകൊണ്ടു ചോദിച്ചു. ശ്രദ്ധിച്ചു നോക്കിയപ്പോൾ അവൻ മീനിനെ കണ്ടു. ഒരു കല്ലിൽ താങ്ങി അങ്ങനെ അതു നിൽക്കുന്നു. ചലനമില്ല... നീന്തലില്ല... ഒന്നുമില്ല!

അവൻ പൊട്ടിക്കരഞ്ഞുകൊണ്ട് മുൻവശത്തെ മുറിയിലേക്ക് ഓടി. അവിടെ ഇരുന്ന അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. കരച്ചിൽ കേട്ട് അച്ഛനും ഓടിയെത്തി. അച്ഛനെ കണ്ടപ്പോൾ അവന്റെ കരച്ചിൽ ഇരട്ടിയായി. ഇരുവരെയും കെട്ടിപ്പിടിച്ചുകൊണ്ട് അവൻ പറഞ്ഞു: ''നമ്മുടെ കുഞ്ഞുമീൻ ചത്തു. അതിന് അനക്കമില്ല. അയ്യോ കുഞ്ഞുമീൻ ചത്തല്ലോ. ഞാൻ ഇനി എന്തു ചെയ്യും.''

അവർ അവനെ ചേർത്തുപിടിച്ചു തലോടി. അവൻ കരയട്ടെ. കണ്ണുനീർ ഒഴുകട്ടെ. അങ്ങനെ ആശ്വസിക്കട്ടെ. അവർ അനങ്ങാതെ നിന്നു. ഇടയ്ക്ക് അച്ഛൻ പറഞ്ഞു. ''മോനേ നമ്മുടെ വല്യപ്പൂപ്പൻ മരിച്ചില്ലേ? നമ്മൾ ആ അപ്പൂപ്പനെ ഒരു പെട്ടിയിലാക്കി കുഴിച്ചിട്ടില്ലേ? പിന്നെപ്രാർഥിച്ചില്ലേ. നമുക്ക് മീനിനെയും ഒരു പെട്ടിയിലാക്കാം. ചുറ്റും നിന്നു പ്രാർഥിക്കാം. പിന്നെ മണ്ണിൽ പെട്ടി കുഴിച്ചിടാം. വല്യപ്പൂപ്പന്റെ മരണം കഴിഞ്ഞ് പതിനാറാം ദിവസം നമ്മൾ അടിയന്തിരം നടത്തിയില്ലേ? കുഞ്ഞുമീനിന്റെ പതിനാറും നമുക്ക് നടത്താം. നിന്റെ കൂട്ടുകാരെ എല്ലാം വിളിക്കാം. ഒന്നിച്ചിരുന്നു പ്രാർഥിക്കാം. പിന്നെ നല്ല പലഹാരങ്ങൾ എല്ലാവർക്കും നൽകാം. കുഞ്ഞുമീനിന്റെ ഓർമയ്ക്കായി നല്ല ഒരു പാർട്ടി തന്നെ നടത്താം.

സാവധാനം അവന്റെ കരച്ചിൽ കുറഞ്ഞുവന്നു. പാർട്ടി എന്നു കേട്ടതോടെ അവന്റെ ശ്രദ്ധ അതിലായി. അതുകണ്ട് അച്ഛൻ പറഞ്ഞു. ''കുഞ്ഞുമീൻ നമ്മുടെ പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നല്ലോ. അതിനാൽ അവന്റെ ഓർമയ്ക്കായുള്ള പാർട്ടി ഗംഭീരമാക്കണം. ഐസ്ക്രീം വാങ്ങാം. ഫ്രൂട്ട് കേക്കും വാങ്ങാം. ബലൂണുകൾ വീർപ്പിച്ചുകെട്ടിത്തൂക്കാം. റോയിമോന്റെ കൂട്ടുകാരെയെല്ലാം ക്ഷണിക്കാം...''

അച്ഛൻ പാർട്ടിയെപ്പറ്റി വാചാലമായി പറയാൻ തുടങ്ങി. മകന്റെ സങ്കടം മാറ്റാനായിരുന്നു ആ വിദ്യ. അവന്റെ ശ്രദ്ധ പാർട്ടിയിലേക്കു മാറ്റുന്നതിൽ അച്ഛൻ വിജയിച്ചു. അവൻ പാർട്ടിയിൽ വിളമ്പുന്ന ഐസ്ക്രീമുകളെപ്പറ്റി ഓർത്ത് പുഞ്ചിരിച്ചു. മീൻ കുപ്പിയിരുന്നിടത്തേക്ക് അച്ഛൻ നടന്നപ്പോൾ അവനും പുറകെ നടന്നു. അച്ഛൻ മീനിനെ പറമ്പിൽ കുഴിച്ചിടും. പിന്നെ പാർട്ടി നടത്തും. അതൊക്കെയായിരുന്നു അവന്റെ ചിന്ത.

അവൻ മീൻ കിടന്ന കുപ്പിക്കടുത്തേക്കു ചെന്നു. എന്തത്ഭുതം! അതുവരെ ചത്തതുപോലെ അനങ്ങാതെ ഒരു കല്ലിൽ താങ്ങി നിന്നിരുന്ന മീൻ പെട്ടെന്ന് ഇളകി. ഒരു ഉറക്കത്തിൽ നിന്ന് ഉണർന്നതുപോലെ. പിന്നെ പതിവുപോലെ അത് നീന്തിക്കളിക്കാൻ തുടങ്ങി. അതുകണ്ട് അച്ഛൻ പറഞ്ഞു. ''കണ്ടോ മോനേ നമ്മുടെ കുഞ്ഞുമീൻ ചത്തില്ല.''

പാർട്ടിയെപ്പറ്റിയുള്ള സ്വപ്നങ്ങളുമായി നിന്നിരുന്ന റോയി പെട്ടെന്നു ഞെട്ടി. കുഞ്ഞുമീൻ ചത്തില്ല. അപ്പോൾ പാർട്ടിയും നടക്കില്ല! ഐസ്ക്രീം വാങ്ങില്ല! കൂട്ടുകാർ വരില്ല! അതെല്ലാം ഓർത്തപ്പോൾ അവനു സഹിച്ചില്ല. അവൻ അച്ഛന്റെ കൈയിൽ തൂങ്ങിക്കൊണ്ടു പറഞ്ഞു. ''അച്ഛാ നമുക്ക് കുഞ്ഞുമീനിനെ കൊല്ലാം. എന്നിട്ടു പാർട്ടി നടത്താം!''

അതുകേട്ടപ്പോൾ ഞെട്ടിയത് അച്ഛനും അമ്മയുമായിരുന്നു! അമ്മ ഞെട്ടിത്തെറിച്ചുകൊണ്ടു ചോദിച്ചു. ''മോനേ കുഞ്ഞുമീൻ നിന്റെ പുന്നാര മീനല്ലേ. നിനക്ക് അതിനോടു വലിയ സ്നേഹവുമില്ലേ? അതിനെ നിനക്കു കൊല്ലാൻ പറ്റുമോ? കൊന്നാൽ പിന്നെ സങ്കടമാകില്ലേ? അതിനെ കൊല്ലുന്നത് ക്രൂരമല്ലേ?''

അമ്മയുടെ ചോദ്യങ്ങൾക്കു മുമ്പിൽ മകൻ പതറിപ്പോയി. കുഞ്ഞുമീൻ തനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് എന്ന് അപ്പോഴായിരുന്നു അവൻ ഓർത്തത്. അയ്യോ അതിനെ കൊല്ലാൻ പറ്റില്ല. പക്ഷേ പാർട്ടി? ആ പാർട്ടി നഷ്ടപ്പെടുന്നതും അവനു സങ്കടമായിരുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. എന്തു പറയണമെന്നറിയാതെ അവൻ വിതുമ്പി.

മരക്കമ്പുകളിൽ ചാടിക്കളിക്കുന്ന കുരങ്ങിനെപ്പോലാണ് ഒരു കുട്ടിയുടെ മനസ്സ്. അത് ഓരോരോ സമയം ഓരോന്നിലേക്കു ചാടും. അതാണ് പാർട്ടിയെപ്പറ്റി ചിന്തിച്ചിരുന്നപ്പോൾ കുഞ്ഞുമീനിനോടുള്ള സ്നേഹം മറന്നുപോയത്. അക്കാര്യം അമ്മയ്ക്കും അച്ഛനും മനസ്സിലായി. അവർ അവനെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു.

ഒരു പുതിയ കണ്ടെത്തൽ നടത്തിയ ആഹ്ലാദത്തോടെ





അപ്പോൾ അവൻ ചിരിച്ചു. ആവേശം മൂലം അവൻ ചാടി. അച്ഛന്റെയും അമ്മയുടെയും പിടി വിടീച്ച് അവൻ മീൻകുപ്പിക്കു ചുറ്റും നൃത്തം വച്ചു. എന്നിട്ട് തന്റെ കണ്ടുപിടുത്തം പ്രഖ്യാപിച്ചു.

''അച്ഛാ! അമ്മേ! നമുക്ക് വലിയ ഒരു പാർട്ടി നടത്താം. എന്റെ പുന്നാരക്കുഞ്ഞുമീൻ ചാകാതെ രക്ഷപ്പെട്ടുവന്നതിന്റെ സന്തോഷത്തിനൊരു ആഘോഷം. ഒരു ഉത്സവം!''

''ബലേ ഭേഷ്! ഗംഭീരമായ ആശയം. വലിയ കണ്ടെത്തൽ. ഞങ്ങളുടെ മകൻ മിടുക്കൻ. അല്ല, മിടുമിടുക്കൻ. അവന്റെ പുന്നാരകുഞ്ഞുമീൻ മരിക്കാതെ രക്ഷപ്പെട്ടത് ആഘോഷിക്കാം എന്ന ആശയം അതിഗംഭീരം. നമുക്കത് വലിയ ഉത്സവമാക്കണം. നാട്ടുകാരെ മുഴുവൻ വിളിക്കണം. കുപ്പിയിൽ കിടന്ന് തളർന്ന് മരിക്കാൻ പോയ മീൻ പിന്നെ ജീവിച്ചത് ആഘോഷമാക്കാം. നാട്ടുകാർക്കു മുഴുവൻ സദ്യകൊടുത്ത് ആഘോഷിക്കാം. ആഘോഷത്തിന്റെ അവസാനം നമ്മുടെ മോൻ അവന്റെ കുഞ്ഞുമീനിനെയും എടുത്തുപിടിച്ച് കുളം വരെ ഒരു ഘോഷയാത്ര നടത്തും. കൂട്ടുകാർ കൂടെ വരും. നമ്മുടെ മോൻ അവന്റെ പുന്നാരമീനിനെ വീണ്ടും കുളം കാണിക്കും. കുളം കണ്ട്, അവന്റെ പഴയ വീടുകണ്ട് കുഞ്ഞുമീൻ സന്തോഷിക്കും. അവിടെയല്ലേ അവന്റെ വീട്, നാട്, അമ്മ, അച്ഛൻ, കൂട്ടുകാർ എല്ലാം... അവൻ ആ കുളംകണ്ട് ആനന്ദിക്കും. അപ്പോൾ എന്റെ പൊന്നുമോൻ എന്തുചെയ്യും?'' അച്ഛൻ ആകാംക്ഷയോടെ മോന്റെ നേരെ നോക്കി. അമ്മയും മകന്റെ നേരെ നോക്കി. മകൻ അവരെ നോക്കിച്ചിരിച്ചു. പിന്നെ കുഞ്ഞുമീനിനെ നോക്കി. മീൻ കുപ്പിയിലൊന്നുതൊട്ടു. പിന്നെ ഒരു സ്വപ്നത്തിലെന്നപോലെ പറഞ്ഞു. ''അപ്പോൾ ഞാൻ കുപ്പി തുറക്കും. എന്റെ കുഞ്ഞുമീനിനെ കുളത്തിലേക്കു വിടും. അവൻ കുളത്തിൽ നീന്തുന്നതു കണ്ട് ഞാനും കൂട്ടുകാരും കൈയടിക്കും. പിന്നെ കുളക്കരയിൽനിന്ന് ഒരു പാട്ടുപാടും.''

അവൻ അങ്ങനെ പറഞ്ഞ് മീനിനെ നോക്കി. കുപ്പിയിൽ ചുംബിച്ചു. അതുകണ്ട് കുപ്പിയിലെ കുഞ്ഞുമീൻ നീന്തിക്കളിച്ചു! അപ്പോൾ തന്റെ ഉള്ളിൽ നിന്നും സ്നേഹത്തിന്റെ ഒരു ഉറവപൊട്ടി ചുറ്റും ഒഴുകുന്നതുപോലെ അവനു തോന്നി. അവൻ മീനിനെയും നോക്കി നിന്നു ചിരിക്കുന്നതുകണ്ട് അമ്മ അച്ഛന്റെ കൈയിൽ പിടിച്ച് അമർത്തിക്കൊണ്ടു പറഞ്ഞു: ''നമ്മുടെ മോൻ സ്നേഹിക്കാൻ പഠിച്ചു വരുന്നു.'' അച്ഛൻ തലകുലുക്കി. ''അവൻ സ്നേഹത്തിലലിയാൻ തന്നെ ശീലിക്കട്ടെ.'' അദ്ദേഹം അതു പറഞ്ഞു ചിരിച്ചു.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# തൈറോയ്ഡ് ഗ്രന്ഥികൾ അറിയാം, രോഗങ്ങൾ തടയാം

ഡോ. ബി പത്മകുമാർ

കുഞ്ഞുണ്ണിയുടെ വീട്ടിൽ എന്നും ആദ്യം എഴുന്നേൽക്കുന്നത് അമ്മയാണ്. അവസാനം കിടക്കുന്നതും അമ്മയാണ്. പകൽ മുഴുവൻ അമ്മയ്ക്ക് പിടിപ്പത് പടിയാണ്. അടുക്കളയിലും പറമ്പിലും തൊഴുത്തിലുമൊക്കെയായി വിശ്രമമില്ലാതെ ഓടി നടക്കുന്ന അമ്മയെ മാത്രമേ കുഞ്ഞുണ്ണി കണ്ടിട്ടുള്ളൂ.


എന്നാൽ ഏതാനും നാളുകളായി അമ്മയ്ക്ക് വല്ലാത്ത ക്ഷീണം. എപ്പോഴും എവിടെയെങ്കിലും മാറിക്കിടക്കും. ജോലി ചെയ്യാൻ തീരെ കഴിയുന്നില്ല. ശരീരമാസകലം നീരുവച്ച് വീർത്തപോലെ. ശബ്ദത്തിനുമുണ്ട് ഒരടപ്പ്. ക്ഷീണം വല്ലാതെ കൂടിയപ്പോൾ അച്ഛൻ അമ്മയെ കുടുംബ ഡോക്ടറായ വാര്യർ സാറിനെ കാണിക്കാൻ കൊണ്ടുപോയി. അമ്മയെ കണ്ടപ്പോൾ തന്നെ ഡോക്ടർ പറഞ്ഞു. 'ഇത് തൈറോയ്ഡ് ഗ്രന്ഥിയുടെ തകരാറാണ്. രക്തം പരിശോധിക്കണം.'

റിസൽറ്റ് കണ്ടിട്ട് വാര്യർ ഡോക്ടർ പറഞ്ഞു. 'തൈറോയ്ഡ് ഗ്രന്ഥി തീരെ പ്രവർത്തിക്കുന്നില്ല. സാരമില്ല, മരുന്നു കഴിച്ചാൽ മതി, മാറിക്കൊള്ളും.'

ഡോക്ടറുടെ വാക്കുകൾ കേട്ട് സമാധാനത്തോടെയാണ് അച്ഛനും അമ്മയും മടങ്ങിയത്.

## തൈറോയ്ഡ് എന്ന അത്ഭുത ഗ്രന്ഥി

കഴുത്തിനു മുൻഭാഗത്തായി ചിത്രശലഭാകൃതിയിൽ കാണപ്പെടുന്ന ഗ്രന്ഥിയാണ് തൈറോയ്ഡ്. 25ഗ്രാം മാത്രമേ ഭാരമുള്ളൂവെങ്കിലും തൈറോയ്ഡ് ഗ്രന്ഥി ഉല്പാദിപ്പിക്കുന്ന ഹോർമോണുകൾ



ശരീരത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

പ്രധാനമായും രണ്ടു തരത്തിലുള്ള ഹോർമോണുകളാണ് തൈറോയ്ഡ് ഗ്രന്ഥി ഉല്പാദിപ്പിക്കുന്നത്. ടി4 അഥവാ തൈറോക്സിൻ, ടി3 അഥവാ ട്രൈ അയഡോ തൈറോണിൻ എന്നിവയാണവ. തൈറോയ്ഡ് ഹോർമോൺ ഉല്പാദനത്തിന് അയഡിൻ മൂലകം കൂടിയേ തീരൂ.

തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനവും ധർമവും പഠിക്കണമെങ്കിൽ ശരീരശാസ്ത്രം മുഴുവൻ അറിയേണ്ടിവരും. അത്രയ്ക്ക് വിപുലമാണീ അത്ഭുതഗ്രന്ഥിയുടെ പ്രവർത്തനം. ശരീരത്തിന്റെ വളർച്ചയ്ക്കും ബൗദ്ധിക വികാസത്തിനുമൊക്കെ അത്യന്താപേക്ഷിതമാണ് തൈറോയ്ഡ് ഹോർമോൺ. പല്ലുകൾ യഥാസമയം മുളയ്ക്കുന്നതിനും അസ്ഥികളുടെ വളർച്ചയ്ക്കും നഖങ്ങളും രോമവുമെല്ലാം രൂപപ്പെടുന്നതിനും തൈറോയ്ഡ് ഹോർമോൺ സഹായിക്കുന്നു. ഹൃദയസ്പന്ദനനിരക്കും സങ്കോചശേഷിയും വർധിക്കുവാനും ദഹനപ്രക്രിയ സുഗമമാക്കാനും തൈറോയ്ഡ് ഹോർമോണിനു കഴിയും. തലച്ചോറിന്റെ വളർച്ചയ്ക്കും ബൗദ്ധികമായ പ്രവർത്തനങ്ങൾക്കും തൈറോയ്ഡ് ഹോർമോണിനു സ്വാധീനമുണ്ട്. അതുകൊണ്ടാണ് ജന്മനാ തൈറോയ്ഡ് പ്രവർത്തനമാന്ദ്യമുള്ള കുഞ്ഞുങ്ങൾക്ക് ബുദ്ധിമാന്ദ്യം ഉണ്ടാകുന്നത്. തൈറോയ്ഡ് ഹോർമോൺ ശ്വാസകോശത്തിന്റെയും വൃക്കകളുടെയുമൊക്കെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുന്നുമുണ്ട്.

എങ്ങനെയാണ് തൈറോയ്ഡിന്റെ പ്രവർത്തനമികവ്! വലിപ്പമല്ല പ്രവർത്തനക്ഷമതയാണ് പ്രധാനം എന്ന സന്ദേശമാണ് ഈ ചെറിയ വലിയ ഗ്രന്ഥി നൽകുന്നത്.

**തൈറോയ്ഡ് ഗ്രന്ഥിയുടെപ്രവർത്തനവും ധർമവും പഠിക്കണമെങ്കിൽ ശരീരശാസ്ത്രം മുഴുവൻ അറിയേണ്ടിവരും. അത്രയ്ക്ക് വിപുലമാണീ അത്ഭുതഗ്രന്ഥിയുടെ പ്രവർത്തനം. ശരീരത്തിന്റെ വളർച്ചയ്ക്കും ബൗദ്ധിക വികാസത്തിനുമൊക്കെ അത്യന്താപേക്ഷിതമാണ് തൈറോയ്ഡ് ഹോർമോൺ. തൈറോയ്ഡ് ഹോർമോൺ ശ്വാസകോശത്തിന്റെയും വൃക്കകളുടെയുമൊക്കെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുന്നുമുണ്ട്.**

## തൈറോയ്ഡ് രോഗങ്ങൾ രണ്ടുതരത്തിൽ

തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനം കുറയ്ക്കുന്ന അവസ്ഥയാണ് ഹൈപ്പോതൈറോയ്ഡിസം. ശരീരഭാരം കൂട്ടുക, കൈകാലുകളിൽ നിരുണ്ടാവുക, ക്ഷീണം, തണുപ്പ് സഹിക്കാൻ കഴിയാതെവരിക, ചർമം വരളുക, ഒച്ചയടപ്പ്, മലബന്ധം തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ. തൈറോയ്ഡ് ഗ്രന്ഥിക്ക് വീക്കമുണ്ടാകുന്നതിനെ തുടർന്ന് കഴുത്തിൽ മുഴ ഉണ്ടായെന്നു വരാം. ഇതിനെ ഗോയിറ്റർ എന്നാണു വിളിക്കുന്നത്.

തൈറോയ്ഡ് ഗ്രന്ഥി അമിതമായി പ്രവർത്തിക്കുന്ന അവസ്ഥയാണ് ഹൈപ്പർ തൈറോയ്ഡിസം. സ്ത്രീകളിലാണ് കൂടുതലായി കണ്ടുവരുന്നത്. നന്നായി ഭക്ഷണം കഴിച്ചിട്ട് ശരീരം മെലിയുക, ഹൃദയമിടിപ്പ് കൂടുക, കൈവിറയൽ, അമിതവിയർപ്പ് ചൂടു സഹിക്കാനാകാതെ വരിക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

## തൈറോയ്ഡ് രോഗങ്ങൾ കുട്ടികളിൽ

പ്രായമുള്ളവർക്കുമാത്രമല്ല നവജാതശിശുക്കളിലും കുട്ടികളിലുമൊക്കെ തൈറോയ്ഡ് തകരാറുകൾ കാണാറുണ്ട്.

തൈറോയ്ഡ് ഗ്രന്ഥി രൂപപ്പെടാത്തതു കൊണ്ട് ജനിതക തകരാറുകൾ കൊണ്ടുമൊക്കെ കുട്ടികളിൽ തൈറോയ്ഡ് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.

ഭക്ഷണം കഴിക്കാൻ വിമുഖത കാണിക്കുക, മഞ്ഞപ്പിത്തം, അസ്ഥികളുടെ വളർച്ച മുരടിക്കുക, പേശീബലക്ഷയം തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ. കുഞ്ഞുങ്ങളുടെ രക്ത പരിശോധന നടത്തി രോഗം നേരത്തേ തന്നെ കണ്ടുപിടിച്ച് ശരിയായ ചികിത്സ നൽകിയില്ലെങ്കിൽ തലച്ചോറിന് സ്ഥിരമായ വൈകല്യങ്ങളും ബുദ്ധിമാന്ദ്യവും ഉണ്ടാകാനിടയുണ്ട്.

## തൈറോയ്ഡ് രോഗങ്ങളെ തടയാം

അയഡിൻ അടങ്ങിയ കടൽ മത്സ്യങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവ ഭക്ഷണത്തിൽ ധാരാളമായി ഉൾപ്പെടുത്തുക. പാചകത്തിന് അയഡൈസ്ഡ് ഉപ്പ് ഉപയോഗിക്കുക. തൈറോയ്ഡ് രോഗമുള്ളവർ സോയാബീൻ, കാബേജ്, കോളീഫ്ളവർ എന്നിവ ഉപയോഗിക്കരുത്. മാതാപിതാക്കൾക്ക് തൈറോയ്ഡ് തകരാറുണ്ടെങ്കിൽ നവജാതശിശുവിന്റെ രക്ത പരിശോധന നടത്തണം.

കഥ

# ഭിക്ഷക്കാരൻ

**ആന്റൺ ചെഖോവ്**
**പുനരാഖ്യാനം: ചിഞ്ചു പ്രകാശ്**

"സർ, ആഹാരം കഴിച്ചിട്ട് ദിവസങ്ങളായി. സ്കൂൾഅധ്യാപകനായിരുന്നു. ചതിച്ചതാണ്. ഇപ്പോൾ ഈ മഞ്ഞത്ത് കിടക്കാൻ ഇടംപോലുമില്ല."

തനിക്കുമുന്നിൽ വന്നു നിന്ന ഭിക്ഷക്കാരനെ സ്കവർ ത്സോവ് വക്കീൽ സൂക്ഷിച്ചു നോക്കി. ലഹരി മയങ്ങിയ കണ്ണുകളും ഈ മുഖവും എവിടെയോ കണ്ടുമറന്നതു പോലെ.

പിടികിട്ടി! പിടികിട്ടി!



വര: ഗോപു പട്ടിത്തറ

"കഴിഞ്ഞ ദിവസം നിങ്ങൾ പറഞ്ഞത് വിദ്യാർഥി ആണെന്നല്ലേ? ആഹാ, കൊള്ളാമല്ലോ?"

"ഞാനോ? ഹേയ്. ഞാനാവില്ല സർ. എന്റെ കൈയിൽ തെളിവുണ്ട്. ഞാനീ പറയുന്നത് അത്രയും സത്യമാണ്." അയാൾ ആണയിട്ടു.

"പച്ചക്കള്ളം പറയുന്നോ? കൈയിൽ കാശില്ലാത്തതും കിടക്കാൻ ഇടമില്ലാത്തതും കള്ളം പറയാനുള്ള ലൈസൻസാണെന്നു കരുതിയോ? ഞാനിപ്പോൾ പോലീസിനെ വിളിക്കും."

ആദ്യമൊന്നും പിടികൊടുത്തില്ലെങ്കിലും അധികം വൈകാതെ അയാൾ തന്റെ തെറ്റ് സമ്മതിച്ചു.

"ശരിയാണ് സർ, ഞാൻ അധ്യാപകനുമല്ല വിദ്യാർഥിയുമല്ല. കള്ളുകുടി കാരണം ക്വയറിൽ നിന്ന് പുറത്താക്കപ്പെട്ട് ഗതിയില്ലാതായതാണ്. സത്യം പറയാൻ നിന്നാൽ തണുപ്പും വിശപ്പുംകൊണ്ട് മരിച്ചുപോകില്ലേ?"

"എന്തിന്? നിനക്ക് ജോലി ചെയ്ത് ജീവിക്കാമല്ലോ?"

"ശരിയാണ്, ശരിയാണ്. പക്ഷെ എനിക്കാര് ജോലി തരും?"

ചെറുപ്പവും ആരോഗ്യവുമുള്ള നിനക്ക് ജോലി കിട്ടില്ലെന്നോ?"

ചെറുപ്പക്കാരൻ രക്ഷപ്പെടാനുള്ള വഴി നോക്കുകയാണെന്ന് വക്കീലിനു മനസ്സിലാ

**ഭിക്ഷക്കാരൻ വോൾഗയുടെ പിന്നാലെ ചെന്നു. ജോലി ആവശ്യമായതുകൊണ്ടോ പണിയെടുക്കാനുള്ള താത്പര്യം കൊണ്ടോ ആയിരുന്നില്ല അത്. പറഞ്ഞ വാക്കിൽ നിന്ന് പിന്മാറാനുള്ള നാണക്കേട്. അത്രമാത്രം. ജോലിക്കാരി ഉച്ചത്തിൽ ചീത്ത വിളിച്ചുകൊണ്ട് കോടാലി എടുത്ത് അയാൾക്ക് എറിഞ്ഞു കൊടുത്തു.**

യി. ഒരു കൈ നോക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

“ശരി. നീ വിറക് കീറാൻ തയ്യാറാണോ?”

“അതേ.” ഭിക്ഷക്കാരൻ ചാടിക്കയറി പറഞ്ഞു.

വക്കീൽ ജോലിക്കാരിയെ വിളിച്ചു.

“വോൾഗാ ഇയാളെ കൂട്ടിക്കൊണ്ടുപോയി കീറാനുള്ള വിറക് കാണിച്ചുകൊടുക്ക്.”

ഭിക്ഷക്കാരൻ വോൾഗയുടെ പിന്നാലെ ചെന്നു. ജോലി ആവശ്യമായതുകൊണ്ടോ പണിയെടുക്കാനുള്ള താത്പര്യം കൊണ്ടോ ആയിരുന്നില്ല അത്. പറഞ്ഞ വാക്കിൽ നിന്ന് പിന്മാറാനുള്ള നാണക്കേട്. അത്രമാത്രം.

ജോലിക്കാരി ഉച്ചത്തിൽ ചീത്തവിളിച്ചുകൊണ്ട് കോടാലി എടുത്ത് അയാൾക്ക് എറിഞ്ഞുകൊടുത്തു. പണിയെടുത്ത് ശീലമില്ലാത്ത എല്ലാവരേയും പോലെ അയാളും കോടാലിയുമായി മൽപിടുത്തം തുടങ്ങി.

ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വിറകുകൾ മുഴുവൻ കീറി കഴിഞ്ഞെന്ന് വോൾഗ വന്ന് അറിയിച്ചു.

വക്കീൽ ഭിക്ഷക്കാരന് അര റൂബിൾ പ്രതിഫലം നൽകി. ഇഷ്ടമുണ്ടെങ്കിൽ എല്ലാമാസവും വന്ന് വിറക് കീറിക്കോളാനും പറഞ്ഞു.

അടുത്ത മാസവും അതിനടുത്ത മാസവുമൊക്കെ ഭിക്ഷക്കാരൻ വന്നു. ഓരോ തവണയും അയാൾക്ക് ചെയ്യാൻ എന്തെങ്കിലുമൊക്കെ ജോലിയും അവിടെയുണ്ടായിരുന്നു.

ഒടുവിൽ വക്കീലിന് സ്ഥലം മാറിപോകേണ്ട നാൾ വന്നു. ഭിക്ഷക്കാരൻ ദുഖിതനായി കാണപ്പെട്ടു. അയാൾ നിശ്ശബ്ദനായി വക്കീലിന്റെ സാധനങ്ങൾ അടുക്കികെട്ടാൻ സഹായിച്ചുകൊണ്ടിരുന്നു.

“നിന്റെ പേരെന്താണ്?” ഒടുവിൽ വക്കീൽ ചോദിച്ചു.

“ലുഷ്കോവ്.”

“ഹാ ലുഷ്കോവ്, നിനക്ക് എഴുതാനും വായിക്കാനും അറിയാമോ?”

“ഉവ്വ്.”

“ഇതാ നിനക്കുള്ള പ്രതിഫലം ഒരു റൂബിൾ. ഈ കത്ത് വച്ചോളൂ. ഇതുമായി എന്റെ സുഹൃത്തിനെ ചെന്നുകണ്ടാൽ പകർപ്പെഴുത്തുപണി ശരിയാക്കി തരും.”

ലുഷ്കോവ് കത്ത് വാങ്ങി വക്കീലിനെ യാത്രയാക്കി.

രണ്ടുകൊല്ലം കഴിഞ്ഞ് സ്കർത്സോവ് വക്കീൽ ഒരു തീയറ്ററിൽ ടിക്കറ്റ് വാങ്ങാൻ നിൽക്കുമ്പോൾ എവിടെയോ കണ്ടുമറന്നൊരു മുഖം വീണ്ടും മുന്നിലെത്തി.

“ലുഷ്കോവ് ഇത് നീയാണോ? ഇപ്പോൾ എന്ത് ചെയ്യുന്നു?”

ലുഷ്കോവ് അപ്പോഴേക്കും ഒരു നോട്ടറി ആപ്പീസിൽ ജോലിക്കാരനായിരുന്നു.

തന്റെ പരിശ്രമംകൊണ്ട് ഒരു ചെറുപ്പക്കാരൻ ജീവിതത്തിലേക്ക് മടങ്ങിന്നതോർത്ത് വക്കീൽ അതിയായി സന്തോഷിച്ചു.

“ലുഷ്കോവ്, ഒരു തരത്തിൽ ഞാൻ നിന്റെ തല തൊട്ടപ്പനാണ്. അന്ന് ഞാൻ നിന്നെ വഴക്ക് പറഞ്ഞതിന്റെ ഫലം ഇപ്പോൾ കണ്ടില്ലേ? അന്നൊക്കെ കണക്കില്ലാതെയല്ലേ ഞാൻ നിന്നെ വഴക്ക് പറഞ്ഞിരുന്നത്. ഏതായാലും



ഞാൻ പറഞ്ഞത് നീ പരിഗണിച്ചല്ലോ; നന്ദി.”

ലുഷ്കോവ് ചിരിച്ചു.

“അതേ, എനിക്ക് താങ്കളോട് നന്ദിയുണ്ട്. താങ്കളെ കണ്ടില്ലായിരുന്നെങ്കിൽ ഞാനിപ്പോഴും നുണക്കഥകളുമായി തെരുവിൽ കഴിഞ്ഞേനേ. എന്നെ രക്ഷിച്ചതിന്, ജീവിതം തിരികെ തന്നതിന് നിങ്ങളുടെ അടുക്കളക്കാരിയോടും ഞാൻ കടപ്പെട്ടിരിക്കുന്നു.”

“എന്നുവച്ചാൽ?”

സ്കർത്സോവ് വക്കീലിന് ഒന്നും പിടികിട്ടിയില്ല.

“ഞാൻ കാണുമ്പോഴെല്ലാം അവർ നിന്നെ ചീത്തവിളിക്കുകയും ശപിക്കുകയുമാണല്ലോ ചെയ്തിരുന്നത്?”

“അതേ, എനിക്ക് താങ്കളോട് നന്ദിയുണ്ട്. താങ്കളെ കണ്ടില്ലായിരുന്നെങ്കിൽ ഞാനിപ്പോഴും നുണക്കഥകളുമായി തെരുവിൽ കഴിഞ്ഞേനേ. എന്നെ രക്ഷിച്ചതിന്, ജീവിതം തിരികെ തന്നതിന് നിങ്ങളുടെ അടുക്കളക്കാരിയോടും ഞാൻ കടപ്പെട്ടിരിക്കുന്നു.”
“എന്നുവച്ചാൽ?”
സ്കർത്സോവ് വക്കീലിന് ഒന്നും പിടികിട്ടിയില്ല.
“ഞാൻ കാണുമ്പോഴെല്ലാം അവർ നിന്നെ ചീത്തവിളിക്കുകയും ശപിക്കുകയുമാണല്ലോ ചെയ്തിരുന്നത്?”

“അവരെന്നെ ചീത്തവിളിച്ചിരുന്നു എന്നത് നേരാണ്. പക്ഷെ, നിങ്ങളുടെ വീട്ടിലെ വിറകിൽ ഒന്നുപോലും ഞാൻ കീറിയിട്ടില്ല. അതെല്ലാം അവരാണ് ചെയ്തത്. എന്റെ ദുർവിധിയിൽ കണ്ണീരൊഴുക്കി. എന്നെ ശപിച്ചു. എന്നിട്ട് എനിക്കുവേണ്ടി വിറകെല്ലാം കീറി. ഒരു പ്രതിഫലവും ഇച്ഛിക്കാതെ തനിക്കറിയാവുന്ന വിധത്തിൽ അവരെന്നോട് പെരുമാറിയ രീതിയാണ് എന്നെ മാറ്റിക്കളഞ്ഞത്. അവരാണ് എന്നെ രക്ഷിച്ചത്. പരിപാടി തുടങ്ങാറായി. നമുക്ക് പിരിയാം.

ചെറുചിരിയോടെ ലുഷ്കോവ് തിരിഞ്ഞു നടന്നു.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു



സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34



കവിത

# തെളിമാനം

ദിവാകരൻ വിഷ്ണുമംഗലം



മാനത്തിനെന്തേ വിഷാദം?ആരോ
പേടിപ്പെടുത്തിയതാണോ?

കാറ്റൊന്നു മെല്ലെത്തലോടി-നല്ല
കൂട്ടുകാരൻ വന്നപോലെ

കൂരിരുൾ മേഘം തണുത്തു-ദുഃഖ
മേഘം കുളിർമഴ പെയ്തു.

തെല്ലൊരുസാന്ത്വനസ്പർശം- വാനിൻ
നൊമ്പരത്തിൻ ഘനം മായ്ച്ചു.

കണ്ണുനീർ പെയ്തു തെളിഞ്ഞു- മനം
കൺകളിൽ സൂര്യൻ ചിരിച്ചു

കണ്ണുനീർത്തുള്ളിയിലപ്പോൾ- സപ്ത
വർണം മഴവില്ലു തീർത്തു

മണ്ണിലും വിണ്ണിലും നീളെ- പുത്തൻ
വർണക്കിനാവുകൾ പൂത്തു.

വര: ഗോപു പട്ടിത്തറ



# സുവർണക്ഷേത്രം



കെ യതീന്ദ്രനാഥൻ

**സിക്ക് ഗുരുദ്വാരകളിൽ ഏറ്റവും പ്രസിദ്ധി നേടിയ ഒന്നാണ് പഞ്ചാബിലെ അമൃത്സർ നഗരത്തിൽ സ്ഥിതി ചെയ്യുന്ന സുവർണക്ഷേത്രം. ഇത് നിർമ്മിച്ചത് അഞ്ചാമത്തെ ഗുരുവായിരുന്ന ഗുരു അർജുൻ ദേവ് ആയിരുന്നു. ലക്ഷക്കണക്കിനാളുകൾ ആണ് നിത്യേന തീർഥാടനത്തിനായി ഇവിടെയെത്താറ്. എല്ലാ മതസ്ഥർക്കും ഇവിടെ പ്രവേശനം അനുവദിച്ചിട്ടുണ്ട്. ഇവിടത്തെ അടുക്കളയും ഊട്ടുപുരയുമെല്ലാം ലോകപ്രസിദ്ധമാണ്.**

പഞ്ചാബിലെ അമൃത്സർ നഗരത്തിൽ സ്ഥിതി ചെയ്യുന്നതും സിക്കുകാരുടെ പരിപാവനവുമായ ഒരു ഗുരുദ്വാരയാണ് സുവർണക്ഷേത്രം അഥവാ ഗോൾഡൻ ടെമ്പിൾ. ഇതിന് ഹർമന്ദിർ സാഹിബ് എന്നും ഡർബാർ സാഹിബ് എന്നും വിളിപ്പേരുകൾ ഉണ്ട്.

അമൃതസരോവരം എന്നർഥം വരുന്ന അമൃത്സർ സ്ഥാപിച്ചത് 1577 ൽ നാലാം സിക്കുഗുരുവായ റാംദാസ് ആണ്. അഞ്ചാമത്തെ ഗുരു അർജുൻദേവ് ആണ് ഹർമന്ദിർ സാഹിബ് നിർമിച്ച് അതിനകത്ത് സിക്കുകാരുടെ വേദഗ്രന്ഥമെന്നു പറയാവുന്ന ഗ്രന്ഥസാഹിബ് വച്ച് പാരായണം തുടങ്ങിയത്. ഇന്നും ഈ പാരായണം തുടർന്നുപോകുന്നു. ഗുരുദ്വാരയ്ക്കടുത്തായി സിക്കുമതത്തിന്റെ സിരാകേന്ദ്രമെന്നു പറയാവുന്ന അകാൽതഖ്ത് പണിതുയർത്തിയിട്ടുണ്ട്.

ഗുരു അർജുന്റെ കാലത്ത് അമൃത്സർ പട്ടണവും ഗുരുദ്വാരയും അഭിവൃദ്ധി പ്രാപിച്ചു. സിക്കുകാരുടെ പുണ്യഭൂമിയായി അതുമാറി. അവരുടെ തീർഥാടനകേന്ദ്രവുമായി. സിക്കുമതത്തിന് ഒരു കേന്ദ്രം ലഭിച്ചതോടെ അത് മേൽക്കുമേൽ അഭിവൃദ്ധി പ്രാപിച്ചു. ഒപ്പം സിക്കുകാർ ഒന്നാന്തരം കൃഷിക്കാരും വ്യവസായികളുമായി പേരെടുത്തു. ഇന്ത്യയ്ക്കകത്തും പുറത്തും അവരുടെ കൊടിക്കൂറകൾ ഉയർന്നു.

സിക്കുകാർ ശക്തിപ്രാപിക്കുന്നത് മുഗൾ ചക്രവർത്തിയായിരുന്ന ജഹാംഗീറിന് അത്രകണ്ടു ബോധിച്ചില്ല. വളർന്നുവരുന്ന ഈ വിപത്തിനെ മുളയിലേ നശിപ്പിക്കണമെന്ന തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. മുഗൾ പട്ടാളം അമൃത്സറും ഗുരുദ്വാരയും കീഴടക്കി ഗുരു അർജുൻ ഇസ്ലാമതം സ്വീകരിക്കണമെന്ന് ചക്രവർത്തി ആജ്ഞാപിച്ചു. പക്ഷേ അർജുൻ വഴങ്ങിയില്ല.

**ക്ഷേത്രത്തിന്റെ മുകൾഭാഗം സ്വർണം പതിപ്പിച്ചും അടിഭാഗം കൊത്തുപണികളാലും സ്വർണം, വെള്ളി എന്നിവ കൊണ്ടുള്ള അലങ്കാരപ്പണികളാലും മനോഹരമാക്കി. തറയും നടപ്പാതകളും മാർബിൾ പാകി. ഇതിനുശേഷമാണ് ഈ ഗുരുദ്വാര സുവർണക്ഷേത്രം എന്ന പേരിൽ അറിയപ്പെട്ടത്.**

തുറങ്കിലടയ്ക്കപ്പെട്ട അദ്ദേഹം കൊടുംപീഡനങ്ങൾക്കു വിധേയനായി. പിന്നീടു രക്തസാക്ഷിയുമായി.

ഗുരു അർജുന്റെ മകനായ ഗുരുഗോവിന്ദ് അനുയായികളെയും കൂട്ടി ശിവാലിക് കുന്നുകളിലേക്കു പലായനം ചെയ്തു. കുറേക്കാലം കഴിഞ്ഞ് കൂടുതൽ കരുത്താർജിച്ച് ഗുരുഗോവിന്ദ് പട്ടാളക്കാരോടൊപ്പം അമൃത്സർ വളഞ്ഞു പട്ടണത്തെയും ഗുരുദ്വാരയെയും മോചിപ്പിച്ചു.

കണ്ണിലെ കരടായിനിന്ന സിക്കുഭരണത്തിന്നറുതിവരുത്താനായി മുഗൾ ഭരണാധികാരികളും പിന്നീട് അഫ്ഗാൻ സുൽത്താൻ സുറാണിയും പലവട്ടം അമൃത്സറിനെ ആക്രമിച്ചു. കുളത്തിൽ മണ്ണിട്ടു നിറച്ചു. സിക്കുകാർ മണ്ണുനീക്കി കുളം ശുദ്ധീകരിച്ചു. മറ്റൊരു ആക്രമണത്തിൽ അറവുശാലകളിൽ നിന്നുള്ള മാലിന്യം കുളത്തിലിട്ട് അശുദ്ധമാക്കി. ഇത്തവണയും സിക്കുകാർ അടങ്ങിയിരുന്നില്ല. കർസേവയിലൂടെ മാലിന്യങ്ങൾ നീക്കി കുളത്തെ പൂർവസ്ഥിതിയിലാക്കി അവർ. അഫ്ഗാൻ സുൽത്താൻ സുറാണിയുടെ ആക്രമണത്തിന്റെ ഭാഗമായി ഗുരുദ്വാരയും കുളവും പരിസരവുമെല്ലാം വെടിമരുന്നു കൊണ്ടു നിറച്ചു തീയിട്ടു. ക്ഷേത്രം നിലം പരിശായി.

സിക്കുകാരുടെ വീര്യം വീണ്ടും പ്രകടമായി. 1964 ൽ ജസ്സാസിംഗ് അഹ്‌ലുവാലിയുടെ നേതൃത്വത്തിൽ പണം പിരിച്ചും കർസേവ നടത്തിയും ക്ഷേത്രവും കുളവും പുനരുദ്ധരിച്ചു.

മഹാരാജാ രഞ്ജിത് സിംഗിന്റെ കീഴിലാണ് അമൃത്സറും ഗുരുദ്വാരയും ഇന്നത്തെനിലയിൽ ആകർഷകമായി പുതുക്കിപ്പണിതത്. അമൃത്സർ തലസ്ഥാനമാക്കിയും ഗുരുദ്വാരയുടെ ഭരണം സ്വയം ഏറ്റെടുത്തും അദ്ദേഹം വമ്പിച്ച മാറ്റങ്ങൾ കൊണ്ടുവന്നു. ക്ഷേത്രത്തിന്റെ മുകൾഭാഗം സ്വർണം പതിപ്പിച്ചും അടിഭാഗം കൊത്തുപണികളാലും സ്വർണം, വെള്ളി എന്നിവ കൊണ്ടുള്ള അലങ്കാരപ്പണികളാലും മനോഹരമാക്കി. തറയും നടപ്പാതകളും മാർബിൾ പാകി. ഇതിനുശേഷമാണ് ഈ ഗുരുദ്വാര സുവർണക്ഷേത്രം എന്ന പേരിൽ അറിയപ്പെട്ടത്.

പിൽക്കാലത്ത് ഒരു ആഭ്യന്തര വിപ്ലവത്തിനും സുവർണക്ഷേത്രം സാക്ഷിയായി. 1983 ൽ ജർണൈൽ ഭിന്ദ്രൻവാല എന്ന ഭീകര നേതാവിന്റെ നേതൃത്വത്തിൽ ഒരു സംഘം സിക്കുകാർ ക്ഷേത്രത്തിനകത്തു കടന്നുപറ്റി. അവർ ആയുധധാരികളായിരുന്നു. കൊള്ളും കൊലയും പതിവായപ്പോൾ അതിനെതിരെ നടപടി സ്വീകരിച്ചേ തീരു എന്നായി. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെയും പട്ടാള ജനറൽമാരുടെയും നേതൃത്വത്തിൽ ഓപ്പറേഷൻ ബ്ലൂ സ്റ്റാർ എന്നു പേരിട്ട സൈനിക നടപടിയിലൂടെ ഭിന്ദ്രൻവാലയെയും ഒട്ടുമിക്ക അനുയായികളെയും ഉന്മൂലനം ചെയ്യാൻ സാധിച്ചു. എങ്കിലും സൈനികനടപടിയിലും പ്രക്ഷോഭകാരികളുടെ പ്രത്യാക്രമണത്തിലും അനേകം പേർക്ക് ജീവൻ നഷ്ടമായി.

സർക്കാർ ഇടപെട്ടു ക്ഷേത്രത്തിന്റെ കേടുപാടുകൾ തീർത്തു എങ്കിലും പിന്നീട് സിക്കുകാർ ഒത്തുച്ചേർന്നു കർസേവ നടത്തി ക്ഷേത്രം പൂർണമായും പുനരുദ്ധരിച്ചു.

സുവർണക്ഷേത്രം എന്നു വിളിക്കുന്നുവെങ്കിലും ഹിന്ദുമത ക്ഷേത്രങ്ങളുമായി ഇതിനെ താരതമ്യം ചെയ്യാനാവില്ല. ഇതൊരു ഗുരുദ്വാരയാണ്. ഇവിടെ പവിത്രമായി സൂക്ഷിച്ചുപോരുന്ന ഗ്രന്ഥസാഹിബ് പാരായണമാണ് മതാനുഷ്ഠാനം.

ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഗുരുദ്വാരകളിലൊന്നാണ്



ഫോട്ടോ: Arian Zwegers

**ഗുരുദ്വാരകളിൽ ഏതു മതസ്ഥർക്കും പ്രവേശിക്കാം. സുവർണക്ഷേത്രത്തിൽ നാലുദിക്കിലായി മലർക്കെത്തുറന്നിട്ട ഏതു വാതിലിലൂടെയും ഗുരുദ്വാരയിലേക്കു പ്രവേശിക്കാം. സരോവറിൽ കുളിക്കാം. പ്രാർഥനകളിൽ പങ്കുകൊള്ളാം.**

സുവർണക്ഷേത്രം. മതമൈത്രിക്ക് ഒരു മകുടോദാഹരണമാണ് ഇത്. ഗുരുദ്വാരകളിൽ ഏതു മതസ്ഥർക്കും പ്രവേശിക്കാം. സുവർണക്ഷേത്രത്തിൽ നാലുദിക്കിലായി മലർക്കെത്തുറന്നിട്ട ഏതു വാതിലിലൂടെയും ഗുരുദ്വാരയിലേക്കു പ്രവേശിക്കാം. സരോവറിൽ (കുളം) കുളിക്കാം. പ്രാർഥനകളിൽ പങ്കുകൊള്ളാം. സന്ദർശകർക്കെല്ലാം സൗജന്യഭക്ഷണം ഉറപ്പ്. ഇവിടത്തെ അടുക്കളയും ഊട്ടുപുരയുമെല്ലാം ലോകപ്രസിദ്ധമാണ്. ശരാശരി ദിനംപ്രതി 20000 പേർക്ക് ഇവിടെ ആഹാരം നൽകിപ്പോരുന്നു. ഉത്സവസമയങ്ങളിൽ ഇത് ഒരുലക്ഷം കടക്കും. എല്ലാവരും തറയിലിരുന്നു സസ്യഭക്ഷണം കഴിക്കുന്നു. അന്നദാനത്തിന്റെ ചെലവുമുഴുവനും സംഭാവനത്തുക കൊണ്ടാണ് നടക്കുന്നത് എന്നത് മറ്റൊരത്ഭുതം. വേതനം പറ്റാതെയാണ് സേവകർ ഭക്ഷണം വിളമ്പുന്നത്.

മറ്റെല്ലാ ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി ക്ഷേത്രം നിർമിച്ചിരിക്കുന്നത് തറനിരപ്പിൽ നിന്നും താഴെയായിട്ടാണ്. പടവുകൾ ഇറങ്ങിവേണം ക്ഷേത്രത്തിലേക്കു കടക്കാൻ. എളിമയുടെ മഹത്ത്വമാണ് ഇവിടെ നടപ്പാക്കിയിരിക്കുന്നത്. സരോവരത്തിനു നടുക്കായാണു ക്ഷേത്രം. അത്ര വലുതൊന്നുമല്ല. 40.5 ചതുരശ്ര അടി മാത്രമേ വിസ്തൃതിയുള്ളൂ ഇതിന്. ഏറ്റവും അടിഭാഗം ജലനിരപ്പിനു താഴെയാണ്. അതിനു മുകളിലായി സ്വർണം, വെള്ളി, രത്നങ്ങൾ എന്നിവ കൊണ്ട് അലങ്കാരപ്പണികൾ ചെയ്ത വെള്ള മാർബിൾ കൊണ്ടു മറച്ച ക്ഷേത്രമാണ്. തറയിലും നടപ്പാതകളിലും മാർബിൾ പാകിയിരിക്കുകയാണ്. രണ്ടാമത്തെനിലയുടെ ചുവരുകളിലും ഡൂമുകളിലുമെല്ലാം സ്വർണത്തകിട് പതിച്ചിരിക്കുന്നു. ഇതുകാരണമാണ് സുവർണക്ഷേത്രം എന്ന പേരു പതിയാൻ കാരണം. അകത്തെ ഹാളിലും മുറികളിലും കൊത്തുപണി ചെയ്ത തടികൊണ്ടുള്ള പാനലുകൾ കാണാം. ഇവയിലും സ്വർണം കൊണ്ടും വെള്ളികൊണ്ടുമുള്ള അലങ്കാരപ്പണികൾ കാണാം.

ഡൂം അടങ്ങിയ ഹാളിൽ ദർപ്പണങ്ങൾ കൊണ്ടു ചുവർ മറച്ചിരിക്കുകയാണ്. ശീഷ്മഹൽ എന്നാണിതറിയപ്പെടുന്നത്. മറ്റൊരിടത്തു കാണാത്ത ഇത്തരം അലങ്കാരപ്പണികൾ മഹാരാജ രഞ്ജിത് സിംഗിന്റെ മനസ്സിലുദിച്ച ആശയങ്ങളാണ്. അദ്ദേഹം നേരിട്ടുനിന്നാണ് ഇവ ചെയ്യിച്ചത്. ആകെക്കൂടി ക്ഷേത്രദർശനം മനസ്സിനു കുളിർമ നൽകാൻ പോന്നതാണ്. ഇവിടെ സന്ദർശനത്തിനെത്തുന്നവരിൽ 30% വും അന്യമതസ്ഥരാണെന്നോർക്കുക.

ഇഷ്ടിക, ജിപ്സം, കുമ്മായം, ചുവന്ന ഗ്രാനൈറ്റ്, വെള്ള മാർബിൾ എന്നിവ കൊണ്ടാണ് സുവർണക്ഷേത്രം പണിഞ്ഞിരിക്കുന്നത്. മുകളിൽ നിന്നും വശങ്ങളിൽ നിന്നുമെല്ലാം നോക്കിയാൽ സ്വർണത്തിൽ കുളിച്ചുനിൽക്കുന്ന ഈ ക്ഷേത്രം അത്യന്തം മനോഹരമായിത്തോന്നും. ഇതിനാവശ്യമായ 750 കിലോഗ്രാം സ്വർണം മഹാരാജാ രഞ്ജിത് സിംഗാണു സംഭാവന ചെയ്തത്.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നു പറയാവുന്ന അകാൽ തഖ്ത് കുളത്തിനു പുറത്തു തലയെടുപ്പോടെ ഉയർന്നു നിൽക്കുന്നു. ഗുരു ഹർഗോവിന്ദ് സ്ഥാപിച്ച ഖൽസ (സിക്കുകാരുടെ ഭരണസഭ) ഇതിനകത്താണ് പ്രവർത്തിച്ചു പോകുന്നത്.


അകാൽ തഖ്ത്

ഫോട്ടോ: Amarpreet.singh

# മുത്തശ്ശിപ്ലാവ്

സന്തോഷ് ജി പഴവീട്



വര: ആശ ആർ

മുറ്റത്ത് നിൽക്കുന്ന മുത്തശ്ശിപ്ലാവിൽ
ഇക്കൊല്ലം ചക്കയില്ലൊന്നുപോലും
അണ്ണാറക്കണ്ണനും കൂട്ടുകാരും
ഇങ്ങോട്ടതുകൊണ്ടു വന്നേയില്ല.
പഞ്ചമിത്തത്തയും കൂട്ടുകാരും
എന്നെത്തിരിഞ്ഞൊന്നു നോക്കിയില്ല.
കാക്കത്തുരുത്തിലെ കാക്കപോലും
കുശലം പറയുവാനെത്തിയില്ല
ചുറ്റിലും നിൽക്കുന്ന പ്ലാവിലൊക്കെ
ചേലൊത്ത ചക്കകളേറെയുണ്ട്.
അണ്ണാനും തത്തയും കാക്കപ്പെണ്ണും
ചക്കപ്പഴം കൊത്തിത്തിന്നുന്നുണ്ട്
അക്കൊമ്പിൽ ഇക്കൊമ്പിൽ ചാടിക്കളിച്ചവർ
കൊച്ചുകുസൃതികൾ കാട്ടുന്നുണ്ട്.
ഓരോരോ കാഴ്ചകൾ കണ്ടു കണ്ട്
മുത്തശ്ശിപ്ലാവ് കരഞ്ഞുപോയി.
മുത്തശ്ശിപ്ലാവിനെപോലെയല്ലോ
നമ്മുടെ വീട്ടിലെ മുത്തശ്ശിയും.
ഒറ്റപ്പെടുത്താതെ നമ്മളെന്നും
മുത്തശ്ശിയമ്മയെ കാത്തിടേണം.



## ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പ്

# സന്തോഷം

**മൊഴിമാറ്റം : പി പി കെ പൊതുവാൾ**

ശരിയായ കഥപറയും മുമ്പ് അതുവരെയുള്ള എന്റെ ജീവിതത്തെക്കുറിച്ച് ചുരുക്കമായി ചിലത് പറയേണ്ടിയിരിക്കുന്നു.



അമ്മ പണ്ടേ മരിച്ചു. (സത്യത്തിൽ ഞാനവരെ കണ്ടിട്ടുപോലുമില്ല.) അച്ഛന് എന്നെ നോക്കാൻ തീരെ സമയമില്ലായിരുന്നു. എനിക്കന്ന് വെറും രണ്ട് വയസ്സ്. കാരുണ്യവാന്മാരായ ഒരു ഭാര്യയും ഭർത്താവും എന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. അച്ഛൻ വേറെയെങ്ങോട്ടോ പോയി. അഞ്ചുകൊല്ലം അവരോടൊപ്പം കഴിഞ്ഞു. ഏഴുവയസ്സായപ്പോൾ സ്കൂളിൽ ചേർത്തു. പതിനാലു വയസ്സുവരെ അവിടെ കഴിഞ്ഞു. ബോർഡിങ്ങിലായിരുന്നു. ഭാഗ്യത്തിന് അച്ഛൻ തിരിച്ചുവന്ന് കൂടെക്കൂട്ടി. രണ്ടുപേരുമിപ്പോൾ വാടകമുറിയിൽ കഴിയുന്നു. പതിവുപോലെ സ്കൂളിൽ പോകുന്നു.

എല്ലാം അങ്ങനെ സാധാരണരീതിയിൽ നടന്നുകൊണ്ടിരിക്കെ ഒരുദിവസമതാ ജാക്വിസ് കടന്നുവരുന്നു. സ്വന്തം അച്ഛനുമമ്മയോടുമൊപ്പം ഞങ്ങളുടെ ലോഡ്ജിലെ മറ്റൊരു മുറിയിൽ താമസമാക്കുന്നു.

കോണിപ്പടിയിൽ ഞങ്ങൾ പലതവണ കണ്ടുമുട്ടി. ക്രമേണ സുഹൃത്തുക്കളായി. ഒന്നിച്ചു നടന്നു. നല്ല കുട്ടിയാണെന്ന് ആദ്യം തൊട്ടേ തോന്നി. ആൾ അൽപ്പമൊരു നാണം കുണുങ്ങിയാണെന്നാലും തികഞ്ഞ ശാന്തഭാവമാണെപ്പോഴും.ആദ്യം ആകർഷിച്ചത് ആ പ്രത്യേകതയാണ്.

പിന്നെപ്പിന്നെ ആ കുട്ടി എന്റെ മുറിയിൽ വരാൻ തുടങ്ങി. ഞാൻ അവന്റെ മുറിയിലും ചെന്നു. ജാക്വിസിന്റെ മാതാപിതാക്കൾ വഴക്കാളികളാണ്. ഇന്നതിനെക്കുറിച്ചെന്നില്ലാതെ എപ്പോഴും തർക്കിച്ചുകൊണ്ടിരിക്കും. ജാക്വിസ് അടുത്തുണ്ടെന്നൊന്നും ശ്രദ്ധിക്കില്ല. അക്കാര്യത്തിൽ അവന് അതിയായ വിഷമമുണ്ടെന്നു



വര: ബോബി എം പ്രഭ

മനസ്സിലായി. ശാന്തിയും സമാധാനവുമുള്ള ഒരു ജീവിതമാണ് അവന് വേണ്ടത്. നിശ്ശബ്ദതയെ അതിയായി സ്നേഹിക്കുന്ന കൂട്ടത്തിലായിരുന്നു എന്റെയാ ചങ്ങാതി. എന്റെ കാര്യം പറഞ്ഞാൽ ഞാനും ആ മട്ടിലായിരുന്നു. കാരണമില്ലാതെ സങ്കടംവരും. ഏകാന്തത ആഗ്രഹിക്കും. അമ്മയില്ലാത്തതിന്റെ വിഷമം നല്ലവണ്ണമുണ്ടായിരുന്നു. യഥാർഥ സുഹൃത്തെന്നു പറയാൻ എനിക്കാരുമില്ല.

ജാക്വിസും ഏതാണ്ട് അതേ മട്ടിലായിരുന്നു. വിശ്വസിക്കാൻ പറ്റിയ ഒരു സുഹൃത്തിനുവേണ്ടി അവൻ വളരെയധികം ആഗ്രഹിക്കുന്നുണ്ടെന്നു മനസ്സിലായി. എന്നാൽ എന്നോട് അതൊന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചുമില്ല. പകരം നിസ്സാരകാര്യങ്ങളെക്കുറിച്ചു സംസാരിച്ച് ഞങ്ങൾ സമയം കഴിച്ചു.

അങ്ങനെയിരിക്കെ ഏതോ കാര്യം ചോദിക്കാനെന്ന മട്ടിൽ ഒരുദിവസം അവൻ ഞങ്ങളുടെ മുറിയിൽ വന്നു. ആകാശത്തുകണ്ണുംനട്ട് നിലത്തിട്ട കുഷ്യനു മേൽ ചാരിയിരിക്കുകയായിരുന്നു അന്നേരം ഞാൻ.

“ശല്യമാകില്ലല്ലോ?'' മൃദുസ്വരത്തിൽ അവൻ പറഞ്ഞു. ഇല്ലെന്നു ഞാൻ പ്രതികരിച്ചു. അവനെ അടുത്തിരിക്കാൻ ക്ഷണിച്ചു. അതു കേൾക്കാത്തമട്ടിൽ ആ കുട്ടി ജനലിനരികിൽ ചെന്നുനിന്ന് പുറത്തേക്കു നോക്കി. ആ രീതിയിൽ നിന്ന് ഒരുപാടു സ്വപ്നം കാണാറുണ്ടെന്നു പറഞ്ഞു. പക്ഷേ, അവിടെ നിന്നുനോക്കിയാൽ ആകാശമോ തുറസ്സോ ഒന്നും കാണാൻ കഴിയുമായിരുന്നില്ല. പിന്നീട് ഞങ്ങൾ പതിവുപോലെ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു.അരമണിക്കൂർ കഴിഞ്ഞ് ജാക്വിസ്

**ജാക്വിസും ഏതാണ്ട് അതേമട്ടിലായിരുന്നു. വിശ്വസിക്കാൻ പറ്റിയ ഒരു സുഹൃത്തിനുവേണ്ടി അവൻ വളരെയധികം ആഗ്രഹിക്കുന്നുണ്ടെന്നു മനസ്സിലായി. എന്നാൽ എന്നോട് അതൊന്നും പറഞ്ഞില്ല. ഞാൻചോദിച്ചുമില്ല. പകരം നിസ്സാരകാര്യങ്ങളെക്കുറിച്ചു സംസാരിച്ച് ഞങ്ങൾ സമയം കഴിച്ചു.**

സ്ഥലംവിട്ടു.

അസാമാന്യ സൗന്ദര്യമുണ്ടായിരുന്ന മറ്റൊരു പകൽവേളയിൽ ജാക്വിസ് വീണ്ടും വന്നു. ആകാശത്തിനു കടുംനീലനിറമുള്ള ഒരുദിവസമായിരുന്നു അത്. വീട്ടിനു മുന്നിലെ ചെസ്റ്റ്നട്ട് മരക്കൊമ്പുകളിൽ മഞ്ഞുതുള്ളികൾ തുളുമ്പിനിന്ന് വെയിലിൽ തിളങ്ങിക്കൊണ്ടിരുന്നു. കടൽക്കാക്കകളും മറ്റുചില പക്ഷികളും ജനലിനരികിലൂടെ പറന്നുപോയി. പക്ഷികളുടെ ശബ്ദം എല്ലാ ഭാഗത്തുനിന്നും കേൾക്കാമായിരുന്നു. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, ഒറ്റ വാക്കും രണ്ടുപേരുടെയും വായിൽ നിന്നു പുറത്തുവന്നില്ല. വിദൂരതയിലേക്കു നോക്കിക്കൊണ്ട് ജാക്വിസും എന്നെപ്പോലെ സ്വയം സംസാരിക്കുകയാണെന്നു ഞാൻ മനസ്സിലാക്കി.

പതിനഞ്ചുമിനിറ്റോളം ഇങ്ങനെ കടന്നുപോയിട്ടുണ്ടാവും. ചുറ്റും ഈ കാഴ്ചകളൊക്കെ ഉണ്ടായിരിക്കെ ആളുകൾ തമ്മിൽ കലഹിക്കുന്നത് എന്തിനാണെന്ന് തനിക്കു മനസ്സിലാകുന്നില്ലെന്ന് ജാക്വിസ് പറഞ്ഞു. ആ പറഞ്ഞത് എനിക്കു മനസ്സിലായിട്ടുണ്ടാവില്ലെന്ന ഭാവത്തിൽ എന്റെ നേരെ നോക്കി. മുഖം പക്ഷേ ഉല്ലാസഭരിതമായിരുന്നു. താൻ പറഞ്ഞകാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ള ഒരാളെ അവസാനം കണ്ടെത്താൻ കഴിഞ്ഞതിന്റെ സന്തോഷമാണതെന്ന് എനിക്കുതോന്നി.

ഇതിൽ ഒരുകാര്യമുണ്ട്. ഞാൻ പറഞ്ഞു. നമ്മൾ കാര്യമായി എടുക്കാത്തവർ തമ്മിൽത്തമ്മിൽ എന്തുപറഞ്ഞാലും നമ്മൾക്കതൊരു പ്രശ്നമല്ല. നമ്മൾ ഗൗരവത്തിലെടുക്കുന്നവരുടെ കാര്യം അങ്ങനെയല്ല. അവർ കലഹിക്കുന്നതു കണ്ടാൽ ദേഷ്യത്തേക്കാളേറെ വിഷമം തോന്നും. ഭാര്യാഭർത്താക്കന്മാരായാലും അച്ഛനമ്മമാരായിക്കഴിഞ്ഞാലും മനുഷ്യൻ ഒറ്റയ്ക്കാണെന്നു കൂടി ഞാൻ പറഞ്ഞു. ഉള്ളിന്റെയുള്ളിൽ ഏകാകികളായിരിക്കും ഇവർ. മനസ്സുതുറന്നുകാട്ടാൻ കഴിയാതെ വിഷമമനുഭവിക്കും. എന്റെ കാര്യത്തിലും ഏറ്റവും വലിയ പ്രശ്നം അതുതന്നെയാണ് ജാക്വിസ്.

എന്തിനാണ് ഞാൻ ഇങ്ങനെയെല്ലാം പറഞ്ഞത്. എന്തിനാണ് ഞാൻ എന്റെ മനസ്സ് തുറന്നു കാട്ടിയത്? ആ കുട്ടി അനുഭവിക്കുന്ന ഒറ്റപ്പെടലിൽ അവന്റെ കൂടെ നിൽക്കാനായി മാത്രം!

ഞാൻ പറഞ്ഞത് ശരിയാണെന്ന് ഒറ്റവാക്കിൽ സൂചിപ്പിച്ച ശേഷം അവർ ജനലിലൂടെ കാണാൻ കഴിഞ്ഞ ആകാശഭാഗത്തിന്റെ നീലിമയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. ഉള്ളുതുറന്നു സംസാരിക്കാൻ പറ്റിയ ഒരു ചങ്ങാതിയില്ലെങ്കിൽ എല്ലാം ശൂന്യമായിത്തോന്നുമെന്ന് കുറേക്കഴിഞ്ഞ് പറഞ്ഞു. അതു സാരമില്ലെന്നാണ് ഞാൻ അപ്പോൾ പറഞ്ഞത്. തുറന്നുപറയാൻ ആരുമില്ലെങ്കിൽത്തന്നെയെന്താ, അവനവന്റെയുള്ളിൽത്തന്നെയുള്ള സന്തോഷം കണ്ടെത്താമല്ലോ.

അതിൽ വിജയിച്ചു കഴിഞ്ഞാൽ പിന്നെ വിഷമിക്കാൻ ഒന്നുമില്ല. ഒരിക്കൽ കണ്ടെത്തിയ സന്തോഷം പിന്നെയൊരിക്കലും നഷ്ടപ്പെടുകയുമില്ല. ചിലപ്പോഴത് ഉള്ളിൽ എവിടെയെങ്കിലും മറഞ്ഞുനിന്നെന്നുവരുമായിരിക്കും. പക്ഷേ, ഒരിക്കലും ഒഴിഞ്ഞുപോകില്ല.

''അതെയോ, ഉള്ളിലെ സന്തോഷം കുട്ടി കണ്ടെത്തിയിട്ടുണ്ടോ? അതെങ്ങനെ?'' ജാകിസ് അത്ഭുതത്തോടെ ചോദിച്ചു.

അതിനുത്തരം പറയാതെ ഞാനവനെ മുകളിലെ മാളിക ഭാഗത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ആകാശം വിശാലമായിരുന്നു. അനവധി കാഴ്ചകൾ വേറെയും കാണാമായിരുന്നു. മനസ്സിനു സന്തോഷം വേണോ? തെളിഞ്ഞ വെയിലും നീലാകാശവുമുള്ള ദിവസങ്ങളിൽ പുറത്തിറങ്ങുക. ഇനി അഥവാ പുറത്തിറങ്ങിയാൽ പറ്റിയില്ലെങ്കിൽത്തന്നെ ഈ മാതിരി സ്ഥലങ്ങളിൽ ച്ചെന്നു നിൽക്കാമല്ലോ. നോക്കൂ. നന്മ ഉറയാതെ സന്തോഷം നമ്മുടെ മനസ്സിൽ വന്നു നിറയുന്ന അനുഭവം കുട്ടിക്ക് ഉണ്ടാകാൻ പോകുന്നു.

''കുട്ടി ഇതെല്ലാം എങ്ങനെ മനസ്സിലാക്കി?'' അത്ഭുതം വിട്ടൊഴിയാതെ ജാകിസ് ചോദിച്ചു.

**അതിനുത്തരം പറയാതെ ഞാനവനെ മുകളിലെ മാളിക ഭാഗത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ആകാശം വിശാലമായിരുന്നു. അനവധി കാഴ്ചകൾ വേറെയും കാണാമായിരുന്നു. മനസ്സിനു സന്തോഷം വേണോ? തെളിഞ്ഞ വെയിലും നീലാകാശവുമുള്ള ദിവസങ്ങളിൽ പുറത്തിറങ്ങുക. ഇനി അഥവാ പുറത്തിറങ്ങിയാൽ പറ്റിയില്ലെങ്കിൽത്തന്നെ ഈ മാതിരി സ്ഥലങ്ങളിൽച്ചെന്നു നിൽക്കാമല്ലോ.**

മുമ്പ് ഞാനൊരു ബോർഡിങ് സ്കൂളിലായിരുന്നു. അവിടെ എനിക്കാരുമില്ലായിരുന്നു. എനിക്ക് ആ സ്ഥാപനത്തോട് വെറുപ്പായിരുന്നു. അതു മാറ്റാൻ ഞാൻ വെളിയിലിറങ്ങി നടക്കാൻ തുടങ്ങി. നടന്നുനടന്ന് അടുത്തുള്ള മരക്കൂട്ടങ്ങൾക്കിടയിലെത്തും. ഏതെങ്കിലും മരത്തണലിലിരുന്ന് കുറച്ചുനേരം സ്വപ്നം കാണും. കുറച്ചു കഴിഞ്ഞു നോക്കുമ്പോൾ ചുറ്റുമുള്ള പ്രകൃതി കൂടുതൽ സുന്ദരമായിത്തോന്നും. പകൽവേളയുടെ സൗന്ദര്യത്തെ ഞാനതു വരെ ശ്രദ്ധിച്ചിട്ടില്ലെന്നു തോന്നും അപ്പോൾ. അതോടെ ചീത്തക്കാര്യങ്ങൾ പാടേ മറന്നുപോകും. സൗന്ദര്യത്തെക്കുറിച്ചുമാത്രം ചിന്തിക്കും. അതുമാത്രമാണ് സത്യം എന്നു വിചാരിക്കും. അതോടെ സ്കൂളിനോടുള്ള വെറുപ്പു മുഴുവൻ പോകും. സ്കൂൾ എങ്ങനെയായാലെന്താ. മനസ്സുവിചാരിച്ചാൽ അതിനെ ഇഷ്ടപ്പെട്ട ഒന്നാക്കി മാറ്റാൻ കഴിയുമല്ലോ എന്നു വിചാരിക്കും. സാഹചര്യം എങ്ങനെയായാലും സന്തോഷം എന്നും കൂടെത്തന്നെയുണ്ടാകുമെന്ന് ആ രീതിയിൽ ഞാൻ പഠിച്ചു. എന്നുവച്ച് എല്ലായ്പ്പോഴും അത് അങ്ങനെയൊന്നുമായിരുന്നില്ലെന്നു കൂടി ഞാൻ കൂട്ടിച്ചേർത്തു. അതിനുശേഷവും ഞാൻ സങ്കടപ്പെട്ടിട്ടുണ്ട്. കരഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാം നഷ്ടപ്പെട്ടുപോയെന്ന ഒരവസ്ഥ പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല.

ജാകിസ് ഒന്നും പറയാതെ കുറച്ചുനേരം കൂടി ആകാശത്തേക്ക് ഉറ്റുനോക്കി. പിന്നെ പെട്ടെന്ന് എന്റെ നേരെ തിരിഞ്ഞ് ആനന്ദം കണ്ടെത്താൻ എനിക്കിതുവരെ കഴിഞ്ഞിട്ടില്ലെങ്കിലെന്താ, മറ്റൊന്നു ഞാൻ കണ്ടെത്തിയല്ലോ. എന്നെ മനസ്സിലാക്കാൻ കഴിയുന്ന ഒരു കൂട്ടുകാരിയെ! ഞാൻ ഒറ്റയ്ക്കല്ലെന്ന തിരിച്ചറിവ് എനിക്ക് ആ നിമിഷം തൊട്ടുണ്ടായി.



## കൂട്ടുകാർക്കായി ഇതാ പുതിയൊരു നോവൽ
## മുക്കുറ്റിക്കുഞ്ഞ്

**ഈ ലക്കം മുതൽ പുതിയൊരു നോവൽ ആരംഭിക്കുന്നു. ഈ നോവൽ കൂട്ടുകാർക്കായി രചിച്ചത് ശ്രീ രാജഗോപാലൻ നാട്ടുകൽ ആണ്. ആദ്യന്തം രസകരമായ ഈ നോവൽ വായിക്കുക. കൂട്ടുകാരുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുമല്ലോ.**

# നിഴലിനോട്

മലയിൻകീഴ് ജ്ഞാനേശ്വരൻ



വര: ആശ ആർ

കൂട്ടിനു കൂട്ടാളിപോൽ
രാവിലും പകലിലും
കൂടെ നീ നടക്കുന്നു
കൂടെ നീ കളിക്കുന്നു

ഇത്തിരിനേരം മുന്നി-
ലിത്തിരി നേരം പിന്നി-
ലിത്തിരി നേരം കാണാ-
മിടത്തും വലത്തും നീ.

ഉടലും തലയുമെൻ
സർവാംഗമെന്നേപ്പോലെ
ഉയരം മാത്രമെന്തേ
കൂടുന്നു? കുറയുന്നൂ?

ആടുമ്പോളാടുന്നു നീ
ചാടുമ്പോൾ ചാടുന്നു നീ
പാടുമ്പോൾ മാത്രമെന്തേ
ഊമയായ് മാറുന്നു നീ?

വർണവുമെൻ ചന്തവു-
മൊന്നുമേ കാട്ടാത്തവൻ
എന്നെന്നും നിനക്കെന്തേ
കറുത്ത നിറം മാത്രം?

## പുസ്തകവില്പനയിൽ റെക്കോഡുമായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇക്കഴിഞ്ഞ സാമ്പത്തികവർഷം വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളുമായാണ് മുന്നോട്ടു പോയത്. കഴിഞ്ഞ വർഷം രണ്ടര ക്കോടിയോളം രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വിൽക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു. ഇതാദ്യമായാണ് ഇത്രയുമധികം പുസ്തകങ്ങൾ കുട്ടികൾക്കിടയിൽ പ്രചരിപ്പിക്കാൻ കഴിഞ്ഞത്. 120 ഓളം പുതിയ പുസ്തകങ്ങളും 62 ഓളം റീപ്രിന്റ് പുസ്തകങ്ങളുമാണ് ഈ കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2017– 18 വർഷത്തിൽ പ്ലാൻ ഫണ്ട് വകയിൽ സർക്കാർ 1 കോടി 55 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. അനുവദിച്ചതിലും കൂടുതൽ തുക ചെലവാക്കി മികച്ച പ്രവർത്തനമാണ് ഇൻസ്റ്റിറ്റ്യൂട്ട് കാഴ്ച വച്ചത്. വരും വർഷങ്ങളിൽ കൂടുതൽ സജീവമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഇൻസ്റ്റിറ്റ്യൂട്ട് ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

# മുക്കുറ്റിക്കുഞ്ഞ്

രാജഗോപാലൻ നാട്ടുകൽ

## ഒന്ന്

ചക്കപ്പഴത്തിന്റെ തുണ്ടം തേക്കില കൊണ്ടു മറച്ച് വലതുകൈയിൽ പിടിച്ചിട്ടുണ്ട് അമ്മാളുവമ്മ. അവരുടെ ഇടതുകൈയിലെ ഒരു വിരലിൽ പിടിച്ച് പതുക്കെപ്പതുക്കെ ഒപ്പം നടക്കുകയാണ് അവരുടെ മകന്റെ ഏറ്റവും ഇളയ പെൺകുഞ്ഞ്. വയസ്സ് നാലേ ആയിട്ടുള്ളൂ. എങ്കിലും അവളുടെ സംസാരവും ബുദ്ധിയും ആരെയും അത്ഭുതപ്പെടുത്തും. നടക്കുന്നതിനിടയിൽ വഴിയിലെ ഒരു കല്ലിൽത്തട്ടി, അമ്മാളുവമ്മയുടെ വിരലിൽ നിന്ന് പിടിവിട്ട് കുഞ്ഞ് കമഴ്ന്നു വീണു.

ചക്കത്തുണ്ടം വഴിയരികിൽ വച്ച് അമ്മാളുവമ്മ അവളെ വാരിയെടുത്തു. അവളുടെ കാൽമുട്ടുകളിൽ പുരണ്ട പൊടിമണ്ണ് തട്ടിക്കളഞ്ഞു. കുഞ്ഞ് ചിണുങ്ങിച്ചിണുങ്ങി കരയാൻ തുടങ്ങി. ചുണ്ടിൽ ചോരത്തുള്ളി പൊടിയാൻ തുടങ്ങി.

മുണ്ടിന്റെ കോന്തല കൊണ്ട് കുഞ്ഞിന്റെ ചുണ്ടിൽ അമ്മാളുവമ്മ പതുക്കെ ഒപ്പി.

കുഞ്ഞ് ഭയത്തോടെ ചോദിച്ചു.

"അച്ഛമ്മേ, ഞാൻ ചാവ്വോ?"

"ഇല്ല മോളെ... മോളെന്താ ഇങ്ങനെ പറയണേ?"

"അപ്പോ പിന്നെ... നമ്മടെ... വടക്കേക്കരയിലെ കുഞ്ഞാടിയപ്പൂപ്പൻ മരിച്ചതോ? ആ അപ്പൂപ്പൻ മരിച്ചത് ചോര തുപ്പീട്ടല്ലേ?"

ചോര തുപ്പീത് ശരിയാ. അത് പിന്നെ... രോഗം വന്നിട്ടല്ലേ? മേൾക്കിപ്പം ഒരു രോഗോല്ല്യല്ലോ?"

"നിക്കും രോകം വര്വോ, അച്ഛമ്മയ്ക്കു രോകം വര്വോ?"

"ഇല്യ. കുഞ്ഞിന് രോഗം വരില്യ. അച്ഛമ്മയ്ക്കും രോഗം വരില്യ.അച്ഛമ്മ പ്രാർഥിക്കാം. എന്റെ കുഞ്ഞിന് ഒരു രോഗോം വര്ത്തല്ലേ, ഈശ്വരാ..."

ചക്കത്തുണ്ടമെടുത്ത് കുഞ്ഞിന്റെ വിരലിൽപിടിച്ച് അമ്മാളുവമ്മ പതുക്കെ നടന്നു.

ബാലൻ മാസ്റ്ററുടെ വീടിന്റെ ഗേറ്റുതുറന്ന് മുറ്റത്തെത്തി അമ്മാളുവമ്മ. വിരലിൽ നിന്നു പിടിവിടാതെ കുഞ്ഞ് ഒപ്പം നിന്നു.

ഭാഗ്യലക്ഷ്മിടീച്ചർ പുറത്തേക്കു വന്നു. വായിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കിവച്ച് ബാലൻമാസ്റ്ററും



വര: സചീന്ദ്രൻ കാറഡുക്ക

പുറത്തുവന്നു.

എന്നിട്ടു ചോദിച്ചു.

''ഇത്തവണ കോടി കായ്ച്ചതാ.'' ചക്കത്തുണ്ടം ടീച്ചറുടെ നേരെ നീട്ടി അമ്മാളുവമ്മ പറഞ്ഞു.

''അച്ഛമ്മേ, ഈ ചക്കച്ചൊളെളാക്കെ.... ചക്കേടെ കുഞ്ഞുങ്ങളാണോ...? ചക്കക്കുരോള് ചക്കേടെ പേരക്കുട്ടികളായിരിക്കും അല്ലേ...?''

കുട്ടി പതുക്കെ ചോദിച്ചു. അമ്മാളുവമ്മ ചിരിച്ചു. ഭാഗ്യലക്ഷ്മി ടീച്ചറും ബാലൻ മാഷും ചിരിച്ചു.

''മിടുക്കി! സുധാകരന്റെയും സുഷമയുടെയും കുഞ്ഞല്ലേ? ഇവൾ എത്രാമത്തേതാ?''

''ഇവൾ നാലാമത്തേതാ! എല്ലാം പെൺകുട്ട്യോളല്ലേ? മൂത്തവൾ സ്മിത. അവൾക്കു പതിനഞ്ച് വയസ്സായി. രണ്ടാമത്തേത് ഷീജ. അവൾക്ക് പന്ത്രണ്ട്, മൂന്നാമത്തവൾ ഷീബ. അവൾക്ക് എട്ടു കഴിഞ്ഞു. ഇവൾ ഉഷാറാണി. ഇവൾക്ക് നാല്.''

അമ്മാളുവമ്മ ഒരു നെടുവീർപ്പ് വിട്ടു.

''ഉഷാറാണി- ടീന്നാ മുഴ്വോൻ പേര്.''

കുട്ടി ഉറക്കെ പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു. ഒരു നിമിഷം ആരും ഒന്നും മിണ്ടാതായപ്പോൾ ദുഃഖത്തിന്റെ കെടാത്ത ഒരു കനൽ ഭാഗ്യലക്ഷ്മി ടീച്ചറുടെ മനസ്സിൽ

**'പൂത്താങ്കീരി' യിൽ ഫാഹിദ നല്ല സൂത്രക്കാരിയാണ്. വരമ്പു പോലെ നീളത്തിൽ കൂട്ടിയിട്ട പൂഴിമണ്ണിൽ കോലുകുത്തി പൂഴ്ത്തിവച്ച് രണ്ടുഭാഗത്തേക്ക് ഒപ്പം വടിച്ചിറക്കിക്കൊടുത്താലും പൂഴ്ത്തിയ കോല് കണ്ടുപിടിക്കാൻ അവൾ മിടുക്കിയാണ്. അവൾക്ക് ഇത്തിരി കുശുമ്പു കൂടുമെന്നെയുള്ളു. അതുകൊണ്ട് ഇത്തവണ 'കൊത്താങ്കല്ലുംവേണ്ട, പൂത്താങ്കിരിയും'വേണ്ട.'അക്കുത്തിക്കുത്താന' മതി. മുക്കുറ്റിക്കുഞ്ഞ് തീർച്ചപ്പെടുത്തി.**

കിടന്നു നീറാൻ തുടങ്ങി. ടീച്ചറുടെ മുഖത്തേക്കു നോക്കിയ ബാലൻമാസ്റ്ററുടെ മുഖത്ത് ദുഃഖത്തിന്റെ ഒരു കരിനിഴൽ പടർന്നു.

ബാലൻമാസ്റ്റർ മനസ്സിലെ ദുഃഖം മറച്ചുവച്ച് കുഞ്ഞിനോടു പറഞ്ഞു

''ഉഷാറാണി ടി. നല്ല പേര്! ഞാൻ മറ്റൊരു പേരു വിളിച്ചോട്ടേ?''

''മാഷ് വിളിച്ചോളൂ...'' കുഞ്ഞു പറഞ്ഞു.

''മുക്കുറ്റി! എന്താ ഇഷ്ടായോ?''

''ഉം. ഇസ്റ്റായി! ഇതുമതി!''

പെൺകുട്ടിയുടെ ചുണ്ടിൽ മുക്കുറ്റിപ്പൂ വിരിഞ്ഞു.

ബാലൻമാസ്റ്റർ ഇട്ട പേര് നാട്ടിലെ കുട്ടികളെല്ലാം വിളിക്കാൻ തുടങ്ങി.

''മുക്കുറ്റി [1]കൊത്താങ്കല്ലാടാൻ വാ!

''മുക്കുറ്റി [2]പൂത്താങ്കിരി കളിക്കാൻ വാ!''

''മുക്കുറ്റി [3]അക്കുത്തിക്കുത്താന കളിക്കാൻ വാ!''

കുട്ടികൾ മുക്കുറ്റിക്കുഞ്ഞിന്റെ വീട്ടിൽവന്ന് അവളെ കളിക്കാൻ വിളിക്കും. എല്ലാ കളികളിലും മുക്കുറ്റിക്കുഞ്ഞ് വേണം!

'പൂത്താങ്കീരി' യിൽ ഫാഹിദ നല്ല സൂത്രക്കാരിയാണ്. വരമ്പുപോലെ നീളത്തിൽ കൂട്ടിയിട്ട പൂഴിമണ്ണിൽ കോലുകുത്തി പൂഴ്ത്തിവച്ച് രണ്ടുഭാഗത്തേക്ക് ഒപ്പം വടിച്ചിറക്കിക്കൊടുത്താലും പൂഴ്ത്തിയ കോല് കണ്ടുപിടിക്കാൻ അവൾ മിടുക്കിയാണ്. അവൾക്ക് ഇത്തിരി കുശുമ്പു കൂടുമെന്നെയുള്ളൂ. അതുകൊണ്ട് ഇത്തവണ 'കൊത്താങ്കല്ലും വേണ്ട, പൂത്താങ്കിരിയും' വേണ്ട.'അക്കുത്തിക്കുത്താന' മതി. മുക്കുറ്റിക്കുഞ്ഞ് തീർച്ചപ്പെടുത്തി.

തൈമാവിൻ ചോട്ടിൽ കുട്ടികൾ വട്ടത്തിൽ ചമ്രം പടിഞ്ഞിരുന്ന് കൈത്തലങ്ങൾ ചേർത്തു കമിഴ്ത്തിവച്ചു.

ഏറ്റവും ഇളയകുട്ടിയായ മുക്കുറ്റിക്കുഞ്ഞ് പാടിത്തുടങ്ങി.

''അക്കുത്തിക്കുത്താന

1 *ഒരേപോലുള്ള അഞ്ചു ചെറിയ കല്ലുകൾ ഉപയോഗിച്ചുള്ള കളി. കല്ലുകൾ കൈപ്പടത്തിനു മുകളിൽ വച്ച് തറയിൽ ചിതറിയിടും. ഒരു കല്ലെടുത്ത് ക്രമത്തിൽ ഒറ്റ, ഈര, മുക്ക, നാക്ക (നാൽക്ക) വച്ചു, വാരി, വെട്ടിപ്പിടുത്തം എന്നിങ്ങനെ കളിക്കുന്നു. വെട്ടിപ്പിടുത്തത്തിൽ കിട്ടുന്ന കല്ലുകളുടെ എണ്ണത്തെ ആശ്രയിച്ചാണ് കടത്തിന്റെ എണ്ണവും.*

2 *പൊടിമണ്ണ് നീളത്തിൽ വരമ്പുപോലെ നിർത്തി ചെറിയ ഒരു കമ്പ് പൂഴ്ത്തി വച്ച് വീണ്ടും മണ്ണ് ഒപ്പമാക്കി വടിച്ചിറക്കും. പൂഴ്ത്തിയ കമ്പ് കണ്ടെത്തണം.*

3 *വട്ടത്തിലിരുന്ന് കൈത്തലങ്ങൾ കമിഴ്ത്തിയും പിന്നീട് മലർത്തിയും വച്ചുള്ള കളി. അക്കുത്തിക്കുത്താന എന്നു തുടങ്ങുന്ന പാട്ട് പാടണം. അവസാനത്തെക്കുട്ടി മൂക്കിൻത്തുമ്പത്ത് വിരൽവച്ച് ഈ പാട്ടുപാടി കളി അവസാനിപ്പിക്കും.*





വരമ്പ-ത്തക്കരെ
നിക്കണ
പുള്ളിപ്പശുവിൻ
കൈയോ കാലോ
രണ്ടാലൊന്ന് തട്ടീം മുട്ടീം
മലത്തിക്കള!''

ആദ്യം പൂർണിമ പുറത്തായി! പിന്നെ വിശാലും ഷാഹിദയും വിവേകും പുറത്തായി!

''അയ്യോ ഞാൻ തോറ്റുപോയേ....!''

മുക്കുറ്റിക്കുഞ്ഞ് സങ്കടപ്പെട്ടു

''സാരംല്യ. ഇനി മൂക്കിന്റെ തുമ്പത്ത് വിരലുകുത്തി പാടിക്കോ!'' പൂർണിമ പറഞ്ഞു. മുക്കുറ്റിക്കുഞ്ഞ് പാടിത്തുടങ്ങി. എല്ലാവരും ഏറ്റുപാടി.

''അക്കുത്തിക്കുത്താന
വരമ്പ-
ത്തക്കരെ നിക്കണ......''

മുക്കുറ്റിക്കുഞ്ഞ് കരച്ചിലിന്റെ വക്കോളമെത്തി. അവളെ സമാധാനിപ്പിക്കാൻ വേണ്ടി ഷാഹിദ പറഞ്ഞു.

''അല്ലേയല്ല; മുക്കുറ്റിക്കുഞ്ഞല്ല, മുക്കുറ്റിക്കുഞ്ഞിന്റെ മൂക്കാണ് തോറ്റത്!''

എല്ലാവരും ചിരിച്ചു. കണ്ണീരിലലിഞ്ഞ ഒരു ചിരി മുക്കുറ്റിക്കുഞ്ഞിന്റെ മുഖത്തു തെളിഞ്ഞു.

പിറ്റേദിവസം അൽപ്പം വൈകിയാണു മുക്കുറ്റിക്കുഞ്ഞ് ഉണർന്നത്. അമ്മയെന്തേ വിളിച്ചുണർത്തിയില്ല? മുക്കുറ്റിക്കുഞ്ഞിന് സങ്കടം വന്നു. ഈയിടെയായി അമ്മയ്ക്ക് തന്നോടു സ്നേഹം കുറഞ്ഞു വരുന്നുണ്ടോ? ബെന്നിച്ചായന്റെ ഭാര്യ ക്ലാരച്ചേച്ചിയോട് ഒരിക്കൽ അമ്മ പറയുന്നതു കേട്ടിട്ടുണ്ട്. നാലാമത്തേതും പെണ്ണായിപ്പോയെന്ന്! പെണ്ണായിപ്പിറന്നത് തന്റെ കുറ്റമാണോ? അതിന് ദേഷ്യപ്പെടേണ്ടത് ദൈവത്തോടല്ലേ? മുക്കുറ്റിക്കുഞ്ഞിന് ചിരി വന്നു.

സ്കൂളിൽ പോകുന്ന ചേച്ചിമാർക്ക് എല്ലാം ഒരുക്കിവച്ച് അമ്മ പുറത്തിറങ്ങിയിരിക്കുന്നു.

''തിങ്കളാഴ്ചയായതു കൊണ്ട് അമ്മ ഇന്ന് അയൽക്കൂട്ടം മീറ്റിങ്ങിന് പോവുകയാണ്.''

''ഞാനും വലുതാവുമ്പം അയൽക്കൂട്ടത്തിൽ പ്രസംഗിക്കാൻ പോകും!'' മുക്കുറ്റിക്കുഞ്ഞ് പറഞ്ഞു. ഇതുകേട്ടപ്പോൾ അമ്മാളുവമ്മ ചിരിച്ചു.

''വലുതാവുമ്പം മോൾക്ക് ആരാവാനാ ഇഷ്ടം?'' അമ്മാളുവമ്മ ചോദിച്ചു.

''പ്രതാനമന്ത്‌റി!''

അമ്മാളുവമ്മ വീണ്ടും

ചിരിച്ചു. പിന്നെ ചോദിച്ചു: ''പ്രധാനമന്ത്രിയാവുമ്പം മോള് അച്ഛമ്മയ്ക്ക് എന്താ തര്വാ?''

''അച്ഛമ്മയ്ക്ക് ഒരു ഉമ്മ!'' പിന്നെ ഒരു വലിയ ആശുപത്രീണ്ടാക്കിത്തരും! ഭക്ഷണവും മരുന്നും ഉടുപ്പുകളുമെല്ലാം കിട്ടുന്ന ഒരു വലിയ ആശുപത്രി. കുഴമ്പു തേപ്പിക്കാനും കുളിപ്പിക്കാനുമൊക്കെ പണിക്കാരെ നിർത്തും!''

അമ്മാളുവമ്മ മുക്കുറ്റിക്കുഞ്ഞിനെ വാരിയെടുത്ത് ഒരു ഉമ്മ കൊടുത്തു.

മുക്കുറ്റിക്കുഞ്ഞ് ചുറ്റും ഒന്നു കണ്ണോടിച്ചു

തൊടിയിൽ പ്ലാവിന്റെ ചുവട്ടിൽ നിറയെ പഴുത്ത പ്ലാവിലകൾ ചിതറിക്കിടക്കുന്നു. മുക്കുറ്റിക്കുഞ്ഞ് തൊടിയിലേക്കിറങ്ങിപ്പോയി. കുറെ പ്ലാവിലകൾ പെറുക്കിയെടുത്തു. ഇതു കണ്ടപ്പോൾ അമ്മാളുവമ്മയും തൊടിയിലേക്കിറങ്ങിച്ചെന്നു.

മുക്കുറ്റിക്കുഞ്ഞ് ഓരോ പ്ലാവിലയും അമ്മാളുവമ്മയുടെ കൈയിൽ വച്ചുകൊടുത്തു. അമ്മാളുവമ്മ ഓരോ പ്ലാവിലയിലും സൂക്ഷിച്ചു നോക്കി. 'നാഡി തളർന്ന് ഭക്ഷണം കഴിക്കാതെ അഞ്ചു വർഷം ഒരേ കിടപ്പിൽ കിടന്ന തന്റെ ഭർത്താവിന്റെ ശോഷിച്ച കൈപ്പത്തി പോലെ!' അവർ മനസ്സിൽ പറഞ്ഞു.

ഓരോ പ്ലാവിലയിലും അമ്മാളുവമ്മ പതുക്കെ തൊട്ടുഴിഞ്ഞു.

ഒരു നനുത്ത കാറ്റ് എവിടെയോ വീശുന്നുണ്ട്. അമ്മാളുവമ്മ പ്ലാവിന്റെ തണലിലേക്കു നീങ്ങിനിന്നു. പിന്നെ ഇത്തിരിനേരം കണ്ണടച്ചു.

''എന്താ അച്ഛമ്മേ കണ്ണടയ്ക്കണേ?'' മുക്കുറ്റിക്കുഞ്ഞ് ചോദിച്ചു.

''ഏയ് ഒന്നൂല്യ.'' അമ്മാളുവമ്മ പറഞ്ഞു. മുറ്റത്തിനോടു ചേർന്നു കിടന്ന ഒരു പ്ലാവില കൂടി പെറുക്കിയെടുത്തപ്പോൾ മുക്കുറ്റിക്കുഞ്ഞ് അതുകണ്ടു. പ്ലാവിലയ്ക്കടിയിൽ, പൂഴിമണ്ണിൽ ഒരു ചെറിയ കുഴി. ഒരാഴ്ച മുൻപ് കല്യാണനിശ്ചയം കഴിഞ്ഞ ചേലക്കാട്ട് വീട്ടിലെ പ്രവീണചേച്ചിയുടെ കവിളിലെ നുണക്കുഴിപ്പോലെ!

''ഹായ്! ഹായ്! അച്ഛമ്മേ ഞാൻ കണ്ടു!'' മുക്കുറ്റിക്കുഞ്ഞ് വിളിച്ചുപറഞ്ഞു.

''എന്തു കണ്ടു?''

''പാതാളത്തിലേക്കുള്ള ഒരു കുഞ്ഞുവഴി!''

അമ്മാളുവമ്മ മൂക്കത്തു വിരൽ വച്ചു.

''എവിടന്നാ ഈ കുഞ്ഞിന് 'പാതാള' മെന്ന വാക്കു കിട്ടിയത്? ആരാ ഇതൊക്കെ പറഞ്ഞുകൊടുത്തത്?''

''ഇതേയ്, പാതാളത്തിലേക്കുള്ള വഴിയല്ല, കുഴിയാനയുണ്ടാക്കിയ കുഴിയാ!'' അമ്മാളുവമ്മ ഇതു പറഞ്ഞപ്പോൾ മുക്കുറ്റിക്കുഞ്ഞ് ചിരിച്ചു.

അവൾ ഒരു ചെറിയ കോലെടുത്ത് കുഴിയിൽ പതുക്കെ ഇളക്കി. എന്നിട്ട് ഒരു ചെറിയ ജീവിയെ പുറത്തെടുത്തു. കോലുകൊണ്ട് അവൾ അങ്ങോട്ടുമിങ്ങോട്ടും അതിനെ ഉരുട്ടി പരിശോധിക്കുന്നതിനിടയിൽ അമ്മാളുവമ്മ പറഞ്ഞു.

''കുഴിയാനകള് ഒരുതരം തുമ്പീടെ കുഞ്ഞുങ്ങളാ!''

മുക്കുറ്റിക്കുഞ്ഞിന് അത്ഭുതമായി. അവൾ പറഞ്ഞു.

''എന്തായാലും അച്ഛമ്മേ, കുഴിയാനയ്ക്ക് ഇവിടെ പാർത്ത് മടുത്തുകാണും.! അതുകൊണ്ടാ അത് ഇവിടം വിട്ട് ഭൂമി തൊളച്ച് തൊളച്ച് ഇറങ്ങിപ്പോണത്!''

അമ്മാളുവമ്മ ചിരിച്ചു. മുക്കുറ്റിക്കുഞ്ഞും. (തുടരും)



## കുട്ടികൾക്കുവേണ്ടി ആദ്യമായി ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം




**തിരുവനന്തപുരത്ത് ആദ്യമായി ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഒരുങ്ങുന്നു. കേരള സംസ്ഥാന ശിശുക്ഷേമസമിതി, സംസ്ഥാന ചലച്ചിത്രഅക്കാദമി, ചലച്ചിത്രവികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട് എന്നിവരാണ് സംഘാടകർ. 5 തിയേറ്ററുകളിലായി 140 സിനിമകൾ മെയ് 14 മുതൽ 20 വരെ പ്രദർശിപ്പിക്കും. 150 രൂപയാണ് ഒരാഴ്ചത്തേക്കുള്ള ടിക്കറ്റ് ചാർജ്.**

**കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ പ്രവേശന പാസ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിശദാംശങ്ങൾക്ക് തൈക്കാട് ശിശുക്ഷേമ സമിതി ഓഫീസുമായോ (ഫോൺ :0471 2324932, 2324930) പാളയത്ത് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായോ (ഫോൺ: 0471 2327276) ബന്ധപ്പെടുക. രണ്ട് ഫോട്ടോ സഹിതം എത്തുന്നവർക്ക് അപ്പോൾത്തന്നെ രജിസ്ട്രേഷൻ ലഭിക്കും.**

# വിന്നി മണ്ടേല: കറുത്തവർഗക്കാരുടെ അമ്മ

സഫിയ ഒ സി

ദക്ഷിണാഫ്രിക്കയിലെ പ്രമുഖ രാഷ്ട്രീയ പ്രവർത്തകയും ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് വിമൻ ലീഗിന്റെ നേതാവുമായിരുന്ന വിന്നി മണ്ടേല ഇക്കഴിഞ്ഞ ഏപ്രിൽ 2ാം തീയതി അന്തരിച്ചു. കറുത്തവർഗക്കാരുടെ അമ്മ എന്നറിയപ്പെട്ടിരുന്ന വിന്നി മണ്ടേലയുടെ സംഭവ ബഹുലമായ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്തുകയാണ് ഈ ലേഖനം.

ഏപ്രിൽ പതിനാലാം തീയതി ഒരു കടൽ പോലെ സൊവെറ്റോയിലെ ഓർലാൻഡോ സ്റ്റേഡിയത്തിൽ അവർ എത്തി. അവരെല്ലാവരും വിന്നിയെപോലെ കറുത്ത ഉടുപ്പും പച്ച തലക്കെട്ടും അണിഞ്ഞിരുന്നു. അവർ ഒന്നിച്ച് ഒരേ ശബ്ദത്തിൽ പറഞ്ഞു, ''അവൾ മരിച്ചിട്ടില്ല, അവൾ അനേകമായി പെരുകും''.

ആഫ്രിക്കയിൽ കൊടികുത്തിവാണ വർണ വിവേചനത്തിന് എതിരെ പോരാടിയ നിരവധി നേതാക്കളിൽ ഒരാളായിരിക്കാം വിന്നി മണ്ടേല. അക്കൂട്ടത്തിലെ സ്ത്രീശക്തിയുടെ പ്രതീകം. വർണവിവേചന പോരാട്ട നായകൻ നെൽസൺ മണ്ടേലയുടെ മുൻഭാര്യ ആയതു കൊണ്ടു മാത്രമല്ല ദക്ഷിണാഫ്രിക്ക അവരെ രാഷ്ട്രമാതാവ് എന്നു വിശേഷിപ്പിക്കുന്നത്. അവർ ശരിക്കും മാതൃരൂപം തന്നെയായിരുന്നു ദക്ഷിണാഫ്രിക്കയ്ക്ക്.

ട്രാൻസ്കിയിലെ എംബോംഗെനി ഗ്രാമത്തിൽ 1936 സെപ്തംബർ 26നാണ് നോംസാമോ വിന്നിഫ്രെഡ് സാനിവേ മടികിസെല (Nomzamo Winifred Zanyiwe Madikizela) ജനിച്ചത്. ഒൻപത് മക്കളിൽ അഞ്ചാമത്തെ കുട്ടിയായിരുന്നു വിന്നി. പിതാവ് കൊളംബസ് ഒരു ചരിത്ര അധ്യാപകനും മാതാവ് ജെട്രൂഡ് ഒരു സയൻസ് അധ്യാപികയും ആയിരുന്നു.

ബിസാനയിലും എംബോംഗെനിയിലുമായി പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ വിന്നിയുടെ ജീവിതത്തിൽ രണ്ടു ദുരന്തങ്ങൾ നടന്നു. ഒന്നു മൂത്ത ചേച്ചിയുടെ മരണമായിരുന്നു. രണ്ടാമത്തേത് അമ്മയുടെയും. അതോടെ മറ്റ് സഹോദരങ്ങൾക്ക്, പ്രത്യേകിച്ചും ഏറ്റവും ഇളയ സഹോദരന്, മാതൃതുല്യമായ സ്നേഹവും കരുതലും നൽകുന്ന ഉത്തരവാദിത്തം വിന്നിയുടേതായി മാറി.



വിന്നി മണ്ടേല



വിവാഹദിനത്തിൽ നെൽസൺ മണ്ടേലയോടൊപ്പം

1945–ൽ രണ്ടാം ലോകമഹായുദ്ധം അവസാനിച്ച നാളുകളിൽ വർണവിവേചനത്തിന്റെ ആദ്യ അനുഭവം വിന്നിക്കുണ്ടായി. ബിസാനയിൽ യുദ്ധത്തിന്റെ വിജയാഘോഷങ്ങൾ നടക്കുകയായിരുന്നു. അവിടേക്ക് സഹോദരങ്ങളെയും കൂട്ടി പോകാൻ വിന്നി പിതാവിനോട് അനുവാദം ചോദിച്ചു. ആദ്യമൊന്നും അദ്ദേഹം അനുവദിച്ചില്ല. ഒടുവിൽ മകളുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിനു മുൻപിൽ അദ്ദേഹത്തിന് സമ്മതിക്കേണ്ടി വന്നു. പരിപാടി നടക്കുന്ന നഗരത്തിലെ ഹാളിൽ എത്തിയപ്പോളാണ് മനസിലായത്. അത് വെള്ളക്കാർക്ക് മാത്രം ഉള്ള പരിപാടി ആയിരുന്നുവെന്ന്. അകത്ത് ആഘോഷ പരിപാടികൾ നടക്കുമ്പോൾ കൊച്ചുവിന്നിക്കും അച്ഛനും സഹോദരങ്ങൾക്കും ഹാളിന്റെ പുറത്തു നിൽക്കേണ്ടി വന്നു. ഇത് അവളുടെ മനസിൽ വല്ലാത്ത മുറിവുണ്ടാക്കി. കുട്ടിക്കാലത്തുണ്ടായ ഈ വേദന ആയിരിക്കാം വിന്നിയെ പിന്നീട് വർണവിവേചന പോരാളിയാക്കി മാറ്റിയത്.

ഇതിനെ തുടർന്ന് മറ്റൊരു സംഭവവും ഉണ്ടായി. ബിസാനയിലെ ഒരു കടയിൽ വെച്ചായിരുന്നു അത്. വിന്നിയും പിതാവും സാധനം വാങ്ങിക്കാൻ എത്തിയതായിരുന്നു. കറുത്ത വർഗക്കാരനായ ഒരാൾ കടയുടെ പടിയിൽ ഇരുന്നു മുലയൂട്ടിക്കൊണ്ടിരിക്കുകയായിരുന്ന ഭാര്യയ്ക്ക് റൊട്ടി മുറിച്ചു നൽകുകയായിരുന്നു. അപ്പോൾ അവിടേക്ക് കടന്നുവന്ന വെള്ളക്കാരനായ കടയുടമയുടെ മകൻ അവരെ ചീത്ത വിളിക്കുകയും കടയിൽ നിന്നും പുറത്തേക്ക് എടുത്തെറിയുകയും ചെയ്തു. ഇത് കണ്ട് ഭയചകിതയായ വിന്നി ആലോചിച്ചത് ഇതാണ്. എന്തുകൊണ്ടാണ് അധ്യാപകനായ തന്റെ പിതാവ് ഈ അനീതിക്കെതിരെ പ്രതികരിക്കാതിരുന്നത്?

1950കളിൽ സർക്കാർ നടപ്പിലാക്കിയ, വെളുത്തവർക്കും കറുത്തവർക്കും പ്രത്യേകം പ്രത്യേകം പാഠ്യപദ്ധതിയുള്ള ബണ്ടു എഡ്യുക്കേഷന്റെ ഗുണഭോക്താക്കളിൽ ഒരാളായിരുന്നു വിന്നി. എട്ടാം ക്ലാസിൽ മികച്ച മാർക്കോടെ വിജയിച്ച വിന്നി ക്വമ്പൂവിലെ മിഷൻ സ്കൂളിൽ പഠിക്കാൻ ചേർന്നു. എന്നാൽ നന്നായി പഠിക്കുന്ന വിന്നിക്ക് സാമ്പത്തിക ബുദ്ധിമുട്ട് പഠനത്തിനു തടസ്സമായി. ഇതു മനസ്സിലാക്കിയ ചേച്ചി നാൻസി പഠനം നിർത്തുകയും വിന്നിയുടെ പഠനത്തിനുവേണ്ട പണം സമ്പാദിക്കാൻ സാധാരണ ജോലികൾക്ക് പോവുകയും ചെയ്തു. മിഷൻ സ്കൂളിൽ നിന്നും മികച്ച മാർക്കോടെ വിന്നി പഠനം പൂർത്തിയാക്കി.

1953ൽ ജോഹന്നാസ്ബർഗിലെ ജാൻ ഹോഫ്മെയർ സ്കൂൾ ഓഫ് സോഷ്യൽ വർക്കിൽ ഉന്നത പഠനത്തിന് ചേർന്നു. നെൽസൺമണ്ടേലയായിരുന്നു ആ സ്കൂളിന്റെ നടത്തിപ്പുകാരിൽ ഒരാൾ. ജോഹന്നാസ്

ബർഗിലെ പഠനകാലത്ത് വർണവിവേചനത്തിന്റെ ഏറ്റവും ക്രൂരമായ മുഖം വിന്നി കണ്ടു. അനുഭവിച്ചു. 1955 ൽ ക്ലാസിൽ ഒന്നാമതായി പഠിച്ചിറങ്ങുമ്പോൾ വിന്നി പൂർണ്ണമായും ഒരു രാഷ്ട്രീയബോധമുള്ള വ്യക്തിയായി മാറിക്കഴിഞ്ഞിരുന്നു. അമേരിക്കയിലേക്ക് സ്കോളർഷിപ്പോടെ പഠിക്കുവാനുള്ള അവസരം ഉണ്ടായിട്ടും അത് തിരഞ്ഞെടുക്കാതെ ബരാഗ്വനാഥ് ആശുപത്രിയിൽ മെഡിക്കൽ സോഷ്യൽ വർക്കർ ആയി അവൾ ജോലിക്കു ചേർന്നു. അങ്ങനെ ആശുപത്രിയിലെ ആദ്യത്തെ വിദ്യാസമ്പന്നയായ കറുത്തവർഗക്കാരി സ്റ്റാഫ് ആയി വിന്നി.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡന്റ് ഒലിവർ ടാംബോ പിന്നീട് വിവാഹം കഴിച്ച ആഡിലെയ്ഡ് സുക്കുഡുവുമായി ഒന്നിച്ച് ഒരു മുറിയിൽ കഴിഞ്ഞത് വിന്നിയുടെ രാഷ്ട്രീയപ്രവേശനത്തിന്റെ വേഗം കൂട്ടി. നെൽസൺ മണ്ടേലയുമായി അടുത്ത ബന്ധത്തിൽ ആകുന്നതും ആ കാലത്താണ്. അലക്സാൺഡ്രെ നഗരത്തിലെ ശിശുമരണങ്ങളെ കുറിച്ചു നടത്തിയ പഠനങ്ങളും മറ്റും വിന്നിയെ കൂടുതൽ കൂടുതൽ കറുത്ത ജനവിഭാഗങ്ങൾ നേരിടുന്ന ദുരിത ജീവിതകാഴ്ചകളിലേക്ക് എത്തിച്ചുകൊണ്ടിരുന്നു.

1958ലാണ് വിന്നിയും നെൽസൺ മണ്ടേലയുമായുള്ള വിവാഹം നടക്കുന്നത്. അപ്പോഴേക്കും നെൽസൺ മണ്ടേല രാജ്യത്തെ വർണവിവേചന പോരാട്ടത്തിലെ മുന്നണി പോരാളി ആയിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ രാജ്യം ശ്രദ്ധിച്ച വിവാഹങ്ങളിൽ ഒന്നായി അത് മാറി.

കുടുംബജീവിതം അത്ര സുഖകരമായിരുന്നില്ല വിന്നിക്ക്. നിരന്തരമായ പോലീസ് റെയ്ഡുകളും മറ്റും പലപ്പോഴും അന്തരീക്ഷം കലുഷിതമാക്കിയിരുന്നു. 1958ൽ വർണവിവേചന സർക്കാരിന്റെ കരിനിയമങ്ങൾക്കെതിരെ സ്ത്രീകളുടെ വമ്പിച്ച പ്രക്ഷോഭം ദക്ഷിണാഫ്രിക്കയിൽ അരങ്ങേറി. ജോഹന്നാസ്ബർഗിലും പ്രിട്ടോറിക്കയിലും ഓർലാണ്ടോയിലും നടന്ന സമരത്തിൽ ആയിരത്തോളം സ്ത്രീകൾ അറസ്റ്റ് വരിച്ചു. അവർ ജാമ്യത്തിനു അപേക്ഷിക്കാതെ ജയിലിൽ കഴിയാൻ തീരുമാനിച്ചു. ഗർഭിണിയായ വിന്നിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ദക്ഷിണാഫ്രിക്കൻ ജയിലിലെ ദുരിതകാഴ്ചകൾ വിന്നിയിലെ രാഷ്ട്രീയജീവിയെ കൂടുതൽ കൂടുതൽ ജ്വലിപ്പിച്ചു.

1961 ആഗസ്റ്റ് മാസം അഞ്ചാം തീയതി ഡർബനിൽ നിന്നും ജോഹന്നാസ് ബർഗിലേക്ക് പോവുകയായിരുന്ന നെൽസൺ മണ്ടേലയെ പോലീസ് അറസ്റ്റ് ചെയ്തത് വിന്നി മണ്ടേലയുടെ ജീവിതത്തിലെ നിർണ്ണായക സംഭവമായി. മണ്ടേലയുടെ 27 വർഷം നീണ്ടുനിന്ന



ജയിൽ വാസത്തിന്റെ തുടക്കമായിരുന്നു അത്. അകത്തുള്ള മണ്ടേലയുടെ ജീവിതത്തേക്കാൾ ദുരിതമായി വിന്നിയുടെ ജീവിതം. പോലീസ് അവരെ നിരന്തരം വേട്ടയാടി. അവർക്ക് ജോഹന്നാസ് ബർഗ് വിട്ടുപുറത്ത് പോകാനോ പ്രതിഷേധയോഗങ്ങളിൽ പങ്കെടുക്കുന്നതിനോ ഉള്ള അവസരം പോലീസ് നിഷേധിച്ചു. ഇതിനിടെ 1963ൽ നെൽസൺ മണ്ടേലയെ റോബൻ ദ്വീപിലെ ജയിലിലേക്കു മാറ്റി. ജോഹന്നാസ് ബർഗിൽ നിന്നും 1400 കിലോമീറ്റർ അകലെ.

ആ കാലത്തെ കുറിച്ചു വിന്നി തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതി.

''ലോകം മുഴുവൻ ശാന്തമായി ഉറങ്ങുമ്പോൾ അർധരാത്രിയിലെ ആ വാതിലിൽ മുട്ട് അസ്വസ്ഥകരമായിരുന്നു. വാതിൽ തുറക്കുന്നതിനു മുൻപ് കണ്ണു തുറക്കാൻ സാധിക്കാത്ത വിധം ടോർച്ച് വെളിച്ചം എല്ലാ ജനാലകളിലും കൂടി അകത്തേക്കു പ്രവഹിക്കും. വീടിലുള്ള ഓരോ കടലാസും അവർ അരിച്ചു പെറുക്കി വായിക്കും. പുസ്തകഷെൽഫിലെ ഓരോ പുസ്തകവും അവർ തുറന്നു പരിശോധിക്കും. ഒരു പേജ് പോലും ഒഴിവാക്കാതെ തറവിരിപ്പുകളും കിടക്കയും അവർ പൊക്കി പരിശോധിക്കും. ഉറങ്ങുന്ന മക്കളെ ഞെട്ടി വിളിച്ചുണർത്തി ആ കിടക്കകളും പരിശോധിക്കും. അടുക്കളയിലെ ഷെൽഫുകളും അവർ വെറുതെ വിടില്ല. പഞ്ചസാരപാത്രം പോലും തുറന്നു പരിശോധിച്ചു രുചിച്ചു നോക്കും. ഓരോ ഡ്രസ്സും പുറത്തെടുത്ത് അതിന്റെ പോക്കറ്റുകൾ പോലും ഒഴിവാക്കാതെ പരിശോധിക്കും. ഒടുവിൽ പുലരുമ്പോൾ അമ്മയുടെ കുപ്പായക്കയ്യിൽ പിടിച്ച് കരയുന്ന കുഞ്ഞുങ്ങളെ വീട്ടിൽ തനിച്ചാക്കിയിട്ട് പോലീസ് ഉദ്യോഗസ്ഥർ പിടിച്ചുകൊണ്ടു പോകും.''

1969 മെയ് 12 നു രാത്രി വിന്നി മണ്ടേലയെ പോലീസ് അറസ്റ്റു ചെയ്യുകയും 17 മാസത്തേക്ക് ജയിലിൽ അടയ്ക്കുകയും ചെയ്തു. ഭീകരവിരുദ്ധ നിയമത്തിൽപ്പെടുത്തി ആയിരുന്നു അറസ്റ്റ്. ബന്ധുക്കളെയോ അഭിഭാഷകരേയോ കാണാൻ അനുവദിക്കാതെ ഏകാന്ത തടവിലിടുകയായിരുന്നു ഗവൺമെന്റ് വിന്നിയെ. പിന്നീട് ജയിലിൽ നിന്നും പുറത്തിറങ്ങിയപ്പോഴും വിന്നിക്കെതിരെയുള്ള സഞ്ചാരവിലക്ക് ഗവൺമെന്റ് തുടർന്നു. പക്ഷേ ഇതുകൊണ്ടൊന്നും വിന്നി മണ്ടേലയുടെ ഉള്ളിലെ തീ കെടുത്താൻ വർണവെറിയൻ ഗവൺമെന്റിന് ആയില്ല. നെൽസൺ മണ്ടേലയുടെ ഭാര്യ എന്ന നിലയിൽ നിന്നും ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ മറ്റൊരു നേതാവ് എന്ന നിലയിലേക്ക് വിന്നി മാറിക്കഴിഞ്ഞു. 1973ൽ വിന്നി വീണ്ടും അറസ്റ്റിലായെങ്കിലും തടവ് ദീർഘകാലം നീണ്ടില്ല. 1975ൽ വിന്നിയുടെ സഞ്ചാരവിലക്കും തൽക്കാലത്തേക്ക് സർക്കാർ അവസാനിപ്പിച്ചു. എന്നാൽ 1976 ലെ സൊവെറ്റോ പ്രക്ഷോഭത്തെ തുടർന്ന് വിന്നി വീണ്ടും അറസ്റ്റിലാവുകയും അഞ്ചു മാസം ജയിലിൽ കിടക്കുകയും ചെയ്തു. 1977ൽ വീണ്ടും സഞ്ചാരവിലക്ക് നിലവിൽ വന്നു.

1977ലാണ് വിന്നിയുടെ ജീവിതത്തിലെ മറ്റൊരു പ്രധാന സംഭവം അരങ്ങേറിയത്. അവരെ ജോഹന്നാസ് ബർഗിൽ നിന്നും 400 കിലോമീറ്റർ അകലെയുള്ള ബ്രാൻഡ്ഫോർട്ടിലേക്ക് നാടുകടത്തി. എട്ട് വർഷത്തോളം ഈ നാടുകടത്തൽ നീണ്ടെങ്കിലും അതുകൊണ്ടൊന്നും വിന്നിയെ തളർത്താൻ ഭരണകൂടത്തിന് ആയില്ല. 1986ൽ അവർ ജോഹന്നാസ്ബർഗിൽ തിരിച്ചെത്തി.

1990 ഫെബ്രുവരി 2 നു പ്രസിഡന്റ് എഫ് ഡബ്ല്യു ഡി ക്ലാർക്ക് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ വിലക്ക് നീക്കിയതോടെ രാഷ്ട്രീയതടവുകാർ ജയിലിൽ നിന്നും മോചിപ്പിക്കപ്പെട്ടു തുടങ്ങി. ഫെബ്രുവരി പതിനൊന്നാം തീയതി നെൽസൺ മണ്ടേല വിക്ടർ വേർസ്റ്റർ ജയിലിൽ നിന്നും പുറത്തിറങ്ങി. ഏകദേശം 30 വർഷത്തോളം നീണ്ട വേർപാടിന് ശേഷം വിന്നിയും നെൽസൺ മണ്ടേലയും ഒന്നിച്ചു.

എന്നാൽ ആ സന്തോഷം അധിക കാലം നീണ്ടുനിന്നില്ല. മണ്ടേല ഫുട്ബോൾ ക്ലബുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങളും മറ്റും വിന്നിയെ വിവാദ നായികയാക്കി. 1992ൽ വിന്നിയുമായുള്ള വിവാഹമോചനം മണ്ടേല പ്രഖ്യാപിച്ചു. 1996ൽ വിന്നിയും നെൽസൺ മണ്ടേലയും തമ്മിൽ വേർപിരിഞ്ഞെങ്കിലും മണ്ടേല എന്ന പേര് അവർ ഉപേക്ഷിച്ചില്ല.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ മുഖ്യധാരയിൽ നിന്നും അവർ പിൻവാങ്ങിയെങ്കിലും കറുത്ത വർഗക്കാരായ സ്ത്രീകൾക്കും അടിച്ചമർത്തപ്പെടുന്നവർക്കും വേണ്ടിയുള്ള പ്രവർത്തനം അവർ അവസാന കാലം വരെ തുടർന്നു. അതുകൊണ്ടു തന്നെ അവരെ ദക്ഷിണാഫ്രിക്കക്കാർ 'രാഷ്ട്ര മാതാവാ'യി വിശേഷിപ്പിച്ചു. 'മാമ വിന്നി' എന്നു വിളിച്ചു.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏറെക്കുറെ നിശ്ശബ്ദയായ വിന്നി മണ്ടേല പൊതുശ്രദ്ധയിൽ വന്നത് 2013 ഡിസംബർ അഞ്ചിന് നെൽസൺ മണ്ടേല മരിച്ചപ്പോഴാണ്.

2018 ഏപ്രിൽ രണ്ടാം തീയതി തന്റെ പ്രവർത്തനകേന്ദ്രമായ ജോഹന്നാസ് ബർഗിൽ വെച്ചു വിന്നി മണ്ടേല അന്തരിച്ചു.

# തൊടുന്നതെല്ലാം പൊന്നാക്കിയ മിഡാസ്

എം ഗീതാഞ്ജലി

മിഡാസ് വളരെയധികം സ്വത്തുക്കളും പണവുമുള്ള രാജാവായിരുന്നു. എന്നിട്ടും പണത്തിലുള്ള ആർത്തി ഒട്ടും കുറഞ്ഞില്ല. ഇനിയും ഇനിയും ധനം സമ്പാദിക്കണം. ലോകത്തിലെ ഏറ്റവും വലിയ ധനികനായ രാജാവാകണം. മിഡാസിന്റെ ജീവിതത്തിലെ ഒരേയൊരു ആശ അതായിരുന്നു.

ഒരുദിവസം രാജസദസ്സിലേക്ക് കുറേ ആളുകൾ കയറിവന്നു. കണ്ടാൽ ഭ്രാന്തെന്നു തോന്നിക്കുന്ന ഒരു വൃദ്ധനെയും വലിച്ചിഴച്ചാണ് അവർ വന്നത്.


''പ്രഭോ, അങ്ങയുടെ തോട്ടത്തിലൊരിടത്ത് ഒളിച്ചു നിൽക്കുകയായിരുന്നു ഇയാൾ. വല്ലതും മോഷ്ടിച്ചുകൊണ്ടോവാംന്ന് കരുതി നിൽക്കുകയാണെന്നു തോന്നി. അതാ പിടിച്ചുകൊണ്ടു വന്നത്.'' വന്നവർ രാജാവിനെ വണങ്ങി അറിയിച്ചു.

മിഡാസ് കിഴവനെ സൂക്ഷിച്ചുനോക്കി. നല്ല പരിചയമുള്ള പോലെ തോന്നുന്നു. എവിടെയോ കണ്ടതുപോലെ.

''നിങ്ങളാരാണ്? എന്താ പേര്? എന്തിനാണ് തോട്ടത്തിൽ ഒളിച്ചുനിന്നത്?''

മിഡാസ് കിഴവനോട് ചോദിച്ചു.

''ഞാനൊളിച്ചു നിൽക്കു



വര: ടി ആർ രാജേഷ്

കയായിരുന്നില്ല പ്രഭോ. വല്ലതും കഴിച്ചിട്ട് ഒരുപാട് നാളായി. സിലേരുസ് എന്നാണെന്റെ പേര്.''

തളർന്നവശനായ കിഴവൻ രാജാവിന്റെ മുന്നിൽ വണങ്ങി നിന്നു.

പെട്ടെന്ന് രാജാവിന് ആളെ പിടികിട്ടി. ''ഓ സിലേരുസ്! നിങ്ങൾ ബാക്കസ് ദേവന്റെ ഉറ്റ സുഹൃത്താണല്ലേ!'' മിഡാസ് സിംഹാസനത്തിൽ നിന്നിറങ്ങി വന്ന് സിലേരുസിനെ സ്വീകരിച്ചു.

''വരൂ. താങ്കൾ എന്റെ കൊട്ടാരത്തിൽ അതിഥിയാണ്. എത്രദിവസം വേണമെങ്കിലും താങ്കൾക്കിവിടെ എന്റെ കൂടെ കഴിയാം.''

അങ്ങനെ സിലേരുസിനെ മിഡാസ് കൊട്ടാരത്തിൽ പാർപ്പിച്ചു. രാജകീയ ഭക്ഷണവും ശുശ്രൂഷയുമെല്ലാം കിട്ടിയപ്പോൾ സിലേരുസിന്റെ ശരീരം നന്നായി. കുറച്ചു നാൾ സന്തോഷമായി കഴിഞ്ഞപ്പോൾ സിലേരുസ് മിഡാസിനോട് നന്ദിപറഞ്ഞ് അവിടന്ന് പോകാനൊരുങ്ങി.

''ഇങ്ങനെ തനിച്ചു പോകാനോ? ഞാൻ തന്നെ താങ്കളെ ബാക്കസ് ദേവന്റെ അരികിലെത്തിക്കാം.''മിഡാസ് പറഞ്ഞു.

ഒരു സ്വർണത്തേര് കൊണ്ടുവരാൻ രാജാവ് ആജ്ഞാപിച്ചു. സലേരുസിനെ അതിലിരുത്തി മിഡാസ് തന്നെ ബാക്കസ് ദേവന്റെ സന്നിധിയിലേക്ക് തേർ തെളിച്ചു.

ബാക്കസ്ദേവന്റെ സന്നിധിയിലെത്തിയപ്പോൾ നടന്നതെല്ലാം മിഡാസ് ദേവനോട് വിസ്തരിച്ചു. ദേവന് വലിയ സന്തോഷമായി. തന്റെ ആത്മമിത്രത്തെ മിഡാസ് കയ്യൊഴിഞ്ഞില്ലല്ലോ. നല്ല ശുശ്രൂഷ നൽകി നോക്കി സംരക്ഷിച്ചുവല്ലോ. സന്തുഷ്ടനായ ദേവൻ

**വരമായി കിട്ടിയ ശക്തി പരീക്ഷിച്ചു നോക്കണ്ടേ. മിഡാസ് ആദ്യം തന്നെ മുന്നിൽക്കണ്ട ഒരു ഒലീവുമരത്തെ ഓടിച്ചെന്നു സ്പർശിച്ചു. അതാ ഞൊടിയിടയ്ക്കുള്ളിൽ മുന്നിലൊരു സ്വർണ ഒലീവുമരം! മിഡാസിന് സ്വന്തം കണ്ണുകളെത്തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല. പിന്നെ സ്വന്തം കുപ്പായം തൊട്ടു. അത് അതാ സ്വർണക്കുപ്പായമായി. പിന്നെ വഴിയിൽക്കണ്ട ചെടിയും പുല്ലും കല്ലും മുള്ളും എല്ലാം തൊട്ടുകൊണ്ട് മിഡാസ് നടന്നു. നിമിഷങ്ങൾക്കുള്ളിൽ എല്ലാം സ്വർണമായി മാറി. .**

പറഞ്ഞു.

''മിഡാസ് വളരെ നല്ല കാര്യമാണ് നീ ചെയ്തത്. നിനക്കിഷ്ടമുള്ള എന്തു വരം വേണമെങ്കിലും ചോദിച്ചോളൂ. തീർച്ചയായും ഞാനത് സാധിച്ചുതരാം.''

ഇതുതന്നെ നല്ല അവസരം. ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം സാധിച്ചെടുക്കാൻ ഈ സന്ദർഭം ഉപയോഗിക്കുക തന്നെ, മിഡാസ് ചിന്തിച്ചു.

''പ്രഭോ, ഞാൻ തൊടുന്ന ഏതു വസ്തുവും സ്വർണമായിമാറുവാനുള്ള വരം നൽകിയാലും.''

''തൊടുന്നതെല്ലാം സ്വർണമായി മാറണമെന്നോ? നന്നായി ആലോചിച്ചാണോ മിഡാസ് നീ ഈ വരം ചോദിക്കുന്നത്? നിനക്കത് വലിയ ബുദ്ധിമുട്ടാകും പിന്നീട്.'' ബാക്കസ് ദേവൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

''പ്രഭോ ചോദിക്കുന്നതെന്തും തരാം എന്നല്ലേ അങ്ങു പറഞ്ഞത്? എനിക്കീ വരം മതി.'' മിഡാസ് വീണ്ടും പറഞ്ഞു.

''ഇപ്പോൾത്തന്നെ നീ വലിയ ധനികനല്ലേ മിഡാസ് ഇനി എന്തിനാണ് കുറേക്കൂടി സ്വർണം?''

''പ്രഭോ, അങ്ങേക്ക് ഈ വരം തരാൻ സാധിക്കുമെങ്കിൽ തന്നാലും. ഇല്ലെങ്കിൽ പിന്നെയെനിക്കൊന്നും ചോദിക്കാനില്ല.'' മിഡാസ് പരിഭവസ്വരത്തിൽ പറഞ്ഞു.

''ശരി നിന്റെ ആഗ്രഹം നടക്കട്ടെ.'' ബാക്കസ് ദേവൻ അനുഗ്രഹിച്ചു. ദേവന്റെ ചുണ്ടുകളിൽ അപ്പോഴും ഒരു പുഞ്ചിരി തത്തിക്കളിച്ചു. ഒരു കള്ളച്ചിരി.

മിഡാസ് ശിരസു കുനിച്ച് ദേവനെ വന്ദിച്ചു. പിന്നീട് ആഹ്ലാദത്തോടെ പുറത്തേക്കോടി. ഹായ്! ഞാനിതാ ലോകത്തിലെ ഏറ്റവും വലിയ ധനികനാകാൻ പോകുന്നു. അയാൾക്ക് ലോകത്തോടു മുഴുവൻ വിളിച്ചു പറയാൻ തോന്നി.

വരമായി കിട്ടിയ ശക്തി പരീക്ഷിച്ചു നോക്കണ്ടേ. മിഡാസ് ആദ്യം തന്നെ മുന്നിൽക്കണ്ട ഒരു ഒലീവുമരത്തെ ഓടിച്ചെന്നു സ്പർശിച്ചു. അതാ ഞൊടിയിടയ്ക്കുള്ളിൽ മുന്നിലൊരു സ്വർണ ഒലീവുമരം! മിഡാസിന് സ്വന്തം കണ്ണുകളെത്തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

പിന്നെ ഒരു ഭ്രാന്തുപോലെയായി. സ്വന്തം കുപ്പായം തൊട്ടു. അത് അതാ സ്വർണക്കുപ്പായമായി. പിന്നെ വഴിയിൽക്കണ്ട ചെടിയും പുല്ലും കല്ലും മുള്ളും എല്ലാം തൊട്ടുകൊണ്ട് മിഡാസ് നടന്നു. നിമിഷങ്ങൾക്കുള്ളിൽ എല്ലാം സ്വർണമായി മാറി. സ്വർണമായി മാറിയ വസ്തുക്കളെല്ലാം ഭൃത്യന്മാർ വാരിക്കെട്ടി ഭാണ്ഡമാക്കി കൊട്ടാരത്തിലേക്കു കൊണ്ടുപോയി. സാധനങ്ങളെ തൊട്ടുത്തൊട്ടു സ്വർണമാക്കി. കൊട്ടാരത്തിലെത്തി

യപ്പോഴേക്കും മിഡാസ് ക്ഷീണിച്ചിരുന്നു. വസ്തുക്കൾ സ്വർണമായി മാറുന്നത് കണ്ടുകണ്ട് അതിലെ രസവും ആവേശവും ഒട്ടൊന്നു കുറഞ്ഞു. എന്തായാലും ഈ ശക്തി തനിക്കുണ്ടല്ലോ. എപ്പോൾ വേണമെങ്കിലും ഇഷ്ടംപോലെ പൊന്നുണ്ടാക്കാം. മിഡാസ് തളർന്ന് സിംഹാസനത്തിൽ ഒന്നിരുന്നു. അതാ! സിംഹാസനവും സ്വർണമായി. ഇനിയൊന്ന് നന്നായി കുളിച്ച് ഭക്ഷണം കഴിച്ച് വിശ്രമിക്കണം.

ഭൃത്യന്മാർ രാജാവിന് വലിയ വെള്ളിപ്പാത്രത്തിൽ കുളിക്കാനായി ഇളംചൂടു വെള്ളം നിറച്ചുവച്ചിരുന്നു. മിഡാസ് വന്ന് പാത്രത്തിന്റെ വക്കിൽ കൈവച്ചപ്പോഴേക്കും വെള്ളിപ്പാത്രം സ്വർണപ്പാത്രമായി. മിഡാസിന് ചിരി വന്നു. പക്ഷേ കുളിക്കാനുള്ള വെള്ളം തൊട്ടപ്പോൾ മിഡാസിന്റെ ചിരി മാഞ്ഞു. വെള്ളമതാ ഉരുകിയ സ്വർണമായിരിക്കുന്നു. അയാൾക്ക് എന്തോ വല്ലാത്ത ഒരു അസ്വസ്ഥത തോന്നി. കുളി തത്കാലം വേണ്ടെന്നു വച്ച് അയാൾ സ്നാനഗൃഹത്തിൽ നിന്നു പുറത്തുവന്നു.

''എനിക്ക് വല്ലാത്ത വിശപ്പുണ്ട്. വേഗം ഭക്ഷണം ഒരുക്കിവയ്ക്കൂ...'' മിഡാസ് പരിചാരകർക്ക് നിർദേശം നൽകി. നിമിഷങ്ങൾക്കുള്ളിൽ വിഭവസമൃദ്ധമായ സദ്യ മേശപ്പുറത്തു നിരന്നു. മധുരപലഹാരങ്ങളും പഴങ്ങളും പായസങ്ങളും ഒക്കെ വേറെയും. വിശപ്പുകൊണ്ട് തളർന്നിരുന്ന മിഡാസ് വേഗം ആഹാരം കഴിക്കാനാരംഭിച്ചു.

പക്ഷേ, എന്തു മിഡാസ് തൊടുമ്പോഴൊക്കെ സ്വർണമായി മാറിക്കഴിഞ്ഞിരുന്നു. രാജാവിന് വിശപ്പും ദാഹവും കൊണ്ട് തളർച്ച വന്നു. ഒപ്പം വല്ലാത്ത നിരാശയും സങ്കടവും തോന്നി. എന്തു ചെയ്യണമെന്നറിയാതെ വിഷണ്ണനായി നിന്നു മിഡാസ്.

''അച്ഛാ!'' പെട്ടെന്നതാ മിഡാസിന്റെ മൂന്നു പൊന്നോമനക്കുഞ്ഞുങ്ങൾ ഓടി വരുന്നു. രണ്ടാൺമക്കളും പിന്നെ ഒരേയൊരു പെൺകുഞ്ഞും. അവരെ കണ്ടതോടെ മിഡാസ് തന്റെ സങ്കടം മറന്നു. സന്തോഷത്തോടെ ഓടിയണഞ്ഞ മക്കളെ മൂന്നാളെയും മിഡാസ് വാരിപ്പുണർന്നു. പക്ഷേ... അയ്യോ! മൂന്നു സ്വർണപ്രതിമകളാണല്ലോ തന്റെ കരവലയത്തിനുള്ളിൽ. മിഡാസ് ആർത്തലച്ചു കരയാൻ തുടങ്ങി. സങ്കടം സഹിക്കാതെ നിലത്തു കിടന്നുരുണ്ടു രാജാവ്.

പെട്ടെന്നതാ മിഡാസിന്റെ മൂന്നു പൊന്നോമനക്കുഞ്ഞുങ്ങൾ ഓടി വരുന്നു. രണ്ടാൺമക്കളും പിന്നെ ഒരേയൊരു പെൺകുഞ്ഞും. അവരെ കണ്ടതോടെ മിഡാസ് തന്റെ സങ്കടം മറന്നു. സന്തോഷത്തോടെ ഓടിയണഞ്ഞ മക്കളെ മൂന്നാളെയും മിഡാസ് വാരിപ്പുണർന്നു. പക്ഷേ... അയ്യോ! മൂന്നു സ്വർണ പ്രതിമകളാണല്ലോ തന്റെ കരവലയത്തിനുള്ളിൽ. മിഡാസ് ആർത്തലച്ചു കരയാൻ തുടങ്ങി. സങ്കടം സഹിക്കാതെ നിലത്തു കിടന്നുരുണ്ടു രാജാവ്.

ഭൃത്യജനങ്ങളും കൊട്ടാരത്തിലുണ്ടായിരു



ന്നവരും ഓടിക്കൂടി. ആരും രാജാവിന്റെ അടുത്തേക്ക് വരാനോ അദ്ദേഹത്തെ ഒന്നു തൊട്ടു സമാധാനിപ്പിക്കാനോ ധൈര്യമില്ലാതെ നിന്നു.

മിഡാസ് നിലവിളിച്ചുകൊണ്ട് ബാക്കസ് ദേവന്റെ സന്നിധിയിലേക്ക് ഓടി. ''അയ്യോ! ദേവാ അങ്ങുതന്ന വരം തിരിച്ചെടുക്കണേ. എന്നെ രക്ഷിക്കണേ.''

''ഇത്രയും പെട്ടെന്ന് വരം തിരിച്ചെടുക്കാനോ മിഡാസേ?'' ബാക്കസ് ദേവൻ ചിരിച്ചു.

''അയ്യോ ദേവാ! എന്നെ ഇനിയും പരീക്ഷിക്കരുതേ. സ്വർണം കൊണ്ടും സമ്പത്തുക്കൊണ്ടും ജീവിതത്തിൽ സന്തോഷവും സമാധാനവും കിട്ടില്ലെന്ന് ഞാൻ ശരിക്കും പഠിച്ചു. എനിക്ക് എന്റെ പഴയ ജീവിതം തിരിച്ചു തരണേ.''

മിഡാസ് കരഞ്ഞുകൊണ്ടേയിരുന്നു. പുറത്തേക്ക് ഒഴുകുന്ന കണ്ണുനീരെല്ലാം സ്വർണമുത്തുകളായി അയാളുടെ കാൽക്കൽ ചിതറി വീണുകൊണ്ടിരുന്നു.

''ശരി, നീ പെക്ട്രോക്ലീസ് നദിയിൽപ്പോയി മുങ്ങിക്കുളിച്ചുവരൂ.'' ദേവൻ കൽപ്പിച്ചു.

കേട്ടയുടനെ മിഡാസ് പെക്ട്രോക്ലീസ് നദിയെ ലക്ഷ്യമാക്കി ഓടി. നദിയിലെ വെള്ളത്തിൽ മുങ്ങിക്കുളിച്ചു കയറി. കരയിലേക്കു കയറുമ്പോഴേ ആദ്യം കണ്ട ഒരു ഉരുളൻ കല്ല് മിഡാസ് തൊട്ടുനോക്കി. ഇല്ല, കല്ലിനൊരു മാറ്റവുമില്ല. ആവൂ! തന്റെ ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. മിഡാസ് ആനന്ദക്കണ്ണീരൊഴുക്കി. കൊട്ടാരത്തിലേക്കു സന്തോഷത്തോടെ ഓടിവന്ന മിഡാസ് പക്ഷേ വീണ്ടും പരവശനായി. അവിടെ പൊന്നോമന മക്കളും താൻതൊട്ട എല്ലാ വസ്തുക്കളും സ്വർണമായി ത്തന്നെ നിൽക്കുന്നുണ്ട്.

മിഡാസ് വീണ്ടും ബാക്കസ് ദേവന്റെ അടുത്തേക്കോടി കരഞ്ഞു കാൽക്കൽ വീണു.

''പ്രഭോ, എന്റെ അത്യാർത്തിക്ക് വേണ്ട ശിക്ഷ എനിക്ക് ലഭിച്ചു. ഇനിയെങ്കിലുമെന്നെ ഇതിൽനിന്ന് രക്ഷിക്കണേ.''

പെക്ട്രോക്ലീസ് നദിയിലെ വെള്ളം സ്വർണമായി മാറിയ വസ്തുക്കളിൽ തളിക്കാൻ ബാക്കസ്ദേവൻ നിർദേശിച്ചു. മിഡാസ് അതനുസരിച്ചു. ഓരോ സ്വർണവസ്തുവിലും നദിയിലെ വെള്ളം തളിച്ചുനടന്നു അയാൾ. ഓരോന്നും പഴയ രൂപത്തിലേക്കാവുന്നത് ആശ്വാസത്തോടെ കണ്ടുനിന്നു. പഴയ രൂപത്തിലായ കുഞ്ഞുങ്ങളെ മിഡാസ് കെട്ടിപ്പിടിച്ചു കരഞ്ഞു.

''വരൂ അച്ഛാ. നമുക്ക് ആഹാരം കഴിക്കാം.'' കുട്ടികൾ മിഡാസിനെ കൈക്കുപിടിച്ചുവലിച്ച് കൂട്ടിക്കൊണ്ടുപോയി

ഭൃത്യന്മാർ സ്വർണത്തളികകളിൽ ആഹാരം വിളമ്പാൻ തുടങ്ങിയപ്പോൾ മിഡാസിന് മടുപ്പും വെറുപ്പും തോന്നി.

''വേണ്ട. ഇനി മേലിൽ ഈ കൊട്ടാരത്തിൽ സ്വർണപ്പാത്രങ്ങളൊന്നും വേണ്ട. ഈ രാജ്യത്തെ ജനങ്ങളുപയോഗിക്കുന്ന സാധാരണപ്പാത്രങ്ങൾ മതി എനിക്കും.''

മൺചട്ടികളിൽ ഭൃത്യന്മാർ ഭക്ഷണം വിളമ്പി. ഇത്രയും സ്വാദോടെ ഇതുവരെ താൻ ആഹാരം കഴിച്ചിട്ടില്ലെന്ന് മിഡാസിന് തോന്നി.

ജീവിതത്തിൽ സമ്പാദിച്ചുകൂട്ടിയ ധനമെല്ലാം തന്റെ രാജ്യത്തെ പാവങ്ങൾക്ക് മിഡാസ് ദാനം ചെയ്തു.

മിഡാസ് സ്പർശിച്ചതെല്ലാം സ്വർണമായി മാറിയത് അയാൾക്ക് ജീവിതത്തിൽ വലിയ പ്രശ്നങ്ങളാണ് സൃഷ്ടിച്ചതെങ്കിലും ''Midas' touch'' എന്ന ഇംഗ്ലീഷ്ശൈലി നല്ല അർഥത്തിലാണ് ഉപയോഗിക്കുന്നത്. മിഡാസ് തൊട്ടതെല്ലാം പൊന്നാക്കിയതേ ഇംഗ്ലീഭാഷ നോക്കിയുള്ളൂ. ഒരു വ്യക്തി ചെയ്തുതുടങ്ങിയ എല്ലാ കാര്യങ്ങളും നന്നായി വരിക എന്നർഥത്തിലാണ് ഇംഗ്ലീഷ് ഭാഷയിൽ മിഡാസിന്റെ സ്പർശനം ''Midas' touch'' എന്ന് പ്രയോഗിക്കുന്നത്.

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34



# മാറുന്ന കാഴ്ചകൾ

ഷൈല സി ജോർജ്ജ്

കണ്ടുകൊണ്ടിരിക്കുന്ന സുന്ദരമായ കാഴ്ചയെ വേറൊരു ദൃശ്യം വന്നു പൊതിയുന്ന അനുഭവം ഉണ്ടായിട്ടുണ്ടോ? കുടുതൽ മനോഹരമായ മറ്റൊരു ചിത്രശാല തുറക്കുന്ന അനുഭവം?

പാലത്തിനു താഴെ വെള്ളച്ചാട്ടത്തിന് ഊക്ക് കുറവായിരുന്നു. എന്നിട്ടും തുഷാരഗിരിയിൽ അന്ന്  ധാരാളം സന്ദർശകർ ഉണ്ടായിരുന്നു. പാലം കടന്ന് മുന്നോട്ടു നടന്ന വഴിയിലും ചെറിയ വെള്ളച്ചാട്ടം കണ്ടു. പിന്നെയും മുന്നോട്ടു പോയി ഒരു മരപ്പൊത്തിനകത്ത് കയറി നിന്ന് ആകാശവും കണ്ടു. നാനൂറ് വർഷം പഴക്കമുള്ള താന്നിമരം. മൂന്നുപേർക്ക് നിൽക്കാൻ സ്ഥലം ആ പൊത്തിനകത്തുണ്ട്.

മുളങ്കൂട്ടം കുടിലു കെട്ടിയ ഒരു ചത്വരത്തിൽ ഇരുന്ന് മുളകൾ കാറ്റത്ത് ആടിയുലയുന്നതും നോക്കി ഇരിക്കെ മഴയുടെ വരവ് അറിയിച്ചുകൊണ്ട് ആകാശം കനത്തു. എല്ലാവരോടും മടങ്ങിക്കൊള്ളാൻ പറഞ്ഞു ഗാർഡ്.

തിരിച്ചുനടന്ന് പാലം കടന്ന് അവിടെയുണ്ടായിരുന്ന ഒരു ഷെഡിൽ കയറി നിന്നപ്പോഴേക്കും മഴ ശക്തി പ്രാപിച്ചിരുന്നു. അവിടെ നിന്നാൽ പാലവും അതിനു താഴെയുള്ള വെള്ളച്ചാട്ടവും അവിടെ കളിച്ചുകൊണ്ടിരുന്ന ആളുകളെയും കാണാമായിരുന്നു. എല്ലാവരും കയറി വരാൻ ഗാർഡുകൾ തിരക്ക് കൂട്ടി.

പാലം വിജനമായി. കൂടുതൽ ജനങ്ങളും മടങ്ങിപ്പോയി. മഴ കനത്തു. വെള്ളം കാഴ്ചയെ മാറ്റിമറിച്ചു. അതുവരെ



**സുവാരി നദിയിൽ സലൌലിം എന്ന അണക്കെട്ട് കാണേണ്ടതാണെന്നെല്ലാവരും പറഞ്ഞു. ഡാം കാണാൻ എനിക്കാദ്യം വലിയ താൽപര്യം തോന്നിയില്ല. സുന്ദരമായ കാഴ്ചയാണെങ്കിലും അണക്കെട്ടിന്റെ മുകളിൽ നിന്ന് കാണാവുന്ന തടാകവും ചുറ്റുമുള്ള കാടും കാണുമ്പോൾ സ്വന്തമായി ഒഴുകിയിരുന്ന ഒരു നദിയെ ഓർത്ത് എനിക്ക് സങ്കടം വരും.**

വലിയ ശക്തിയില്ലായിരുന്ന വെള്ളച്ചാട്ടം പുഷ്ടി പ്രാപിച്ചു. വെള്ളം വലിയ പുതപ്പായി പാൽക്കടലായി. മരങ്ങളും ചെടികളും ഒരു നൃത്തത്തിലെന്നപോലെ താളത്തിൽ ആടിയുലഞ്ഞു. പാലത്തിന് ഇപ്പുറം അലസമായി ഒഴുകിയിരുന്ന വെള്ളം അലറിപ്പാഞ്ഞു.

രണ്ടോ മൂന്നോ മിനിട്ടിനകം അതുവരെ കണ്ട കാഴ്ച ആകെ മാറി. ആ മാറ്റം എല്ലാവരെയും അമ്പരപ്പിച്ചു; സന്തോഷിപ്പിച്ചു. പ്രകൃതി അതിന്റെ മാന്ത്രിക വടി ഒന്ന് ചുഴറ്റിയതായി ഞാനും സങ്കൽപ്പിച്ചു.

ഗോവയിൽ രണ്ട് ജില്ലകൾ ആണുള്ളത്. തെക്കൻഗോവ, വടക്കൻ ഗോവ. തെക്കൻ ഗോവ പച്ച പുതച്ച മായികഭൂമിയാണ്. കാട്, കടൽ, പോർച്ചുഗീസ് സംസ്കാരം ബാക്കി വെച്ചു പോയ മനോഹരങ്ങളായ പള്ളികൾ, വീടുകൾ, വഴി നീളെ പച്ചപ്പ്.


സുവാരി നദിയിൽ സലൌലിം എന്ന അണക്കെട്ട് കാണേണ്ടതാണെന്നെല്ലാവരും പറഞ്ഞു. ഡാം കാണാൻ എനിക്കാദ്യം വലിയ താൽപര്യം തോന്നിയില്ല. സുന്ദരമായ കാഴ്ചയാണെങ്കിലും അണക്കെട്ടിന്റെ മുകളിൽ നിന്ന് കാണാവുന്ന തടാകവും ചുറ്റുമുള്ള കാടും കാണുമ്പോൾ സ്വന്തമായി ഒഴുകിയിരുന്ന ഒരു നദിയെ ഓർത്ത് എനിക്ക് സങ്കടം വരും. അതുകൊണ്ട് തന്നെ പ്രവേശനകവാടത്തിന്റെ ബോർഡിൽ അണക്കെട്ടിലേക്ക് നേരിട്ടൊരു വഴി അടയാളപ്പെടുത്തിയത് കണ്ടില്ലെന്നു നടിച്ച് ആദ്യം ബോട്ടാണിക്കൽ ഗാർഡനിൽ ചുറ്റിനടന്നു. അവിടെ നിന്ന് അണക്കെട്ടിന്റെ മുകളിലേക്ക് കെട്ടിപ്പടുത്ത പടവുകൾ കയറി വൈകിയാണ് മുകളിൽ എത്തിയത്.

ഒരു അണക്കെട്ടിന് ഇത്രയും വലിയ തടാകം ഞാൻ ആദ്യമായി കാണുകയാണ്. തടാകത്തിനുള്ളിൽ തന്നെ മനോഹരമായ ഒരു തുരുത്തുണ്ട്. ദൂരെ നീല മലകൾ. ചുറ്റും കാട്. ഹായ് എന്നാരും പറഞ്ഞുപോകും. താറാവിന്റെ കൊക്കിന്റെ ആകൃതിയിൽ (duck bill) എന്നാണതിന്റെ പേര് തന്നെ) ഒരു കുളവും ഉണ്ട്. തടാകം നിറഞ്ഞു കവിയുന്ന വെള്ളം ഒഴുകുക ഈ കുളത്തിലേക്കാണ്.

നേരം വൈകിയിരുന്നു. പെട്ടെന്നാണ് മഴ പെയ്തു തുടങ്ങിയത്. സന്ദർശകർ കുറച്ചുനേരം കൊണ്ട് അപ്രത്യക്ഷരായി. ബോട്ടാണിക്കൽ ഗാർഡനിലേക്ക് നീളുന്ന പടവുകൾ ഇറങ്ങി എല്ലാവരും പോയി. ഞാൻ അണക്കെട്ടിന്റെ മുകളിലൂടെ നടന്നു. മഴ ശക്തി പ്രാപിച്ചിരുന്നു. അപ്പോൾ തുരുത്തിനടുത്ത് ഇന്നോളം കണ്ടിട്ടില്ലാത്തത്ര വലിയ മഴവില്ല് തെളിഞ്ഞു. തടാകത്തിന് തൊട്ടു മുകളിൽ, ആർച്ച് ആകൃതിയിൽ ഒരു മഴവിൽപ്പാലം.

മഴ തടാകത്തിന് ഒരു മഴവില്ലും അതിലെ വെള്ളത്തിനു പുതിയ ഒരു ചൈതന്യവും സമ്മാനിച്ചു. അങ്ങനെ വേറൊരു കാഴ്ച പിറന്നു. ക്യാമറ ഇല്ലാത്തതുകൊണ്ട് മഴയും മഴവില്ലും തടാകവും അണക്കെട്ടും കാടും മനസ്സ് കൊണ്ട് ഒരൊറ്റ ക്ലിക്കിൽ ഞാൻ പകർത്തിയെടുത്തു.

ഇരുട്ട് വീണു തുടങ്ങിയപ്പോൾ ഞാൻ മടങ്ങി. അണക്കെട്ട് കഴിഞ്ഞ് ഒരു വളവ് തിരിഞ്ഞു. പിന്നെ വിജനമായ റോഡ്. ചുറ്റും കാട്. അതിലൂടെ ഒറ്റയ്ക്ക് നടക്കുമ്പോൾ എന്തുകൊണ്ടോ പേടി തോന്നിയില്ല. ഒരു വലിയ മഴവില്ലിന്റെ അപ്പുറവും ഇപ്പുറവും കാലിട്ടിരുന്നു യാത്ര ചെയ്യുന്ന ഒരു കുട്ടിയായിരുന്നു ഞാനപ്പോൾ.


സലൌലിം അണക്കെട്ട്

ഫോട്ടോ: Nvvchar






# 'നാൻ കാക്ക' രക്ഷകനായി; ഗാവസ്കർ താരമായി

സനിൽ പി തോമസ്

ഇന്ത്യക്ക് ലോകശ്രദ്ധ നേടിക്കൊടുത്ത ക്രിക്കറ്റ് താരങ്ങളിൽ ഒരാളായിരുന്നു സുനിൽ ഗാവസ്കർ. ടെസ്റ്റ് ക്രിക്കറ്റിൽ 10,000 റൺസ് എടുത്ത ആദ്യ ബാറ്റ്സ്മാനായിരുന്നു അദ്ദേഹം. ഗാവസ്കറിന്റെ വിജയഗാഥ വായിക്കൂ ഈ ലേഖനത്തിൽ.

സുഹൃത്തുക്കൾ *സണ്ണി* എന്നു വിളിക്കുന്ന സുനിൽ മനോഹർ ഗാവസ്കർ ഇന്ത്യയുടെ എക്കാലത്തെയും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളാണ്. ലോകത്തിലേക്കും മികച്ച ഓപ്പണിങ് ബാറ്റ്സ്മാൻമാരിൽ ഒരാൾ. സച്ചിൻ തെൻഡുൽക്കർ ഉൾപ്പെടെ ഒട്ടേറെ ഇതിഹാസ താരങ്ങളുടെ ആരാധനാമൂർത്തിയും വഴികാട്ടിയുമാണ് ഗാവസ്കർ. സുനിൽ ഗാവസ്ക്കർ ജനിച്ച് ഏതാനും ദിവസം കഴിഞ്ഞപ്പോൾ രസകരമായൊരു സംഭവം ഉണ്ടായി.

സുനിൽ ജനിച്ച മുംബൈയിലെ ആശുപത്രിയിലെ നഴ്സ് രാവിലെ നവജാത ശിശുക്കളെ കുളിപ്പിക്കാൻ കൊണ്ടുപോയി. ഒന്നിലേറെ കുട്ടികളെ കുളിപ്പിച്ച നഴ്സിന് ഏതു കുട്ടി ആരുടേതെന്ന് ഓർത്തിരിക്കാൻ കഴിഞ്ഞില്ല. ജനിച്ച ഉടനെ ആയതിനാൽ കുട്ടികൾ ഏതാണ്ട് ഒരുപോലെയായിരുന്നു. സുനിൽ ഗാവസ്കറെ കുളിപ്പിച്ച് ഒരു മുക്കുവ സ്ത്രീയോടൊപ്പം കിടത്തിയ നഴ്സ് മുക്കുവസ്ത്രീയുടെ കുട്ടിയെ സുനിലിന്റെ അമ്മ മീനാളിനൊപ്പം കിടത്തി. കുട്ടികൾ മാറിപ്പോയ വിവരം ആരും ശ്രദ്ധിച്ചില്ല.

അപ്പോഴാണ് ഗാവസ്കർ കുടുംബത്തിന്റെ ബന്ധുവായ നാരായണൻ മസുരേക്കർ ആശുപത്രിയിൽ വരുന്നത്. സുനിൽ ഉണ്ടായദിവസവും (1949 ജൂലൈ 10) മസുരേക്കർ ആശുപത്രിയിൽ വന്നിരുന്നു. മീനാളിനൊപ്പമുള്ള കുട്ടിയെ കണ്ട മസുരേക്കർ പറഞ്ഞു. ''ഇതല്ലല്ലോ ഞാൻ കഴിഞ്ഞ ദിവസം കണ്ട കുട്ടി.'' മീനാൾ–മനോഹർ ദമ്പതികളുടെ കുട്ടിക്ക് ഇടതു ചെവിയുടെ മുകൾഭാഗത്ത് ചെറിയൊരു സുഷിരം ഉണ്ടായിരുന്നു. ഇതറിഞ്ഞതോടെ എല്ലാവരും ഞെട്ടി.

നാരായണൻ മസുരേക്കറുടെ നേതൃത്വത്തിൽ ആശുപത്രി വാർഡിലെ നവജാത ശിശുക്കളെയെല്ലാം പരിശോധിച്ചു. അപ്പോഴാണ് കണ്ടത് സാക്ഷാൽ സുനിൽ ഗാവസ്ക്കർ എന്ന ഇടതു ചെവിക്കു മുകളിൽ സുഷിരമുള്ള കുട്ടി മറ്റൊരു സ്ത്രീയോടൊപ്പം കിടക്കുന്നത്. കുട്ടികളെ കുളിപ്പിച്ച നഴ്സിനു പറ്റിയ അബദ്ധം. സംഭവം അറിഞ്ഞ ആശുപത്രി അധികൃതർ അപ്പോൾ തന്നെ കുട്ടികളെ യഥാർഥ അമ്മമാർക്കു കൈമാറി.

തന്നെ കണ്ടെത്തി യഥാർഥ അമ്മയെ ഏൽപ്പിച്ച നാരായ



ണൻ വസുരേക്കറെ സുനിൽ ഗാവസ്കർ വിളിക്കുന്നത് 'നാൻ കാക്ക' എന്നാണ്. ഗാവസ്കർ 'സണ്ണി ഡെയ്സ്' എന്ന തന്റെ ആത്മകഥയിൽ എഴുതി. ''നാൻ കാക്ക അന്ന് എന്റെ ഇടതു ചെവിയിലെ സുഷിരം ശ്രദ്ധിക്കാതിരുന്നെങ്കിൽ ഞാൻ ഒരു ക്രിക്കറ്റ്താരം ആകില്ലായിരുന്നു. പകരം മുംബൈയുടെ തീരങ്ങളിൽ മീൻപിടുത്തക്കാരനായേനെ.''

സുനിലിന്റെ രക്തത്തിൽ ക്രിക്കറ്റ് കണ്ടേക്കാം. പക്ഷേ, ഒരു മത്സ്യബന്ധനകുടുംബത്തിൽ വളരാൻ ഇടയായാൽ അത് എത്രത്തോളം വികസിച്ചേനെ എന്നു കണ്ടറിയണം.

സുനിൽ ഗാവസ്കർ ഇതിഹാസതാരമായി വളർന്നു. മാർഷ്നീൽ ആണു ഭാര്യ. ഇവരുടെ പുത്രൻ രോഹനും ക്രിക്കറ്റ് കളിക്കാരനാണ്. പക്ഷേ, അച്ഛന്റെ മികവിന് അടുത്തെങ്ങും എത്താൻ കഴിഞ്ഞില്ല.

ലോകത്തിലെ ഏറ്റവും വേഗമേറിയ ബൗളർമാരെയെല്ലാം ഫലപ്രദമായി നേരിട്ട് ഇന്ത്യക്കായി വിജയങ്ങൾ ഒരുക്കിയ ഗാവസ്കർ ഓപ്പണറും പിന്നീട് നായകനുമായി.

ഗാവസ്കറും കുടുംബവും താമസിച്ചിരുന്ന കോളനിയിൽ (ഫ്ളാറ്റ് സമുച്ചയം) ചെറിയ ഇടവഴിയിൽ വേണം ക്രിക്കറ്റ് കളിക്കാൻ. പന്ത് വശങ്ങളിലേക്കു പോയാൽ ഇരുവശത്തെയും കെട്ടിടങ്ങളുടെ ചില്ലുകൾ പൊട്ടും. തുടക്കത്തിൽ ഇങ്ങനെ സംഭവിച്ചതോടെ ജനാലച്ചില്ലുകൾ പൊട്ടാതെ ക്രിക്കറ്റ് കളിക്കണമെന്നു പിതാവ് നിർദേശിച്ചു. അതിനുള്ള ഏക മാർഗം പന്തുകൾ ബൗളറുടെ വശത്തേക്കു തന്നെ മടക്കി അടിക്കുകയായിരുന്നു. സുനിൽ ഗാവസ്കർ ഇങ്ങനെ പരിശീലിച്ചു. തുടർച്ചയായ പരിശീലനത്തിൽ സ്ട്രേറ്റ് ഡ്രൈവ് വിദഗ്ധനായി.

ഗാവസ്കറെപ്പോലെ തന്നെ പ്രഗത്ഭനും പ്രശസ്തനുമായ ബാറ്റ്സ്മാനും ഇന്ത്യൻ നായകനുമായ ഗുണ്ടപ്പാ വിശ്വനാഥ് ഗാവസ്കറുടെ സഹോദരി കവിതയുടെ ഭർത്താവാണ്.

ഗാവസ്കർക്കു കുട്ടിക്കാലം മുതൽ നായ്ക്കളെ പേടിയാണ്. വിശ്വനാഥിന്റെ വീട്ടിലാണെങ്കിൽ പട്ടികൾ ഒട്ടേറെയുണ്ട്. ബെംഗളൂരുവിൽ സഹോദരിയുടെ വീട്ടിൽ എത്തുംമുമ്പേ ഗാവസ്കർ വിളിച്ചുപറയും 'ഞാൻ വരുന്നുണ്ട്. പട്ടികളെയെല്ലാം കൂട്ടിലിടണം.'

പട്ടികളെ പൂട്ടിയെന്ന് ഉറപ്പിച്ചിട്ടേ ഗാവസ്കർ സഹോദരിയുടെ വീട്ടിൽ കയറിയിരുന്നുള്ളൂ. ഏതെങ്കിലും വീടിനു മുന്നിൽ 'പട്ടിയുണ്ട് സൂക്ഷിക്കുക' എന്ന ബോർഡ് കണ്ടാൽ ഗാവസ്കർ ആ വീട്ടിൽ കയറില്ലായിരുന്നു.

ഇംഗ്ലണ്ടിലെ സോമർസെറ്റ് കൗണ്ടി ടീമിൽ ഗാവസ്കറും ഇംഗ്ലണ്ടിന്റെ ഇയാൻ ബോതവും ഒരുമിച്ചു കളിച്ചിരുന്ന കാലം. ഗാവസ്കറുടെ നായഭയം സത്യമാണോ എന്നറിയാൻ ബോതം തീരുമാനിച്ചു.

മൊബൈൽ ഫോണൊന്നും ഇല്ലാത്ത കാലം. ഗാവസ്കർ ഒരു പബ്ലിക് ബൂത്തിൽ കയറി ഫോൺ ചെയ്യുകയാണ്. ബോതം ഒരു നായയെ സംഘടിപ്പിച്ച് ബൂത്തിനു സമീപം കെട്ടിയിട്ടു.

ഫോൺ ചെയ്തു പുറത്തിറങ്ങാൻ നോക്കുമ്പോൾ ഗാവസ്കർ കാണുന്നത് നായയെയാണ്. അരമണിക്കൂർ കഴിഞ്ഞ് ബോതം മടങ്ങിവന്നപ്പോഴും ഗാവസ്കർ ബൂത്തിൽ തന്നെ നിൽക്കുകയാണ്. ഒടുവിൽ ബോതം നായയെ മാറ്റിയ ശേഷമേ നമ്മുടെ സൂപ്പർ താരം പുറത്തിറങ്ങിയുള്ളൂ.



# ആ ആപ്പിൾ തിന്നൂ

പള്ളിയറ ശ്രീധരൻ

നമുക്ക് കൂടുതൽ പണമയച്ചു കിട്ടി. ഇനി അൽപം ഭക്ഷണമാവാം കുറച്ച് ആപ്പിൾ കാണുന്നുണ്ട്. ആ ആപ്പിൾ നമുക്ക് തിന്നാം.
ആ ആപ്പിൾ തിന്നുക എന്നത് നമുക്ക് ഇംഗ്ലീഷിൽ E A T T H A T A P P L E എന്നെഴുതാം. ഇത് മൂന്ന് വാക്കുകളാണ്. 3, 4, 5 അക്ഷരങ്ങളുള്ള വാക്കുകൾ. ഇതിനെ ഗണിതത്തിലെ സങ്കലനഫലമായി താഴെകൊടുത്തിരിക്കുന്ന രീതിയിൽ എഴുതാം.

```
    E A T +
  T H A T
---------
A P P L E
```

സാധാരണ സംഖ്യകളിൽ തുടങ്ങുന്ന അക്കം 0 ആകാൻ സാധ്യത ഇല്ലാത്തതിനാൽ A = 1 ആയിരിക്കും എന്ന് ഉറപ്പിക്കാം. കാരണം T എന്ന ഒരു അക്കത്തോട് E + H കൂട്ടിയാൽ കിട്ടുന്ന അക്കം മാറ്റിയത് കൂട്ടിയാലും 2 ന് സാധ്യതയില്ല. T യോട് 1 കൂട്ടിയപ്പോൾ രണ്ടക്കം കിട്ടണമെങ്കിൽ Tയുടെ സാധ്യതയുള്ള അക്കം 9 ആണ്. E = 9 സ്വീകരിച്ചാൽ
9 + 9 = 18 ആയതിനാൽ E = 8 എന്ന് കിട്ടുന്നു.
അതിനാൽ സമവാക്യം

```
    8 1 9 +
  9 H 1 9
---------
1 P P L 8
```

എന്നതിൽ നാം എത്തിച്ചേരുന്നു.

1 + 1 = 2 ആയതിനാൽ L = 3 ആയിരിക്കും.
ഇതു പ്രകാരം

```
    8 1 9 +
  9 H 1 9
---------
1 P P 3 8
```

എന്ന് നമുക്ക് ലഭിക്കുമല്ലോ.
1 + 1 = 3 എന്ന് കിട്ടിയതിനാൽ നൂറാം സ്ഥാനത്തേക്ക് അക്കം മാറ്റാനില്ല. അപ്പോൾ 8 + H = P ആയിരിക്കണം. ഇതേ P ഉത്തരത്തിൽ ആയിരം സ്ഥാനത്ത് ഉണ്ടാവണം. അപ്പോൾ P ഒരു ചെറിയ അക്കമായിരിക്കണമെന്ന് നിർബന്ധമാണ്. 1 ഉപയോഗിച്ചുകഴിഞ്ഞു. അപ്പോൾ ഇനി പരിഗണിക്കാവുന്നത് P = 0 ആണ്. P = 0 ആയാൽ H = 2 എന്ന് കിട്ടും. അതായത് നമുക്ക് EAT THAT APPLE എന്നത്

```
    8 1 9 +
  9 2 1 9
---------
1 0 0 3 8
```

എന്ന് ലഭിക്കുന്നു..
ഉത്തരങ്ങൾ കണ്ടുപിടിച്ചാൽ നമുക്ക് സന്തോഷമുണ്ടാവുമെങ്കിലും വഴി വളരെ പ്രയാസമു

ള്ളതാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. അനുയോജ്യമായ ചില വാക്കുകളെ ടുത്ത് നിങ്ങൾക്ക് പ്രശ്നങ്ങളുണ്ടാക്കാനും ഉത്തരം കണ്ടെത്താനും കഴിയും. പക്ഷെ പരമാവധി പത്ത് അക്ഷരങ്ങൾ മാത്രമേ പാടുള്ളു. കാരണം നമുക്ക് പത്ത് അക്കങ്ങൾ മാത്രമേ നിലവിലുള്ളു അക്ഷരങ്ങൾ 26 എണ്ണം ഉണ്ടെങ്കിലും. ചില പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു..

```
  SIXTY +
  EIGHT
  THREE
   NINE
    TEN
 ------
 NINETY
```

```
 ELEVEN+
  THREE
  THREE
    ONE
    ONE
    ONE
 -------
 TWENTY
```

```
  SEVEN +
  THREE
   FIVE
   FIVE
   FIVE
   FIVE
 ------
 THIRTY
```

```
 EIGHTEEN+
 EIGHTEEN
    THREE
    THREE
     NINE
 ---------
 FIFTYONE
```

ഇവയുടെ ഉത്തരം നിങ്ങൾ കാണാൻ ശ്രമിക്കുമല്ലോ
*(ഉത്തരം അടുത്ത ലക്കത്തിൽ)*


palliyarasreedharan@gmail.com



# നാണ്വാര്

**ഹിത**

ആനപ്പുറത്തു ഞെളിഞ്ഞിരുന്നു
ആനക്കാരൻ നാണ്വാര്
ആനയെക്കാളുമുയരത്തിൽ ഞാൻ
ആനക്കാരനു ചങ്കൂറ്റം.
മൂളിക്കൊണ്ടൊരു വണ്ടത്താൻ,
തുമ്പിക്കൈയിലിരുന്നപ്പോൾ
ആനകുടഞ്ഞു പിടിവിട്ടൂ
നാണ്വാർ താഴെ പൊത്തോന്ന്
''ആനപ്പുറത്തൂന്ന് വീണാല്
നോവറിയില്ലേ നാണ്വാരേ?''
ആളുകൾകൂടി ചോദിച്ചു
ആനപ്പാപ്പാൻ നാണിച്ചു.



വര: റോണി ദേവസ്യ

# മഹാഭാരതം

സുഗതകുമാരി

൯൦

പാർഥൻ ചോദിച്ചു: 'ശ്രീവാസുദേവാ, അവിടുത്തെ ഐശ്വരമായ രൂപം കാണുവാൻ എനിക്കു മോഹമുണ്ട്. ഞാനതു കാണുവാൻ അർഹനെങ്കിൽ സദയം കാണിച്ചുതരേണമേ!'

'ഹേ അർജുനാ, എന്റെ വിശ്വരൂപം നീ കണ്ടുകൊൾക– അതു കാണുവാൻ നിന്റെ മനുഷ്യനേത്രങ്ങൾക്കു ശക്തിയില്ലാത്തതിനാൽ ഇതാ ഞാൻ ദിവ്യദൃഷ്ടി നൽകുന്നു!'

യോഗേശ്വരനായ ശ്രീകൃഷ്ണൻ ഇപ്രകാരം അരുളിച്ചെയ്തിട്ട് തന്റെ പരമമായ വിശ്വരൂപത്തെ പാർഥനു കാട്ടിക്കൊടുത്തു.

പെട്ടെന്ന് പതിനായിരം സൂര്യന്മാർ ഒന്നിച്ച് ഉദിച്ചുയർന്നപോലുള്ള അഭൗമപ്രകാശം ദിക്കെങ്ങും നിറഞ്ഞു! അനേകമനേകം മുഖങ്ങളും കണ്ണുകളുമായി ദിവ്യാഭരണങ്ങളണിഞ്ഞ് അനേകമനേകം കൈകളിൽ ആയുധങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മഹാവിശ്വരൂപം ഭൂമിയും ആകാശവും നിറഞ്ഞുനിന്നു. ദിവ്യങ്ങളായ വസ്ത്രമാല്യങ്ങൾ ധരിച്ചും ദിവ്യസുഗന്ധം വഴിഞ്ഞും ആശ്ചര്യപൂർണമായി അനന്തമായി ആ രൂപം വിളങ്ങിക്കാണായി. ജഗത്തിനെ മുഴുവൻ സ്വരൂപത്തിലൊതുക്കിക്കൊണ്ട് സൂര്യകോടിപ്രഭയോടെ നിൽക്കുന്ന ആ മഹാദ്ഭുതദൃശ്യം കണ്ട് കുളിരണിഞ്ഞ് പരിഭ്രാന്തനായി നമസ്കരിച്ചുകൊണ്ട് അർജുനൻ പറഞ്ഞു.

'ഹാ! ദേവദേവാ, ഞാൻ കാണുന്നു! എല്ലാ ദേവന്മാരും എല്ലാ ഭൂതസംഘങ്ങളും എല്ലാ ഋഷിമാരും സർപ്പങ്ങളും ഇതാ അവിടുത്തെ രൂപത്തിൽ കാണപ്പെടുന്നു. അനേകമനേകം കൈകളും ഉദരങ്ങളും മുഖങ്ങളും കണ്ണുകളുമുള്ളവനായി അനന്തരൂപനായി ഞാൻ അവിടുത്തെ കാണുന്നു. വിശ്വേശ്വര, വിശ്വരൂപ, അവിടുത്തെ ആദിയും മധ്യവും അവസാനവും ഞാൻ കാണുന്നില്ല. എല്ലാമെല്ലാം അങ്ങയാൽ നിറഞ്ഞിരിക്കുന്നു! അതേസമയം ജ്വലിക്കുന്ന കിരീടം ധരിച്ചും ഗദയുയർത്തിയും ചക്രായുധം ധരിച്ചും എല്ലായിടവും പ്രകാശദീപ്തിയാൽ കുളിപ്പിച്ചും കണ്ണുകളഞ്ചിക്കുന്നവനായി തീയുപോലെ, സൂര്യനെപ്പോലെ വെളിച്ചം ചിതറിക്കൊണ്ട് അവിടുന്നു ദൃശ്യനാകുന്നു! ഹാ! ജഗദീശ്വര, ഭയങ്കരമത്രേ അവിടുത്തെ രൂപം! അനേകം മുഖങ്ങളും കണ്ണുകളും കൈകാലുകളും ഉദരങ്ങളുമുള്ളതും വളഞ്ഞദംഷ്ട്രകളാൽ കരാളവുമായ ആ രൂപം കണ്ട് എല്ലാ ജീവികളും ഭയാതുരരായിത്തീരുന്നു. അങ്ങയുടെ രൂപം ആകാശത്തെ തൊടുന്നു! ഉജ്ജ്വലിക്കുന്നു. ഒരായിരം വർണങ്ങളുണ്ടതിന്! പിളർന്നവായയും വിടർന്നുകത്തുന്ന കണ്ണുകളും കണ്ട് ഞാൻ വിവശനാകുന്നു. എനിക്ക് സമാധാനം കിട്ടുന്നില്ല. ജനകോടികൾ പ്രളയാഗ്നിപോലുള്ളവയും ദംഷ്ട്രകളാൽ കരാളവുമായ അങ്ങയുടെ വദനഗഹ്വരത്തിലേക്ക് അണമുറിയാതെ പ്രവാഹം പോലെ ഒഴുകിവന്ന് കയറിക്കൊണ്ടേയിരിക്കുന്നതു ഞാൻ കാണുന്നു! ഉടയ്ക്കപ്പെടുന്ന ശിരസ്സുകൾ ആ ദംഷ്ട്രകൾക്കിടയിൽ കുടുങ്ങിയരയുന്നു! നദികൾ സമുദ്രത്തിലേക്ക് പാഞ്ഞൊഴുകിച്ചെന്നു പതിക്കുംപോലെ, ഈയാംപാറ്റകൾ അതിവേഗത്തിൽ ആളിക്കത്തുന്ന തീയിലേക്കു പറന്നടുത്തു പതിച്ച് എരിയുന്നതുപോലെ, സർവജനങ്ങളും ആ വക്ത്രത്തിനുള്ളിലേക്കു പ്രവഹിക്കുന്നു! കത്തുന്ന തീനാളങ്ങൾ പോലെ നാലു ഭാഗത്തുനിന്നും എല്ലാറ്റിനെയും നക്കിനുണയ്ക്കുന്ന വക്ത്രജ്വാലകളോടെ സർവലോകത്തെയും സ്വതേജസ്സുകൊണ്ട് അങ്ങു ചുട്ടുപൊള്ളിക്കുന്നു! ഹേ, ഭയങ്കരരൂപിൻ, അവിടുന്ന് ആരാണ്? എനിക്കൊന്നും മനസ്സിലാകുന്നില്ല. പ്രസാദിക്കേണമേ, ഞാൻ നമസ്കരിക്കുന്നു.'

## വിശ്വരൂപദർശനം

ശ്രീഭഗവാൻ അരുളിചെയ്തു. 'അർജുന, ഞാൻ കാലമാണ്. ലോകങ്ങളെ ക്ഷയിപ്പിക്കുന്ന സംഹാരമൂർത്തിയായ ഞാൻ എപ്പൊഴുമെപ്പൊഴും പ്രവർത്തിച്ചുകൊണ്ടിരുന്നു. പാർഥ, നീ യുദ്ധം ചെയ്താലും ചെയ്തില്ലെങ്കിലും ഇവരെല്ലാം എന്നാൽ കൊല്ലപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഹേ, ഇരുകൈയാലും അമ്പെയ്യുന്ന മഹാവീര, നീ വെറും നിമിത്തം മാത്രമാണെന്നറിയുക.

ഇവരോടു യുദ്ധംചെയ്യേണ്ടത് നിന്റെ ധർമം.

ചെയ്യിപ്പിക്കുന്നവനായ ഞാൻ ഇവരെയെല്ലാം വധിച്ചു കഴിഞ്ഞിരിക്കുന്നു. അർജുനാ, നീ വ്യസനിക്കരുത്. യുദ്ധംചെയ്ത് വിജയം നേടുക.'

മേഘദുന്ദുഭിപോലുള്ള ഈ ആജ്ഞകേട്ട് വിറച്ചുകൊണ്ടും കണ്ഠമിടറിക്കൊണ്ടും കൈകൂപ്പിക്കൊണ്ടും അർജുനൻ അപേക്ഷിച്ചു. 'ഹേ, അനന്താ, ദേവേശാ, ജഗന്നിവാസാ, ഈ പ്രപഞ്ചത്തിന്റെ ആശ്രയസ്ഥാനം അവിടുന്നാകുന്നു. അങ്ങയാൽ ഈ പ്രപഞ്ചം നിറഞ്ഞിരിക്കുന്നു– അവിടേക്ക് ആയിരമായിരം നമസ്കാരം– മുൻഭാഗത്തും പിൻഭാഗത്തും സർവദിക്കുകളിലും അങ്ങേക്കായിക്കൊണ്ടു നമസ്കാരം, ഭഗവാനേ, പ്രപഞ്ചപിതാവും പ്രപഞ്ചഗുരുവും അപ്രതിമപ്രഭാവനുമായ ജഗദീശ്വരാ, അങ്ങയെ തോഴനായിക്കണ്ട് ഞാൻ, ഹേ കൃഷ്ണാ, യാദവാ, കൂട്ടുകാരാ, എന്നെല്ലാം വിളിച്ചുവല്ലോ. എന്നോടു പൊറുക്കേണമേ, എന്തൊക്കെ ഞാൻ കളിയാക്കിപ്പറഞ്ഞിരിക്കുന്നു! എല്ലാം പൊറുക്കേണമേ, പുത്രന്റെ തെറ്റ് പിതാവു പൊറുക്കുന്നതുപോലെ ജഗൽസ്വാമിൻ, എന്നോടു ക്ഷമിക്കേണമേ.

അവിടുത്തെ മഹാവിശ്വരൂപം കണ്ട് എന്റെ ഹൃദയം ആനന്ദംകൊണ്ടു തുളുമ്പുന്നു. അതേസമയം ഭയംകൊണ്ടു ഞാൻ വിറകൊള്ളുന്നു. ദേവദേവാ, അവിടുത്തെ പൂർവരൂപം തന്നെ ധരിച്ച് വിശ്വത്തെ തണുപ്പിച്ചാലും– കിരീടവും വനമാലയും തൃക്കൈയിൽ ചമ്മട്ടിയുമായി ആനന്ദമൂർത്തിയായിരിക്കുന്ന പാർഥസാരഥീരൂപം വീണ്ടും ഞാൻ കണ്ടുകൊള്ളട്ടെ, പ്രസീദാ ജഗന്നിവാസാ, പ്രസീദ, പ്രസീദ!...'

അതോടെ പതിനായിരംസൂര്യബിംബങ്ങൾ ജ്വലിച്ചുനിന്നതുപോലുള്ള മഹാതേജസ്സും അതിനുള്ളിൽ കാണായ കോടികോടിമുഖങ്ങളും വക്ത്രങ്ങളും അവയിലേക്കുള്ള ജീവികളുടെ അനസ്യൂതമായ പ്രവാഹവും കാലചക്രഭ്രമണത്തിന്റെ കൊടുംചലനങ്ങളും മാഞ്ഞുമറഞ്ഞു. പ്രശാന്തസുന്ദരവും പ്രസന്നവുമായ ശ്രീകൃഷ്ണരൂപം വീണ്ടും പ്രത്യക്ഷമായി. മന്ദഹാസമധുരമായ ആ തിരുമുഖം കണ്ടപ്പോൾ പൊള്ളിക്കൊണ്ടിരുന്ന പ്രപഞ്ചം വീണ്ടും തണുത്തു. ഭൂമീദേവി ആശ്വാസത്തോടെ നെടുവീർപ്പിട്ടു. പരമഭാഗ്യവാനായ അർജുനൻ കണ്ണീരോടെ വീണ്ടും വീണ്ടും ഭഗവൽപ്പാദങ്ങളിൽ വീണു നമസ്കരിച്ചു.

(തുടരും)

'ഹേ കൃഷ്ണാ, എന്തൊക്കെ ഞാൻ കളിയാക്കിപ്പറഞ്ഞിരിക്കുന്നു! എല്ലാം പൊറുക്കേണമേ, പുത്രന്റെ തെറ്റ് പിതാവു പൊറുക്കുന്നതുപോലെ ജഗൽസ്വാമിൻ, എന്നോടു ക്ഷമിക്കേണമേ. അവിടുത്തെ മഹാവിശ്വരൂപം കണ്ട് എന്റെ ഹൃദയം ആനന്ദംകൊണ്ടു തുളുമ്പുന്നു. അതേസമയം ഭയംകൊണ്ടു ഞാൻ വിറകൊള്ളുന്നു. ദേവദേവാ, അവിടുത്തെ പൂർവരൂപം തന്നെ ധരിച്ച് വിശ്വത്തെ തണുപ്പിച്ചാലും– കിരീടവും വനമാലയും തൃക്കൈയിൽ ചമ്മട്ടിയുമായി ആനന്ദമൂർത്തിയായിരിക്കുന്ന പാർഥസാരഥീരൂപം വീണ്ടും ഞാൻ കണ്ടുകൊള്ളട്ടെ.'



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

പുസ്തകാഭിപ്രായം

## കണ്ണുതുറപ്പിക്കും

ഗൗതം പി വി. ക്ലാസ്: 8 സി, എ വി
ഹയർസെക്കൻഡറി സ്കൂൾ, പൊന്നാനി,
മലപ്പുറം - 679577






കലവൂർ രവികുമാറും പ്രഭാ ഉണ്ണിയും ചേർന്ന് കുട്ടികൾക്കു വേണ്ടി എഴുതിയ 'അബ്ബുവിന്റെ മീനുകൾ' എന്ന നോവൽ വായനക്കാർക്ക് പുത്തൻ അനുഭവമാണ് നൽകിയത്. കമ്പ്യൂട്ടർയുഗത്തിലും പണ്ടെത്തപ്പോലെ കത്തെഴുതി ആശയം പങ്കുവയ്ക്കുന്ന രണ്ടു നിഷ്കളങ്ക മനസ്സിനുടമകളെ നമുക്കിതിൽ കാണാം.

ഇതിൽ പത്മേച്ചി എന്നൊരു കഥാപാത്രമുണ്ട്. അവർ പറഞ്ഞ ഒരു വാക്യം എന്നെ വളരെയധികം സ്വാധീനിച്ചു. അതിങ്ങനെയാണ്. ''ഫോണിൽ സംസാരിച്ചാൽ കുറച്ചു കഴിഞ്ഞ് ആ കാര്യം നാം മറക്കും. പക്ഷേ കത്തങ്ങനെയല്ല. അതെത്ര കാലമായാലും അയാളുടെ കൈവശമുണ്ടാകുമല്ലോ.'' ഇതിന്റെ അവസാനം ഒരു കുളം നന്നാക്കാൻ ശ്രമിച്ച അബ്ബുവെന്ന കുട്ടിയെ അതു നേരെയാക്കിയ ശേഷം മറ്റുള്ള

വർ മുസ്ലിമാണെന്നാരോപിച്ച് തള്ളിമാറ്റുന്നു. ഇക്കാലത്തും ജാതിവ്യവസ്ഥ നിലനിൽക്കുന്നു എന്നാണ് ഇതു കാണിക്കുന്നത്. ''പാലുകൊടുത്ത കൈക്ക് കൊത്തുക'' എന്ന പഴഞ്ചൊല്ല് ഓർമ വരുന്നു. നമ്മുടെ ചുറ്റുപാടും നടക്കുന്ന പല കാര്യങ്ങളെയും ഈ ചെറിയ പുസ്തകത്തിൽ ഉൾക്കൊള്ളിച്ച് നമ്മുടെ കണ്ണുതുറപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

അബ്ദു എന്ന 6-ാം ക്ലാസുകാരൻ ന്യൂയോർക്കിലുള്ള പത്മേച്ചിക്ക് എഴുതുന്ന കത്തുകളാണിവയെല്ലാം. ഇതു നോവലാണെങ്കിലും അങ്ങോട്ടുമിങ്ങോട്ടുമുള്ള കത്തുകളാണ്. ഓരോ കത്തെഴുതുമ്പോഴും അവർ തമ്മിലുള്ള അടുപ്പം വർധിക്കുന്നു. അവർ തങ്ങളുടെ ദുഃഖങ്ങളും സന്തോഷങ്ങളും പരസ്പരം പറഞ്ഞ് ആനന്ദം കണ്ടെത്തുന്നു. ദൂരം ഒരു പ്രശ്നമേ ആകുന്നില്ല അവർക്കിടയിലുള്ള ബന്ധത്തിന്!

# മഴ വന്ന നാളിൽ

ചുട്ടു പൊള്ളുന്നൊരാ വേനലിലന്നെന്റെ
നെറ്റിയിലേക്കൊരു തുള്ളി വീണു.
അതിനൊപ്പമന്നെന്റെ ഹൃദയം തണുക്കുന്ന
കുളിരുള്ള കാറ്റൊന്നു വീശി വന്നു
വറ്റി വരണ്ട പുഴയിലേക്കിമ്പമായ്
ഒരു തുള്ളി പലതുള്ളി പെയ്തിറങ്ങി
സൂര്യന്റെ താപം തണുപ്പിക്കുവാനായി
മേഘങ്ങളൊക്കെയുമൊത്തുചേർന്നു
ഒരുതുള്ളി വീണു പലതുള്ളിവീണു
തുള്ളിക്കൊരുകുടം പെയ്തിറങ്ങി
ആകെത്തളർന്നൊരാവൃക്ഷങ്ങളീശ്വര
കാരുണ്യമാണിതെന്നേറ്റുചൊല്ലി
ഒരു തുള്ളിപോലും കുടിക്കാൻ ലഭിക്കാതെ
പരവശരായോരു മാനവരും
കെട്ടിൽ കിടക്കുന്ന കാലിതൻ കൂട്ടവും
രക്ഷിച്ചു ദൈവമെന്നേറ്റു ചൊല്ലി
ഇടിയും മഴയും നിലച്ചൊരാ നേരത്തു
തൊടിയിലേക്കൊന്നു ഞാൻ ചെന്നുനോക്കി
എൻ കളിവീടുമെൻ കൊച്ചുപൂന്തോട്ടവും
കണ്ടില്ലയെന്നു കരഞ്ഞുപോയ് ഞാൻ.

**വരുൺ ഷാജി, ക്ലാസ് 8,**
**ജനാർദനപുരം ഹയർ സെക്കൻഡറി സ്കൂൾ,**
**ഒറ്റശേഖരമംഗലം.**



വര: ഗോപു പട്ടിത്തറ

# സർഗ്ഗവസന്തം-2018



സർഗ്ഗവസന്തം ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം വി എസ് എസ് സി ഡയറക്ടർ എസ് സോമനാഥ് നിർവഹിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന സർഗ്ഗവസന്തം 2018- സഹവാസ ക്യാമ്പ് ഏപ്രിൽ 6 ന് തിരുവനന്തപുരത്ത് ആരംഭിച്ചു. ശാസ്ത്ര ക്യാമ്പോടുകൂടിയാണ് ഇത്തവണ സർഗ്ഗവസന്തം ക്യാമ്പുകൾക്ക് തുടക്കമിട്ടത്. തിരുവനന്തപുരം, കോവളം അനിമേഷൻ സെന്ററിൽ വച്ചു നടന്ന പ്രസ്തുതക്യാമ്പിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള 65 കുട്ടികൾ പങ്കെടുത്തു. സർഗ്ഗവസന്തം ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം വി എസ് എസ് സി ഡയറക്ടർ എസ് സോമനാഥ് നിർവഹിച്ചു. ശാസ്ത്രസാങ്കേതികവിദ്യകളുടെ വികാസം മനുഷ്യരുടെ ആയുസ്സ് ഗണ്യമായി വർധിപ്പിക്കാൻ സഹായിക്കുമെന്നും ഇരുന്നൂറോ മുന്നൂറോ അഞ്ഞൂറോ വർഷം വരെ ജീവിച്ചിരിക്കുന്ന മനുഷ്യർ ബയോടെക്നോളജിയുടെ വികാസത്തിലൂടെ സമീപഭാവിയിൽ തന്നെ സാധ്യമായേക്കും എന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. മൂന്നു ദിവസം നീണ്ടുനിന്ന ശാസ്ത്രക്യാമ്പ് നയിച്ചത് ചേർത്തല എൻ എസ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.വൈശാഖൻ തമ്പിയായിരുന്നു. വിവിധരംഗങ്ങളിലെ പ്രതിഭാശാലികളായിരുന്നു ക്ലാസുകൾ കൈകാര്യം ചെയ്തത്.

# സർഗ്ഗവസന്തം കവിതാക്യാമ്പ്



സർഗ്ഗവസന്തം കവിതാക്യാമ്പിന്റെ ഉദ്ഘാടനം പ്രശസ്ത കവി കല്പറ്റ നാരായണൻ നിർവഹിക്കുന്നു.

കവിത സൗന്ദര്യവും ആകാംക്ഷയുമാണെന്നും കേവലം കുട്ടികളെ അഭിസംബോധന ചെയ്യുന്ന ബാലസാഹിത്യ കൃതികളല്ല നമുക്കാവശ്യമെന്നും കവി ശ്രീ കല്പറ്റ നാരായണൻ പറഞ്ഞു. കോഴിക്കോട് ഇരിങ്ങൽ സർഗാലയ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ നടന്ന സർഗവസന്തം2 018 ത്രിദിന കവിതാക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു അധ്യക്ഷനായ ചടങ്ങിൽ ഭരണസമിതി അംഗം സി. ആർ. ദാസ്, കവി മാധവൻ പുറച്ചേരി, ക്യാമ്പ് ഡയറക്ടർ വിനോദ് വൈശാഖി, ഭരണ സമിതി അംഗം ജാനമ്മ കുഞ്ഞുണ്ണി ,കവിത പി വി എന്നിവർ സംസാരിച്ചു..

സാഹിത്യരംഗത്തെ പ്രമുഖരായിരുന്നു ക്ലാസുകൾ കൈകാര്യം ചെയ്തത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 40 ഓളം കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# സർഗ്ഗവസന്തം നാടക ക്യാമ്പ്



സർഗ്ഗവസന്തം നാടകക്യാമ്പിന്റെ ഉദ്ഘാടനം ചലച്ചിത്രതാരം സുധീർ കരമന നിർവഹിക്കുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച അവധിക്കാല സർഗ്ഗവസന്തം നാടക ക്യാമ്പ് ഏപ്രിൽ 16,17,18 തീയതികളിൽ ആലപ്പുഴയിൽ നടന്നു. പ്രശസ്ത ചലച്ചിത്ര താരം സുധീർ കരമനയാണ് ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു.

വിവിധ ജില്ലകളിൽ നിന്നും 45 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. അഭിനയം- ശരീരവും മനസ്സും, ആട്ടം-പാട്ട്, പാട്ടോല, അരങ്ങിലെത്തും മുമ്പ് തുടങ്ങി വിവിധ സെഷനുകളിലൂടെ കുട്ടികൾ നാടകകലയെ പരിചയപ്പെട്ടു. ബെന്നി പി വി യും നിഷാദ് പൂത്തൂരുമാണ് ക്ലാസ്സുകൾ നയിച്ചത്. സാഹിത്യകാരൻ സെബാസ്റ്റ്യൻ പള്ളിത്തോട് ക്യാമ്പ് ഡയറക്ടറായിരുന്നു.

സംഗീതനാടക അക്കാദമി മുൻ സെക്രട്ടറി പ്രൊഫ. പി ഗംഗാധരൻ, ശ്രീനിവാസൻ, അഡ്വ. പ്രദീപ് പാണ്ടനാട് എന്നിവർ അതിഥികളായെത്തി ക്ലാസ്സെടുത്തു. കുട്ടികൾ നാടക പ്രതിഭ എസ് എൽ പുരം സദാനന്ദന്റെ വസതി സന്ദർശിച്ചു. പരിസ്ഥിതി പ്രമേയമാക്കി കുട്ടികൾ തയ്യാറാക്കി അവതരിപ്പിച്ച മൂന്ന് നാടകങ്ങളോടെ ക്യാമ്പ് സമാപിച്ചു.



# സർഗ്ഗവസന്തം ചിത്രരചനാക്യാമ്പ്




സർഗ്ഗവസന്തം ചിത്രരചനാക്യാമ്പിന്റെ ഉദ്ഘാടനം ലളിതകലാ അക്കാഡമി മുൻ ചെയർമാൻ കെ എ ഫ്രാൻസിസ് നിർവഹിക്കുന്നു.

നിരീക്ഷണപാടവമാണു ചിത്രകാരനു വേണ്ട അടിസ്ഥാന ഗുണമെന്നും പ്രകൃതിയിൽ നിന്ന് വൈവിധ്യമാർന്ന നിരവധി നിറങ്ങളുടെ സങ്കലനങ്ങൾ കണ്ടെത്തി സ്വാഭാവിക ചിത്രങ്ങൾ പകർത്തുകയാണ് ചിത്രധർമമെന്നും ലളിതകലാ അക്കാദമി മുൻ ചെയർമാൻ കെ എ ഫ്രാൻസിസ് പറഞ്ഞു. കുട്ടികൾക്കായി സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എടത്തല ശാന്തിഗിരി ആശ്രമത്തിൽ സംഘടിപ്പിച്ച സർഗവസന്തം ചിത്രരചനാ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായി.

ക്യാമ്പ് ഡയറക്ടർ കാരയ്ക്കാമണ്ഡപം വിജയകുമാർ, കാർട്ടൂണിസ്റ്റ് ടി കെ സുജിത്, എസ് ചിത്ര, ജി ഉല്ലാസ്എന്നിവർ പ്രസംഗിച്ചു.

ഏപ്രിൽ 25 മുതൽ 27 വരെ പത്തനംതിട്ട, മാരാമണിൽ വച്ചു നടക്കുന്ന മാധ്യമപഠന ക്യാമ്പ്, മേയ് 3 മുതൽ 5 വരെ തൃശ്ശൂർ, പീച്ചിയിൽ നടക്കുന്ന പരിസ്ഥിതിക്യാമ്പ്, കണ്ണൂർ ജില്ലയിലെ ശിക്ഷക് സദനിൽ മേയ് 8 മുതൽ 10 വരെ നടക്കുന്ന കഥാക്യാമ്പ് എന്നിവയാണ് ഇനി നടക്കാനിരിക്കുന്ന മറ്റു ക്യാമ്പുകൾ.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2018-20

RNI No. 20076/70 May 2018
Regd KL/TV (N)/399/2018-2020 Published on 29-04-2018 Vol:24, Issue:05, ₹20



## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org

## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**

കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.